Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കുംഭം 25 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 മാർച്ച് ൯ | ലക്കം 29

## മാർപ്പാപ്പായുടെ ഗ്രന്ഥശേഖരം

ലോകപ്രസിദ്ധമായ വത്തിക്കാൻലൈബ്രറി ഇന്നു 12-ാംപീയൂസു മാർപ്പാപ്പായുടെ സ്വകാര്യസ്വത്താണെന്നു കേൾക്കുമ്പോൾ സാധാരണക്കാർ അമ്പരന്നുപോകാം. അതെങ്ങിനെ സംഭവിച്ചു എന്നു ആരും ആരാഞ്ഞുപോകും. യഥാർത്ഥത്തിൽ അതങ്ങിനെയാണ്. അതിനു പുറകിൽ 5 നൂററാണ്ടു കാലം പഴക്കമുള്ള ഒരു ചരിത്രമുണ്ടു്. ദിവംഗതനായ 11-ാംപീയൂസ് മാർപ്പാപ്പാ കാലം ചെയ്തപ്പോൾ അവിടുത്തെ വിൽപ്പത്രംമൂലം തിരുമേനിയുടെ സ്വകാര്യസ്വത്തായിരുന്ന വത്തിക്കാൻ ലൈബ്രറി തന്റെ അനന്തരഗാമിക്കു വേണ്ടി നീക്കിവച്ചു. ഇങ്ങനെയൊരു പാരമ്പര്യമാണു് 1454-ൽ വത്തിക്കാൻ ലൈബ്രറിക്കു രൂപം കൊടുത്ത 5-ാംനിക്കോളാസ് മാർപ്പാപ്പായുടെകാലം മുതൽ തുടർച്ചയായി നടന്നുപോരുന്നതു്.

ആരംഭകാലം മുതൽതന്നെ തിരുസഭയെ ഭരിച്ചിരുന്ന മാർപ്പാപ്പാമാർ വിശിഷ്ടങ്ങളായ പുരാതന ചരിത്രരേഖകളെ സൂക്ഷിക്കുന്നതിൽ പൊതുവെ ഉൽസുകരായിരുന്നു എങ്കിലും ഈ പ്രസ്ഥാനം ഓരോരുത്തരുടേയും വ്യക്തിഗതമായ ഭിന്നരുചികൾക്കു വിധേയമായി വൃദ്ധിക്ഷയങ്ങൾക്കു നിദാനമായി കഴിഞ്ഞുകൂടുകയായിരുന്നു. പല പല പ്രമാണരേഖകളും തന്മൂലം കാലാന്തരത്തിൽ നഷ്ടപ്പെടുവാനിടയായിട്ടുണ്ടു്.

1446-ലാണ് 5-ാംനിക്കോളാസ് മാർപ്പാപ്പാ സഭാഭരണം കൈയേററതു്. അദ്ദേഹം ഒരു പ്രൊഫസറായിരുന്ന കാലത്തുതന്നെ ഗ്രന്ഥങ്ങളെ അപാരമായി സ്നേഹിച്ചിരുന്നു. ഒരു വത്തിക്കാൻ ലൈബ്രറിയുടെ നിസ്തുലമായ കഴിവുകളേപ്പററി അദ്ദേഹം വളരെ പ്രത്യാശകൾ അക്കാലത്തു സംഗ്രഹിച്ചിരുന്നു. എങ്കിലും ഒന്നും പ്രവത്തിക്കുന്നതിനു സൗകര്യപ്പെടാതെ കഴിയുകയായിരുന്നു. പാപ്പാസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഈ പ്രതിബന്ധങ്ങളെല്ലാം നീങ്ങി സുഗമമായ പ്രവത്തനത്തിനുള്ള മാർഗ്ഗങ്ങൾ കരഗതമായി. 3500 ഗ്രന്ഥങ്ങൾ സഞ്ചയിച്ചിരുന്ന അദ്ദേഹത്തിന്റെ സ്വന്തം ലൈബ്രറിയും വത്തിക്കാനിലുണ്ടായിരുന്ന ഗ്രന്ഥങ്ങളും ചേത്തു അരമനയിൽതന്നെ ഒരു വകുപ്പു അതിനായി തിരിച്ചു. അന്നു കിട്ടാമായിരുന്ന എല്ലാ പുരാതീന കൈയെഴുത്തുരേഖകളും ഗ്രന്ഥങ്ങളും ശേഖരിക്കുന്നതിൽ തിരുമേനി വ്യാപൃതനായി. ഇംഗ്ലണ്ടിലേക്കും ഗ്രീസിലേക്കും, മദ്ധ്യയൂറോപ്യൻ രാജ്യങ്ങളിലേക്കും, പൂർവ്വദേശങ്ങളിലേക്കും ഏജൻറന്മാരെ അയച്ച് സംഭാവനയായിട്ടും ഉദാരമായ പ്രതിഫലങ്ങൾ കൊടുത്തും കിട്ടാവുന്ന എല്ലാ വിശിഷ്ടഗ്രന്ഥങ്ങളും തിരുമേനി സംഭരിച്ചു. മാർപ്പാപ്പായുടെ ഈ പ്രവത്തനം അന്നത്തെ ലോകത്തിൽ പൊതുവെ പുരാതീനഗ്രന്ഥസംഭരണവിഷയത്തിൽ ഒരു നവചൈതന്യം ഉളവാക്കി. തന്മൂലം മററുവിധത്തിൽ നാശോന്മുഖമായിരുന്ന നിരവധി ഗ്രന്ഥങ്ങളും ലിഖിതങ്ങളും സംരക്ഷിക്കപ്പെടുന്നതിനു ഇടയായി. 5000 ഡുക്കറുകളുടെ ഒരു നിധി വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ മൂലഗ്രന്ഥം കണ്ടുപിടിക്കുന്നതിനു പാരിതോഷികമായി നീക്കിവച്ചു. ഗവേഷണപ്രിയന്മാരായ ശാസ്ത്രജ്ഞന്മാർ ഉന്മേഷപൂർവ്വം രംഗത്തേക്കിറങ്ങി. പലസ്തീനായിലും യൂദയായിലും മററും നിസ്തന്ദ്രമായ ഗവേഷണപ്രവത്തനങ്ങൾ നടന്നു. വിലപ്പെട്ട പല പൂർവ്വരേഖകളും വത്തിക്കാനിലേക്കു പ്രവഹിച്ചു. അഞ്ചാറുകൊല്ലങ്ങൾക്കു മുമ്പു ചെങ്കടലിനു സമീപത്തുള്ള ഒരു യൂദയാഗുഹയിൽനിന്നു "ഐസയാസിന്റെ ഗ്രന്ഥ"ത്തിന്റെ മൂലരേഖ കണ്ടെടുത്തതു ഈ സുദീർഘമായ പ്രയത്നത്തിന്റെ ഏറ്റം അധുനാതനമായ നേട്ടമായി പരിഗണിക്കാം.


പല പുരാതീനരേഖകളും ഇപ്രകാരം സംഭരിക്കപ്പെട്ടുവെങ്കിലും അവയിൽ പലതും നാശോന്മുഖമായിരുന്നു. അതുകൊണ്ടു മാർപ്പാപ്പാ അങ്ങിനെയുള്ള രേഖകളെല്ലാം പകർത്തിയെഴുതിക്കുന്നതിനുള്ള സംരംഭം സമാരംഭിച്ചു. നിരവധി സന്യാസികൾ അവരുടെ ജീവിതകാലം മുഴുവനും ഉറപ്പുള്ള പാർച്ചുമെൻറുകളിൽ ഈ രേഖകൾ പകത്തുന്നതിനും അവയെ ഭദ്രമായി ബയൻറുചെയ്തു സൂക്ഷിക്കുന്നതിനും നിയോഗിക്കപ്പെട്ടു. നിരന്തരമായ ഈ ശ്രമഫലമായി 7000ത്തിൽപരം പ്രമാണരേഖകൾ പകത്തിയെഴുതി 1200 വാലിയങ്ങളായി ബയൻറുചെയ്തു വത്തിക്കാൻ ലൈബ്രറിയിൽ നിക്ഷേപിക്കപ്പെട്ടു. ലോകത്തിൽ അനന്യലഭ്യമായ വിലതീരാത്ത ഗ്രന്ഥസഞ്ചയമാണിതു്.

ഇക്കാലത്താണു് മേയൻസു് എന്ന സ്ഥലത്തു ഗുട്ടൻബെർഗ്ഗ് എന്ന ദേഹം അച്ചടിയന്ത്രം കണ്ടുപിടിച്ചതു്. 5-ാംനിക്കോളാസ് മാർപ്പാപ്പാ ഇതറിഞ്ഞ ഉടനെ ആ മാതൃകയിൽ ഒരച്ചടിയന്ത്രം വത്തിക്കാനിലും സ്ഥാപിച്ചു. "പകത്തിയെഴുത്തുകാരുടെ പട്ടാള"ത്തെ മററു ജോലികളിലേക്കു നിയോഗിക്കുകയും പ്രസ്തുത യന്ത്രംവഴി നാശോന്മുഖമായ ഗ്രന്ഥങ്ങളുടെ പുതിയ പതിപ്പുകൾ അച്ചടിക്കുന്നതിനാരംഭിക്കുകയും ചെയ്തു. ഇതായിരുന്നു പ്രഖ്യാതമായ വത്തിക്കാൻ ലൈബ്രറിയുടെ സമാരംഭചരിത്രം. അന്നു മുതൽ ഓരോ മാർപ്പാപ്പായും വത്തിക്കാൻ ലൈബ്രറിയെ അവിടുത്തെ സ്വകാര്യസ്വത്തായി സംരക്ഷിക്കുകയും വിൽപത്രംവഴി അടുത്ത മാർപ്പാപ്പായ്ക്കു കൈമാറുകയുമാണു് ചെയ്യുന്നതു്.

വിജ്ഞാനകേദാരമായ കിടയററ വത്തിക്കാൻ ലൈബ്രറിയുടെ അനന്തരപരിണാമങ്ങളെപ്പററി ചില വിവരങ്ങൾ അറിയുന്നതു രസാവഹമാണല്ലോ. 5-ാംനിക്കോളാസ് മാർപ്പാപ്പായുടെ കാലശേഷം കാൽശതാബ്ദത്തോളം ഈ പ്രസ്ഥാനം മന്ദഗതിയിൽ കിടന്നു. 1471-ൽ 4-ാംസിക്സ്റ്റസ് മാർപ്പാപ്പായാണു് വീണ്ടും അതിന്റെ പരിപോഷണത്തിൽ ശ്രദ്ധിച്ചതു്. പണ്ഡിതന്മാർ വത്തിക്കാൻ ലൈബ്രറിയിലേക്കു വീണ്ടും പ്രവഹിക്കുവാൻ തുടങ്ങി. അവിടെ സംഭരിച്ചിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളെ പരിശോധിച്ചു പഠനം നടത്തുന്നതിനു ആക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. പക്ഷെ ഈ അനുമതി അധികകാലം തുടരുന്നതിനു സാധിച്ചില്ല. വിലപ്പെട്ട ഗ്രന്ഥങ്ങൾ അപ്രത്യക്ഷമായി തുടങ്ങി. അതുകൊണ്ടു പല നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടതായി വന്നു. ആദ്യം പുസ്തകം എടുത്തുകൊണ്ടുപോകുന്നതിനു ജാമ്യത്തുകകൾ അടയ്ക്കണമെന്നു നിശ്ചയിച്ചു. പക്ഷെ നിർദ്ധനരായ പണ്ഡിതന്മാക്കു അതു ദുർവ്വഹമായിരുന്നു. ഗ്രന്ഥശാലയിൽ ഇരുന്നുതന്നെ അവയെ പരിശോധിക്കുന്നതിനു പിന്നീടനുവദിക്കപ്പെട്ടു. അവ നഷ്ടപ്പെടാതിരിക്കുന്നതിനു അക്കാലത്താണു് വിശിഷ്ടഗ്രന്ഥങ്ങൾ ചങ്ങലകൊണ്ടു പൂട്ടിയിടുന്ന സമ്പ്രദായം നടപ്പിലാക്കിയതു്. 1605 വരെ ഈ ക്രമം നടപ്പിലിരുന്നതായി കാണുന്നു. സഭാശത്രുക്കൾ ജല്പിക്കാറുള്ളതുപോലെ പുസ്തകം തുറന്നു വായിക്കാതിരിക്കാനല്ല പൂട്ടും താക്കോലും ഉപയോഗിച്ചതു്. എല്ലാവക്കും തുറന്നു വായിക്കുന്നതിനു സൗകര്യപ്പെടുത്തുന്നതിനും അതേസമയം പുസ്തകം നഷ്ടപ്പെടാതിരിക്കുന്നതിനുമാണു് അവ ബന്ധിക്കപ്പെട്ടിരുന്നതു്. ആ ചങ്ങലകളും പൂട്ടുകളുമെല്ലാം ഇന്നു വത്തിക്കാൻ മ്യൂസിയത്തിലെ കൗതുകകാഴ്ച സാധനങ്ങളായിരിക്കുകയാണു്.

1585-ൽ 5-ാം സിക്സ്റ്റസ് മാർപ്പാപ്പാ ഗ്രന്ഥങ്ങൾ ശരിയായി സൂക്ഷിക്കുന്നതിനും സുകരമായി ഉപയോഗിക്കുന്നതിനും പ

(ശേഷം 3-ാംപേജിൽ)



**പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ നീണാൾ വാഴട്ടെ!**

പാപ്പാദിനം മാർച്ച് 6 — കിരീടധാരണം മാർച്ച് 12

# പേരു മാററാം

(ഫാദർ ജക്കബ പുലിക്കാടൻ എസ്. ജെ.)

പ്രായശ്ചിത്തപ്രവൃത്തികൾ പുരോഗമനപരങ്ങളല്ലെന്നും, അവ അത്യാവശ്യങ്ങളല്ലെന്നും കരുതുന്നവരുണ്ട്. അവയെപ്പററി കേൾക്കുവാനിടവന്നാൽ നെററിചുളിപ്പിക്കുന്നവരും അനേകരാണ്. അവയുടെ അനുഷ്ഠാനത്തിനുള്ള കടമ തങ്ങൾക്കില്ലെന്നു സങ്കല്പിച്ച്, അവയെപ്പററി ചിന്തിക്കുന്നതിനുപോലും മടിക്കുന്നവരുണ്ട്.

പാവനങ്ങളായ സനാതനതത്വങ്ങൾക്ക് അണുപോലും അന്തരംവരുത്തുന്നതിനേക്കാൾ, നരകയാതനകളാൽ മൃതിയടയുന്നതായിരിക്കും ഉത്തമമെന്നു നിശ്ചയിച്ച അരുളാനന്ദസ്വാമികൾ — വിശുദ്ധ ജോൺ ബ്രിട്ടോ — ഇവരോട് എന്തുപറയും? "ഭയപ്പെടേണ്ടാ, വേദസാക്ഷിത്വം വി. പത്രോസിനും പൗലോസിനും മാത്രം ലഭിക്കാവുന്ന മഹത്വമല്ല. നിങ്ങൾക്കും, എനിക്കും, മററനേകർക്കും അതിനു് സാദ്ധ്യതയുണ്ട്..." സഹനശാസ്ത്രത്തിൽ വിഖ്യാതി നേടിയ അൽഫോൻസാമ്മയുടെ ഈ വാക്കുകൾ കുറേക്കൂടി സുഗ്രാഹ്യമായിരിക്കും കേരളീയർക്ക്. ആ അമ്മയ്ക്കറിയാം, നിരവധിയാളുകൾ പ്രായശ്ചിത്തമെന്നു കേൾക്കുമ്പോൾ ഭയവിഹ്വലരാകാറുണ്ടെന്ന്. ലൂർദ്ദിലെയും, ഫാത്തിമായിലെയും പ്രായശ്ചിത്തസൂക്തങ്ങൾ പുറപ്പെടുവിച്ച അലകൾ, അകലംകൊണ്ടായിരിക്കാം, അമ്മയുടെ നാട്ടുകാരിൽ പലരുടേയും ശ്രവണപുടങ്ങളിൽ ആഴമായി പതിഞ്ഞിട്ടില്ലാത്തതു്. ദാഹിക്കുമ്പോൾ ഉടനെതന്നെ എന്തെങ്കിലും കുടിക്കാതെ, ഈശോയെപ്രതി അല്പനേരമെങ്കിലും ദാഹത്തെ നിയന്ത്രിക്കുന്നതു് നല്ലതായിരിക്കുമെന്നു് അൽഫോൻസാമ്മ ആരോടെങ്കിലും പറയുകയാണെന്നു സങ്കല്പിക്കുക. മറുപടിയായി, ദാഹം, വിശപ്പു മുതലായ ശരീരാവശ്യങ്ങളെ സമയോചിതം അടക്കിയില്ലെങ്കിൽ ശരീരത്തിനു വന്നേക്കാവുന്ന ആരോഗ്യഹാനിയെപ്പററി, ശാസ്ത്രീയമായ ഒരു പ്രസംഗം കേൾക്കുവാൻ ആ മഹതീമണി ഒരുപക്ഷെ നിർബന്ധിതയാകും.

പരിത്യാഗപ്രവൃത്തികളിൽനിന്നു പലരേയും അകററി നിർത്തുന്നതു് ഇന്നത്തെ പരിതസ്ഥിതികളാണെന്നു് ഒരുപക്ഷെ പറയാം. കാറല്ലെങ്കിൽ വിമാനം, നാടകമല്ലെങ്കിൽ സിനിമ, നടനമല്ലെങ്കിൽ നൃത്തം എന്നിങ്ങനെ നൂറുകൂട്ടം കാര്യങ്ങളിലാണു പലരുടേയും ശ്രദ്ധ. പാവനങ്ങളായ കാര്യങ്ങളുടെ ആകർഷണീയത കാണാൻ സാധിക്കാത്തതാണ് പ്രസ്തുത പരിതസ്ഥിതികളിൽ ഏററവും പരിതാപകരമായിരിക്കുന്നതു്. "പ്രായശ്ചിത്തം" എന്നതു് എന്താണെന്നു ചോദിച്ചാൽ, അതേപ്പററി സമഗ്രമായ ഒരു വിശദീകരണം നൽകുന്നതിനു കഴിവുള്ളവർ വിരളമായിരിക്കും. ആ അജ്ഞതയായിരിക്കാം അതേപ്പററിയുള്ള ഭയവും അവജ്ഞയും പുലർത്തിപ്പോരുന്നതിനു കാരണം.

പ്രായശ്ചിത്തത്തിൻെറ പേരു മാററാം. അതിനെ "സമർപ്പണം" എന്നോ, "തിരുമുല്ക്കാഴ്ച"യെന്നോ വിളിക്കാം. ആബേൽ അവൻെറ ആരാമത്തിലെ ആദ്യഫലങ്ങൾ ദൈവത്തിനു സമർപ്പിച്ചു. അബ്രാഹം തൻെറ പ്രേമകുമാരനെ അവിടുത്തേക്കു കാഴ്ചവെച്ചു. ഇപ്രകാരം ആരെല്ലാം സൃഷ്ടികളുടെ പരമഉടമസ്ഥനു അവിടുത്തെ വസ്തുവകകൾ തിരിച്ചുകൊടുക്കുന്നുവോ, അവരേവരും "പ്രായശ്ചിത്ത"മാണു ചെയ്യുന്നതു്. വേദോപദേശപുസ്തകത്തിലുണ്ടു്, പ്രായശ്ചിത്തക്രിയകൾ അപേക്ഷയും, ഉപവാസവും, ദാനധർമ്മവുമാണെന്നു്. സമർപ്പണമെന്ന ക്രിയയിൽ ഇവ മൂന്നും അടങ്ങിയിരിക്കുന്നുണ്ടു്. ഗാഗുൽത്താ മലമുകളിൽ നടന്ന ബലിയർപ്പണത്തെ പരിശോധിച്ചാൽ മതി, ഈ പരമാർത്ഥം പ്രകടമായി നമുക്കു മനസ്സിലാക്കാൻ.

അങ്ങനെയെങ്കിൽ, പ്രായശ്ചിത്തം ഒരു ഭയങ്കരസത്വമല്ല. അതു ക്രിസ്തീയജീവിതത്തിൻെറ തറക്കല്ലാണു്. ജ്ഞാനസ്നാനത്താൽ പ്രതിഷ്ഠിതമാകുന്ന ക്രിസ്തീയജീവിതമാകുന്ന മോഹനസൗധം അതിന്മേൽ നിലയുറപ്പിക്കുന്നു. സ്വയസമർപ്പണമാണു ക്രിസ്തീയപരിശുദ്ധത എന്നു പറയാമെങ്കിൽ സ്വയപരിത്യാഗം അതിൻെറ മറെറാരുവശം മാത്രമാണു്. അതാണു് ലോകകമ്പനങ്ങളിൽ മുങ്ങിപ്പോകാതെ ക്രിസ്തീയജീവിതത്തെ പരിരക്ഷിച്ച്, നിരന്തരമായും നിശ്ചലമായും അതിനെ താങ്ങിനിറുത്തുന്ന അസ്ഥിവാരം. ഇതു് അതിശയോക്തിയല്ല, പരമാർത്ഥംമാത്രമാണു്.

ക്രൈസ്തവനാവുക എന്നതിൽ സ്വയപരിത്യാഗം വരിക്കുകയാണു യഥാർത്ഥത്തിൽ നടക്കുന്നതെന്നു പറയാം. "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ", എന്നു പറയുവാൻ നാവു് അനക്കുമ്പോൾ, ദാഹശമനം ക്രിസ്തുവിനെപ്രതി നീട്ടിവയ്ക്കുമ്പോൾ, അല്ലെങ്കിൽ അതുപോലെ, ക്രിസ്തീയപുണ്യമെന്നു പറയപ്പെടാവുന്ന ഏതെങ്കിലും പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ നാം അനുഷ്ഠിക്കുന്നതു പ്രായശ്ചിത്തമാണു്. നമ്മുടെമേൽ സ്വർഗ്ഗപിതാവിനുള്ള പരമമായ ഉടമസ്ഥതയെ ഈദൃശപ്രവർത്തനങ്ങളാൽ നാം സമ്മതിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. അതാണു് ഇഹത്തിൽ മനുഷ്യർക്കു ചെയ്യുവാൻ പാടുള്ളവയിൽവെച്ചു ഏററവും ആശാസ്യമായിട്ടുള്ളതും.

മാനുഷമൗഢ്യമെന്ന പൊട്ടക്കുളത്തിൽ അടിഞ്ഞുകൂടുന്ന ചപ്പുകൾ പലതാണു്. ഈലോകവസ്തുക്കളെപ്പററിയുള്ള തെററിദ്ധാരണ അവയിലൊന്നാണു്. അതങ്ങു മാററുക, അപ്പോൾ കാണാം പ്രായശ്ചിത്തമെന്ന ആ ത്രിപാർശ്വവജ്റം. ക്രിസ്തീയചൈതന്യമാകുന്ന ശുഭ്രശോഭയുടെ സഹായത്താൽ, പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്ന അതിൻെറ മൂന്നുവശങ്ങളെ നിഷ്പ്രയാസം ദർശിക്കുവാൻ അപ്പോൾ നമുക്കു കഴിയും. മാത്രമല്ല പ്രസ്തുത വജ്റശോഭ കൺകുളിർക്കെ കണ്ടാനന്ദിക്കുന്നതിനും, അതിൽ അതീവമായ ആനന്ദം കണ്ടെത്തുന്നതിനുപോലും നമുക്കു ആഗ്രഹം ജനിക്കും. അതല്ലേ, പശ്ചാത്താപമാണു പ്രായശ്ചിത്തമെന്നു് അക്രൈസ്തവകവികളെപ്പോലും ഗ്രഹിപ്പിച്ച മഗ്ദലനമറിയം ചെയ്തതു്? അതല്ലേ ആബേൽ തുടങ്ങി അൽഫോൻസാമ്മവരെയുള്ളവർ ചെയ്തതു്? അതല്ലേ കാർഡിനൽ മിൻസെന്തി മുതൽ മററനേകർ ഹങ്കറിയിലും മററും ചെയ്തതു്?

വിഷകരമായ മേത്തോന്നിച്ചെടി കറിക്കുപററിയ ചീരയാണെന്നു് ആരും പറയുന്നില്ല. പാഷാണം കറിയിൽ ചേർക്കാവുന്ന പുഴുക്കമരുന്നുകളുടെ കൂട്ടത്തിൽ പെടുത്തണമെന്നും പറയുന്നില്ല. ചീര ചീരയാണെന്നും, പുഴുക്കമരുന്നു നല്ലതാണെന്നും മാത്രം പറഞ്ഞു. വർഷകാലത്തു രാത്രിയിൽ ശവക്കോട്ടയിൽ അങ്ങുമിങ്ങും കാണാറുള്ള തീജ്ജ്വാലകൾ "തീപ്പോട്ടി"യെന്ന പിശാചല്ല, പിന്നെയോ, എല്ലുകഷണങ്ങളിലുള്ള ഫോസ്ഫറസ്സ് ജലസ്പർശമേററു കത്തുന്നതാണെന്നു ഭീരുവായ തൻെറ ചങ്ങാതിയെ ധരിപ്പിക്കുന്നതുപോലെ, നിഴലിനെ ചൂണ്ടിക്കാട്ടി, "അതു പാമ്പാച്ചിയാ കുഞ്ഞേ" എന്നു പറയാത്തതുപോലെ, പ്രായശ്ചിത്തത്തെ തീപ്പോട്ടിയോ, പാമ്പാച്ചിയോ, ആയി ചിത്രീകരിക്കപ്പെടാതിരിക്കട്ടെ.

ഒന്നു തീർച്ചയാണു്; പ്രായശ്ചിത്തം അവളുടെ ഈ പഴയ പേരു മാററി, നൈസർഗ്ഗികമായ അതിൻെറ ആകർഷണീയതയിൽ ക്രൈസ്തവരെ അഭിമുഖീകരിക്കുകയാണെങ്കിൽ, സ്വർഗ്ഗീയസോപാനത്തിലേക്കു് ആത്മാക്കളെ കയററുന്ന ആ ധാത്രീമണിയുടെ സഹായം കൂടുതൽ ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കും. സ്വയപരിത്യാഗമെന്നോ, സ്വയസമർപ്പണമെന്നോ അവൾ വിളിക്കപ്പെടട്ടെ അപ്പോൾ കേൾക്കാം, നമ്മുടെ നാട്ടിൽ സ്വയപരിത്യാഗത്തിനു ജൈ വിളിക്കുന്ന ശബ്ദഘോഷം. അർത്ഥസമ്പൂർണ്ണമായ ഒരാർപ്പുവിളി!

തിന്മയിലേക്കുള്ള ശരീരത്തിൻെറ ചാച്ചിലിനെ തപഃക്രിയകളാൽ കുറയ്ക്കുകയും, തദ്വാര ദൈവത്തിലുള്ള ആത്മാവിൻെറ ആശ്രിതത്വം പ്രകടിപ്പിക്കുവാൻ യത്നിക്കുകയും ചെയ്യണമെന്നു കത്തോലിക്കരെ ഹൃദയാവർജ്ജകമായ നോമ്പുകാലകർമ്മങ്ങൾ ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിലും, ഉപവാസത്തിലും, ദാനധർമ്മത്തിലും സ്ഥലകാല വ്യത്യാസങ്ങളനുസരിച്ച് ചില ഭേദഗതികൾ ഓരോരുത്തർക്കും യഥാക്രമം വരുത്താവുന്നതാണു്; വരുത്തേണ്ടതുമത്രേ. എന്നാൽ പ്രസ്തുതഭേദഗതിനിർണ്ണയത്തിൽ സ്വകീയമായ തീരുമാനത്തേക്കാൾ ആശാസ്യമായതു് സഭാധികാരികളുടെ നിശ്ചയങ്ങളായിരിക്കുമെന്നു ഓർമ്മിക്കേണ്ടതാണു്. അതിനാൽ അവർക്കുളവാകുന്ന നന്മകളും നിരവധിയാണു്. ചില ഉദാഹരണങ്ങൾകൊണ്ടു വെളിവാക്കാം.

പാപസങ്കീർത്തനത്തിനണയുന്നതു ശ്രേഷ്ഠമായൊരു സ്വയസമർപ്പണമാണു്. അതിൽ വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേററുകയെന്നതു് ആ സമർപ്പണത്തിൻെറ ഒരു ഘടകം മാത്രവുമാണു്. ചിലർ ഈ സ്വയസമർപ്പണം ആഴ്ചയിലൊരിക്കൽ കൃത്യമായിനടത്തുന്നു. മററനേകർ അതു മാസത്തിലൊരിക്കലോ, പല മാസങ്ങൾ കൂടിയോ മതിയെന്നു തീരുമാനിക്കുന്നു. ഈ അലസതയെ ജയിക്കുന്നതിനു നോമ്പുകാലം ഒരവസരമാക്കുക.

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:- ആലുവാ റെയിൽവേസ്റ്റേഷനു സമീപം.
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

## സംഭവകഥകൾ

### ജപമാല ഉന്മേഷം നൽകും

ഒരിക്കൽ സുപ്രസിദ്ധ യൂറോപ്യൻ സംഗീതവിദഗ്ദ്ധനായ ജോസഫ് ഹെയ്ഡൻ വേറെ ചില സംഗീതവിദഗ്ദ്ധന്മാരോടുകൂടി ഒരു സുഹൃൽസമ്മേളനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. അതിനിടക്കു ഒരാൾ ഒരു തർക്കവിഷയം ഉന്നയിച്ചു. കഠിനമായ മാനസികജോലി ചെയ്തുകഴിഞ്ഞു് മനസ്സിനു് വീണ്ടും ഉന്മേഷം പ്രദാനം ചെയ്യേണ്ടതു് എങ്ങിനെ എന്നതായിരുന്നു ആ വിഷമപ്രശ്നം. ഇതിനു് പലരും പല മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. അല്പം മദ്യം സേവിച്ചാൽ മനസ്സിനു് നല്ല ഉണർവുണ്ടാകും എന്നു് ഒരാൾ അഭിപ്രായപ്പെട്ടു. ജോലിചെയ്തു വല്ലാതെ മുഷിയുമ്പോൾ ജോലിനിറുത്തി സുഹൃത്തുക്കളുമൊത്തു് വെടിപറയുന്നതാണു് ഉത്തമമാർഗ്ഗം എന്നു് അപരൻ പറഞ്ഞു. ഇതേപ്പററി ജോസഫ് ഹെയ്ഡനിൻെറ അഭിപ്രായവും ഒടുവിൽ അവർ ആരാഞ്ഞു. അപ്പോൾ അദ്ദേഹം ശാന്തനായി ഇങ്ങനെ മറുപടി പറഞ്ഞു: "എൻെറ പോക്കററിലുള്ള ജപമാല എടുത്തു ഏതാനും രഹസ്യങ്ങൾ ജപിച്ചുകഴിയുമ്പോൾ എൻെറ ശരീരത്തിനും മനസ്സിനും ഒരുപോലെ ഉന്മേഷമുണ്ടാകുന്നു."

---

"വല്ലതും തരണേ" എന്ന വിളിയോടെ പടിക്കൽ വരുന്ന എല്ലാവർക്കും വല്ലതും കൊടുക്കുവാൻ ചില വീട്ടമ്മമാർക്കു ഉത്സാഹമുണ്ടു്. മററനേകം കുടുംബിനികളാ, അത്തരം അർപ്പണം നടത്തുന്നതു് അത്ര ഉദാരമായിട്ടായിരിക്കയില്ല. ഏതായാലും പരിത്യാഗപ്രവർത്തനങ്ങൾക്കു നൽകേണ്ട സ്വീകരണം ഓരോ വ്യക്തിയുടേയും അന്തസ്സിനും സൗകര്യത്തിനും യോജിച്ചതായിരിക്കണമെന്നു ഓർമ്മിക്കണം.

വിശുദ്ധ പത്രോസു പറയുന്നതുപോലെ "ലോകത്തിലെ ദുരാശകളാലുള്ള നാശത്തിൽനിന്നു് ഓടിയകന്നു്, ദൈവസ്വഭാവത്തിൻെറ പങ്കുകാരായി"ത്തീരേണ്ട വിധത്തിൽ എല്ലാ ചുമതലകളും നിർവ്വഹിക്കുവാൻ സർവ്വാത്മനാ യത്നിക്കുന്നവരാരോ, അവരെല്ലാം പ്രായശ്ചിത്തനിർവ്വഹണത്തിൽ പ്രവീണരാണെന്നു് ചുരുക്കത്തിൽ പറയാം. ശ്ലീഹായുടെ നിർണ്ണയം ആരെയും ധൈര്യപ്പെടുത്തുന്നതാണല്ലോ. "ജഡമെല്ലാം പുല്ലും, അതിൻെറ ഭംഗിമുഴുവൻ വയലിലെ പുഷ്പംപോലെയുമാകുന്നു" എന്നു നമ്മെഗ്രഹിപ്പിച്ചിട്ടുള്ളതും ശ്ലീഹാതന്നെയാണു്. പോരെങ്കിൽ സമർപ്പണബലിയിൽ ഒരിക്കൽ ദഹിച്ചു ചാമ്പലായാൽ പിന്നെ, ജഡമെല്ലാം പുല്ലുതന്നെയോ, അഥവാ അനശ്വരമായ വേറെ വല്ലതുമാണോ എന്ന സംശയം ആരെയും അമ്പരപ്പിക്കുകയില്ലെന്ന ഒരാശ്വാസവും നമുക്കുണ്ടു്. അതാണു്, കുരിശുകളും സങ്കടങ്ങളും സധൈര്യം, സസന്തോഷം ആലിംഗനംചെയ്യുന്നതിനു നമ്മെ സഹായിക്കേണ്ടതും, സദാ സന്നദ്ധരാക്കേണ്ടതും.

"തൻെറ കുരിശെടുത്തു് എൻെറ പിന്നാലെ വരാത്ത ഒരുത്തനും എനിക്കു യോഗ്യനല്ല" എന്നു ദിവ്യരക്ഷകൻ അവിടുത്തെ ആദ്യശിഷ്യരോട് അരുളിച്ചെയ്തു. സ്വയസമർപ്പണമെന്നല്ലേ കുരിശെന്ന പദംകൊണ്ടു് മിശിഹാ വിവക്ഷിച്ചതു്? അതുതന്നെയല്ലേ പ്രായശ്ചിത്തമെന്ന പദംകൊണ്ടു് നാളിതുവരെ നാം വിവക്ഷിച്ചിരുന്നതും? എരിയുന്ന ദൈവസ്നേഹവും അതിൽനിന്നുത്ഭവിക്കുന്ന പ്രേഷിതചൈതന്യവുമാണു് ബഹുഭൂരിപക്ഷം ക്രൈസ്തവരെ സഹനസന്നദ്ധരാക്കുവാൻ സഹായിക്കുന്നതെന്നറിയുമ്പോൾ, സ്വയസമർപ്പണം ആനന്ദദായകമാണെന്നു സമ്മതിച്ചേ മതിയാവൂ. അതിൻെറ മഹിമയെപ്പററി ആലോചിക്കുംതോറും, അതിൻെറ ആകർഷണീയത നമ്മെ പ്രവൃത്തിനിരതരാക്കുകയും ചെയ്യും.

പ്രായശ്ചിത്തമെന്ന ആ അക്ഷരചതുഷ്ടയത്തെ നമുക്കു്, ദൈവസ്നേഹമാകുന്ന തീച്ചൂളയിലേക്കു് എറിഞ്ഞു കൊടുക്കാം. അതിൽനിന്നു പുറപ്പെടുന്ന അർപ്പണധൂപത്തിൽ നമുക്കു അനുഭവവേദ്യമാകുന്ന തൂമണം ഗദ്സമെനിതോട്ടത്തിലെ പുഷ്പങ്ങൾക്കുണ്ടായിരുന്ന സുഗന്ധത്തോടനുപമമായിരിക്കും. അതിനെ മതിവരുവോളം ആസ്വദിക്കുവാൻ നമുക്കു സന്നദ്ധരാകാം.

### കുമ്പസാരരഹസ്യം

കത്തോലിക്കാസഭ ആണ്ടിലൊരിക്കലെങ്കിലും പാപസങ്കീർത്തനം ചെയ്യുവാൻ തൻെറ മക്കളോടു ആജ്ഞാപിക്കുന്നതിനോടൊപ്പം തന്നെ കുമ്പസാരരഹസ്യം ഭദ്രമായി സൂക്ഷിക്കുമെന്നു് ഉറപ്പുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ വിഭിന്ന സഹോദരർ ഈ വാഗ്ദാനത്തിനു ഒരു അപവാദം കണ്ടുപിടിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്നുണ്ടു്. അതിനുദാഹരണമായ ഒരു സംഭവം Holy name Journal എന്ന അമേരിക്കൻ മാസികയിൽ കൊടുത്തിരിക്കുന്നതു് ശ്രദ്ധേയമാണു്. മതത്യാഗിയായ ഒരു കത്തോലിക്കാപുരോഹിതൻ ഒരു നിരീശ്വരസംഘടനയിലെ പ്രമുഖപ്രവർത്തകനായിത്തീർന്നു. അദ്ദേഹം കത്തോലിക്കാസഭയ്ക്കു് എതിരായി അനേകം കമ്മ്യൂണിസ്റ്റു ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തിവന്നു. ഒരിക്കൽ അദ്ദേഹം ഒരു ഗംഭീരസദസ്സിനെ അഭിമുഖീകരിച്ചു് പ്രസംഗിച്ചുകൊണ്ടിരിക്കവേ പതിവുപോലെ ചോദ്യങ്ങൾ ചോദിക്കുവാൻ ശ്രോതാക്കൾക്കു് അനുവാദം നൽകി. ഉടൻ ഒരാൾ എഴുന്നേററു് ഇങ്ങനെ ചോദിച്ചു: "താങ്കൾ ഒരു കത്തോലിക്കാപുരോഹിതനായിരിക്കുമ്പോൾ ധാരാളം പാപനിവേദനങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. എന്നാൽ നിങ്ങൾക്കു് ഇപ്പോൾ മതപരമായ ബാദ്ധ്യതകളൊന്നുമില്ലാത്തതുകൊണ്ടു് ആ കുമ്പസാരരഹസ്യങ്ങളിൽ ചിലതു വെളിപ്പെടുത്തുന്നതിൽ വല്ല വിരോധവുമുണ്ടോ?"

ആ പ്രാസംഗികൻ കുറേനേരം മൗനം അവലംബിച്ചുശേഷം ഇങ്ങനെ മറുപടി പറഞ്ഞു:- "ഞാൻ പണ്ടു കത്തോലിക്കാവൈദികനായിരുന്നപ്പോൾ നടന്ന പലപല സംഭവങ്ങളെക്കുറിച്ചും എനിക്കു നല്ല ഓർമ്മയുണ്ടെങ്കിലും അന്നു് എൻെറ പക്കൽ കുമ്പസാരിച്ചവർ ആരാണെന്നോ അവരുടെ പാപങ്ങൾ എന്താണെന്നോ ഓർമ്മിക്കുവാൻ എനിക്കു സാധിക്കുന്നില്ല. അഥവാ സാധിച്ചാൽ തന്നെയും ഞാൻ ഇപ്പോൾ അതു ആവർത്തിക്കുകയില്ല. അനുതാപികൾ ദൈവത്തിൻെറ പ്രതിനിധിയെന്ന നിലയിലാണു് അന്നു എന്നെ സമീപിച്ചതു്. അന്നു് അവർ എന്നിൽ നിക്ഷേപിച്ച വിശ്വാസത്തെ യാതൊരു വിധത്തിലും ഞാൻ വഞ്ചിക്കുകയില്ല. അതു മനുഷ്യോചിതമല്ലതന്നെ."

(റോസമ്മ ജോബ് കാട്ടൂർ)

—o—

(1-ാംപേജ് തുടർച്ച)

റിയ ഒരു പ്രത്യേക ഗ്രന്ഥാലയം 184 അടി നീളത്തിലും 57 അടി വീതിയിലും പണികഴിപ്പിച്ചു. ഇതാണു് സിക്സ്റ്റൈൻ ലൈബ്രറി എന്നറിയപ്പെടുന്നതു്. അന്നുമുതൽ തുടർച്ചയായി വത്തിക്കാൻ ലൈബ്രറി വളർന്നുവരികയാണു്. സംഭാവനയായും വിലയ്ക്കുവാങ്ങിയതായും അനേകലക്ഷം ഗ്രന്ഥങ്ങൾ അവിടെ സഞ്ചയിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. അതിപ്രാചീനമായ ഗ്രീക്കു്, ലാററിൻ കൈയെഴുത്തുകൾ മുതൽ ഏററം അധുനാതനമായ ഗ്രന്ഥങ്ങൾവരെ അവിടെ നമുക്കു കാണുവാൻ കഴിയും. 4-ാം നൂററാണ്ടിലെ വേദപുസ്തകവും, വളരെ നേർമ്മയായ കടലാസിൽ എഴുതിയിട്ടുള്ള അതിപുരാതീനമായ ചൈനീസ് പുസ്തകവും, പെട്രാർക്കിന്റെയും ടാസ്സോയുടെയും സ്വഹസ്തലിഖിതങ്ങളും, ഹീബ്രൂ വേദപുസ്തകവും സുവിശേഷങ്ങളുടെ ബിസൻറയിൻ കൈയെഴുത്തുപ്രതികളും, ടെറെൻസ്, വിർജിൽ എന്നിവരുടെ 9-ാം നൂററാണ്ടിലെ ഒരു കൈയെഴുത്തുഗ്രന്ഥം മുതലായി വളരെ അപൂർവ്വമായ ഗ്രന്ഥങ്ങളാണു ഈ ശേഖരത്തിലുള്ളതു്.

വത്തിക്കാൻ ഗ്രന്ഥശേഖരം വിസ്തൃതമായതോടൊപ്പം സംഖ്യാതീതമായ പ്രസ്തുത ഗ്രന്ഥങ്ങളുടെ ശരിയായ ഒരു ലിസ്റ്റില്ലാത്ത വിഷമതയാണു് പിന്നീടു തരണം ചെയ്യപ്പെടേണ്ടിവന്നതു്. അവസാനം 13-ാം ലെയോൻ മാർപ്പാപ്പായുടെ കാലത്തു ഈ ഭഗീരഥ പ്രയത്നം മുഴമിപ്പിച്ചു. 60000 കൈയെഴുത്തു ഗ്രന്ഥങ്ങളും 5 ലക്ഷം അച്ചടിപ്പുസ്തകങ്ങളും പട്ടികയാക്കി ക്രമപ്പെടുത്തിയശേഷം ഗ്രന്ഥശാല വീണ്ടും പൊതുവുപയോഗത്തിനായി തുറന്നുകൊടുത്തു. ഉപകാരപ്രദമായ ഈ സേവനം വിവിധരാജ്യങ്ങളിലെ ജനങ്ങളുടെ സംതൃപ്തിയും അനുമോദനവും ആർജ്ജിച്ചു. ഏതു ഗ്രന്ഥവും വലിയ വിഷമം കൂടാതെ എടുത്തു പരിശോധിക്കത്തക്ക ക്രമീകരണം ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥാലയത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹം തന്നെയാണെന്നു പറയേണ്ടല്ലോ. ഈവിധത്തിൽ ക്രമപ്പെടുത്തുന്നതിനും ഉപകാരപ്രദമാക്കുന്നതിനും വിവിധ രാജ്യങ്ങളിൽനിന്നും വീണ്ടും വീണ്ടും ഗ്രന്ഥശേഖരങ്ങൾ വത്തിക്കാനിലേക്കു വന്നുചേർന്നുകൊണ്ടിരുന്നു. വത്തിക്കാൻ ലൈബ്രറിയുടെ പ്രവർത്തനത്തിൽ മായാത്ത മുദ്രകൾ പതിച്ചിട്ടുള്ള സുഭഗസ്മരണാർഹനായ പരിശുദ്ധ പിതാവു് 11-ാം പീയൂസ് തിരുമേനിയാണു് ഈ ഗ്രന്ഥപ്രവാഹത്തെയും മററും നിയന്ത്രിച്ചു് 80,000 അച്ചടിപ്പുസ്തകങ്ങളെയും 65000 കൈയെഴുത്തുഗ്രന്ഥങ്ങളെയും തരംതിരിച്ചു അതതു വകുപ്പുകളിൽ നിക്ഷേപിച്ചതു്.

11-ാം പീയൂസ് മാർപ്പാപ്പായുടെ കാലത്താണു് ഏററം അധുനാതനമായ സജ്ജീകരണങ്ങൾ വത്തിക്കാൻ ലൈബ്രറിയിൽ ഏർപ്പെടുത്തപ്പെട്ടതു്. മോർഗൻ ഫൗണ്ടേഷന്റെ സാമ്പത്തികസഹായവും, കൊളമ്പിയാ കലാലയത്തിലെ പ്രഗത്ഭനായ പ്രസിഡൻറു് നിക്കൊളാസ്സ് മുറെ ബട്ട്ളർ തുടങ്ങിയ പണ്ഡിതാഗ്രേസരുടേയും വിദഗ്ദ്ധ ലൈബ്രേറിയന്മാരുടേയും സഹകരണവും സമ്പാദിച്ചുകൊണ്ടു തിരുമേനി വത്തിക്കാൻ ലൈബ്രറിയിൽ ഒരു സമൂലപരിവർത്തനംതന്നെ വരുത്തിയെന്നു പറയാം. പുസ്തകങ്ങളുടെ സംരക്ഷണത്തിൽ എയർകണ്ടീഷൻഡ്മുറികൾ, ഓട്ടോമാററിക്കു് ഇലക്ട്രിക്കു് ഹീററുകൾ, തണുപ്പിക്കുന്നതിനുള്ള സ്റ്റീംവിതരണയന്ത്രങ്ങൾ മുതലായവയുടെ ഉപയോഗം ഏററവും നവീനമായരീതിയിൽ അവിടെ ക്രമീകരിക്കപ്പെട്ടിട്ടുണ്ടു്. പുസ്തകങ്ങളുടെ ഭാരത്തെ താങ്ങത്തക്കവിധം ഏഴു മൈൽ നീളംവരുന്ന ഉരുക്കു അലമാരകളുടെ ഒരു മന്ദിരമാണു് അവിടെ സജ്ജീകരിച്ചിട്ടുള്ളതു്.

വത്തിക്കാൻ ലൈബ്രറി ഒരു ഗ്രന്ഥാശുപത്രികൂടിയാണു്. പഴകിപ്പൊളിഞ്ഞ പുരാതനഗ്രന്ഥങ്ങളെ ഏററം വിദഗ്ദ്ധമായ രീതിയിൽ പരിരക്ഷിച്ചെടുക്കുന്നതിനു പ്രയോഗിക്കുന്ന ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അത്ഭുതാവഹമാണു്. ആശുപത്രിച്ചികിത്സാപരിപാടികൾ കഴിച്ചെടുക്കുന്ന 1000 കൊല്ലം പഴക്കമുള്ള ഒരു ഗ്രന്ഥം അതിന്റെ കെട്ടുംമട്ടും മാറി ഒരമ്പതു കൊല്ലത്തിൽ കുറഞ്ഞ പഴക്കമേ തോന്നിക്കൂ എന്നുവരുന്നതു അത്ഭുതാവഹമല്ലയോ? മാത്രമല്ല പഴക്കംകൊണ്ടു തെളിച്ചംമങ്ങിയ അക്ഷരങ്ങളും പൊടിഞ്ഞുപോയ ഭാഗങ്ങളും വളരെ സ്ഫുടമായ രീതിയിൽ അവിടെ ക്രമപ്പെടുത്തിയെടുക്കുന്നു. മററു രാജ്യങ്ങളിലെ പ്രസിദ്ധ ലൈബ്രറികളിൽനിന്നു പുരാതനഗ്രന്ഥങ്ങളെ ഉദ്ധരിക്കുന്നതിനു വത്തിക്കാനിലേക്കാണു കൊണ്ടുവരപ്പെടുന്നതു്.

ഇത്ര വിശിഷ്ടമായ ഒരു ഗ്രന്ഥാലയമാണു് മാർപ്പാപ്പായുടെ അധീനതയിൽ ലോകത്തിന്റെ ശാസ്ത്രപുരോഗതിക്കുവേണ്ടി നിസ്തന്ദ്രസഹായം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. പുരാതനസംസ്കാരത്തിന്റെ സംരക്ഷണവും ശാസ്ത്രീയസിദ്ധികളുടെ സ്മാരകങ്ങളും അവയുടെ നിലനില്പിനു വത്തിക്കാൻ ലൈബ്രറിയോടു് അത്യധികം കടപ്പെട്ടിരിക്കുന്നു.

# പരസ്നേഹ പ്രേഷിതകൾ


(ജോസഫ പാമ്പയ്ക്കൽ)

അഗതികളുടെ ആകുലതകളിൽ ആർദ്രമാനസരായി അവരെ ശുശ്രൂഷിക്കുവാൻ തുനിഞ്ഞിറങ്ങുന്നവരെ ആരും എന്നും അനുസ്മരിക്കും. അവരുടെ നിസ്സ്വാർത്ഥസേവനങ്ങളെ ലോകം വിലമതിക്കും, പ്രകീർത്തിക്കും. ഫ്രഞ്ചുവിപ്ലവകാരികൾപോലും സമ്മതിച്ചുകൊടുത്ത ഒരു വാസ്തവമാണിതു്. കലികയറി, ഫ്രഞ്ചുഭരണമേധാവികളുടെ സ്മാരകസ്തംഭങ്ങളെ തച്ചുടച്ചുവന്ന ആ വിപ്ലവകാരികൾ നിശ്ചേഷ്ടരായി നിന്നുപോയി വിശുദ്ധ വിൻസെൻറു് ഡി പോളിന്റെ പ്രതിമയുടെ മുമ്പിൽ. കാരണം? ആ വിശുദ്ധൻ പാവങ്ങളുടെ പാതിരിയാണു്; പരസ്നേഹത്തിന്റെ അതുല്യനായ പ്രേഷിതനാണു്.

സാധുജനങ്ങളുടെ സംരക്ഷണത്തിനും സമുദ്ധാരണത്തിനുമായി പ്രയത്നിക്കുന്ന ഒട്ടനേകം സംഘങ്ങൾ ഇക്കാലത്തുണ്ടു്. എന്നാൽ യഥാർത്ഥമായ പരസ്നേഹത്തോടെ നിസ്സ്വാർത്ഥമായി അവരെ സഹായിക്കുന്ന സംഘടനകളിൽ പ്രമുഖങ്ങളായതു രണ്ടാണു്: കത്തോലിക്കാ ഇടവകകളിൽ പ്രവർത്തിക്കുന്ന വിൻസെൻറു് ഡി പോൾ സഖ്യവും ആശുപത്രികളിൽ ദീനജനസേവനമനുഷ്ഠിക്കുന്ന കന്യകാസമൂഹവും.

പതിനേഴാംനൂററാണ്ടിൽ ഒരു നൂതനപ്രസ്ഥാനവുമായി വിശുദ്ധ ഫ്രാൻസിസ് ദെ സാലേസ് രംഗപ്രവേശം ചെയ്തു. രോഗികളെയും ദരിദ്രരെയും സന്ദർശിച്ചു് പരിചരിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും വേണ്ടി അദ്ദേഹം സ്ത്രീകളുടെ ഒരു സംഘം—വിസിറേറഷൻസഭ— സ്ഥാപിച്ചു. പക്ഷേ, നാനാവശത്തുനിന്നുമുണ്ടായ പ്രാതികൂല്യങ്ങളുടേയും സംഘട്ടനങ്ങളുടേയും മദ്ധ്യത്തിൽപെട്ടു കുഴങ്ങിയ ആ വിശുദ്ധനായ മെത്രാൻ സ്വാഭീഷ്ടത്തെ പരിത്യജിച്ചുകൊണ്ടു് ആ സമൂഹത്തിന്റെ ഉദ്ദേശ്യങ്ങളിലും പ്രവർത്തനങ്ങളിലും വ്യത്യാസം വരുത്തി. രോഗിശുശ്രൂഷക്കും പരസ്നേഹപ്രവർത്തനങ്ങൾക്കുമായി സ്ഥാപിക്കപ്പെട്ട വിസിറേറഷൻസഭ അങ്ങനെ തനി ധ്യാനപരമായ ജീവിതം കൈക്കൊള്ളേണ്ടിവന്നു. എന്നാൽ വിശുദ്ധ ഫ്രാൻസിസ് ദെ സാലേസ്സ് പ്രാരംഭമിട്ടതും പുതിയ ജീവിതരീതികളോടുകൂടിയതുമായ ഒരു കന്യകാസമൂഹത്തെ സ്ഥാപിക്കുവാൻ നിയുക്തനായ വേറൊരാൾ അദ്ദേഹത്തിന്റെ സമകാലികനായി ഉണ്ടായിരുന്നു. അദ്ദേഹമാണു് വിശുദ്ധ വിൻസെൻറു് ഡി പോൾ. എല്ലാപരസ്നേഹപ്രവർത്തനങ്ങളുടേയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായി അദ്ദേഹം ഇന്നു വിരാജിക്കുന്നു.

"പാവങ്ങളുടെ പാതിരി"യെന്ന അപരനാമധേയത്തിൽ ലോകം വണങ്ങുന്ന വിശുദ്ധ വിൻസെൻറു് ഡി പോൾ സാധുജനസംരക്ഷണത്തിനായി ചെയ്തിട്ടുള്ള അനേകം മഹൽക്കാര്യങ്ങളിൽ സർവ്വപ്രധാനമായതു് "ഉപവിയുടെ സഹോദരിമാർ" എന്ന കന്യകാസമൂഹത്തിന്റെ സ്ഥാപനമത്രെ. പാവങ്ങളുടെ പാഴ്ക്കുടിലുകൾതോറും കേറിനടന്നു്, ദാരിദ്ര്യത്തിലും കഷ്ടതയിലും ആണ്ടുകിടന്ന നിരാലംബരെയും രോഗികളെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമുന്നതമായ പദവിയിൽനിന്നുകൊണ്ടു സേവിക്കുന്ന ധർമ്മഭടരായിരുന്നു അവർ. പതിനേഴാംനൂററാണ്ടിൽ ഈ പ്രസ്ഥാനം ഒരു പുത്തരിതന്നെയായിരുന്നു. അന്നുവരേയും കന്യാസ്ത്രീകൾ ആശ്രമഭിത്തികൾക്കു പുറത്തുകടന്നു് സമുദായസേവനം നിർവ്വഹിച്ചിരുന്നില്ല. പ്രാർത്ഥന പ്രായശ്ചിത്താദികളാൽ തങ്ങളെയും മററുള്ളവരെയും വിശുദ്ധീകരിക്കുക; അതായിരുന്നു അവരുടെ മഹനീയലക്ഷ്യം. വിശുദ്ധവിൻസെൻറു് ഡി പോളാണു് ഈ പാരമ്പര്യത്തിനു് വ്യതിയാനം വരുത്തുക. ഇന്നു ലോകമെങ്ങുമുള്ള ആശുപത്രികളിലും ആതുരാലയങ്ങളിലും സേവനമനുഷ്ഠിക്കുന്ന തരുണീമണികൾക്കു് പ്രവർത്തനരംഗം തുറന്നുകൊടുത്ത മഹാശയനാണു് അദ്ദേഹം. കമ്മ്യൂണിസ്റ്റുകാരും മതവിരോധികളും നമ്രശിരസ്കരായി നിന്നുപോകും ഈ പരസ്നേഹപ്രേഷിതകളുടെ വിനീതസേവനത്തിനു മുമ്പിൽ. അമ്പതിനായിരത്തിൽപരം വീരവനിതകളാണു് വിൻസെൻറു പുണ്യവാനാൽ സ്ഥാപിതമായ "ഉപവിയുടെ സഹോദരിമാർ" എന്ന സംഘത്തിൽ ചേർന്നു് ആതുരസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. മററു പല സഭകളിലുമായി പരസ്നേഹശുശ്രൂഷ ചെയ്യുന്ന കന്യകാമണികളുടെ സംഖ്യയോ?



Sr. Alphonsa, I.C.

For favours received
Thomas John, Fathima College, Quilon

ആശുപത്രികളിൽ ദീനപരിചരണം നിർവ്വഹിക്കുന്ന ഈ ധീരവനിതകൾ എത്രകണ്ടു് സംപൂജ്യരല്ല! അവർ സ്വന്തം മാതാപിതാക്കന്മാരെയും കുടുംബത്തെയും ലോകപ്രശസ്തികളെയുമെല്ലാം വിട്ടുപേക്ഷിച്ചുകൊണ്ടു് ദൈവത്തെ കൂടുതലായി സ്നേഹിക്കുവാൻ വ്രതമെടുത്തിരിക്കുന്നു. ദൈവസേവനം പരസേവനത്തിലൂടെ അവർ നിർവ്വഹിക്കുന്നു. കാണപ്പെടുന്ന സഹോദരരെ നിർവിശേഷം സ്നേഹിച്ചുകൊണ്ടു് കാണപ്പെടാത്ത ദൈവത്തെ അവർ സ്നേഹിക്കുന്നു. രോഗികളിൽനിന്നുള്ള എതിർപ്പുകളും നീരസങ്ങളും സസന്തോഷം പ്രതിഫലമായി സ്വീകരിച്ചുകൊണ്ടുപോലും അവരെ ശുശ്രൂഷിക്കുവാൻ സാഹോദര്യത്തിന്റെ ഈ പ്രേഷിതകൾക്കു സാധിക്കുന്നു. രോഗീപരിചരണത്തിൽ അനുഭവപ്പെടുന്ന ക്ലേശങ്ങൾ അനുദിനം, രാപ്പകലും, അവർ ക്ഷമാപൂർവ്വം സഹിക്കുന്നു, ഈശോയെപ്രതി. അവർ അനുകമ്പാപൂർവ്വം പറയുന്ന സ്നേഹംനിറഞ്ഞ ആ വാക്കുകൾ കഠിനരോഗികൾക്കുപോലും സമാശ്വാസത്തെ പ്രദാനം ചെയ്യുവാൻ പോരുന്നവയാണു്. കാരുണ്യം തുളുമ്പുന്ന അവരുടെ വാക്കുകളും ഭാവങ്ങളും ശുശ്രൂഷകളുമെല്ലാം വിലകൂടിയ മരുന്നിനെക്കാൾ സുഖദായകമാണു്. അങ്ങനെ അവർ എല്ലാ ജാതികളുടേയും വർഗ്ഗങ്ങളുടേയും സ്നേഹപാത്രങ്ങളായി വർത്തിക്കുന്നു.

ഒരു ഗവമ്മെണ്ടാസ്പത്രിയിൽ നഴ്സിംഗ് സിസ്റ്റേഴ്സിനെ നിയമിക്കുന്നതിൽ അവിടത്തെ അകത്തോലിക്കാജനം പ്രതിഷേധസ്വരമുയർത്തി. പക്ഷേ നിയമനം നടന്നു. ഒരു വത്സരം കഴിഞ്ഞപ്പോഴേക്കും അവിടത്തെ ജനങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചു കന്യാസ്ത്രീകളുടെ സേവനത്തിന്റെ മാഹാത്മ്യം; അവരുടെ സ്നേഹശുശ്രൂഷകളുടെ വില. രാത്രികാലങ്ങളിൽ അസഭ്യങ്ങൾ പുലമ്പിക്കൊണ്ടു് പോകുന്നവർപോലും ആ കന്യകകളുടെ വസതിക്കുമുമ്പിൽ വരുമ്പോൾ നിശ്ശബ്ദരായിത്തീരും. അത്രയ്ക്കായിരുന്നു ആ കന്യകകളുടെ സേവനസൗരഭ്യം ആസ്വദിച്ച അവിടത്തെ ജനങ്ങൾക്കു് അവരോടുണ്ടായ സ്നേഹബഹുമാനം. എന്തിനേറെ! കത്തോലിക്കരെ അങ്ങേയററം വെറുക്കുന്നവർപോലും ഈ സഹോദരിമാരുടെ സേവനം ഇഷ്ടപ്പെടുന്നു. അവരുടെ പരിചരണത്തിലാണുപോലും അവർക്കു കൂടുതൽ വിശ്വാസമുള്ളതു്.

ഇങ്ങനെ പലവിധത്തിൽ സമുദായസേവനമനുഷ്ഠിക്കുന്ന ഈ കന്യകകളുടെ ത്യാഗപാരമ്യവും ആദർശശുദ്ധിയും സ്തുത്യർഹമാണു്. കൃതജ്ഞത കവിഞ്ഞൊഴുകുന്ന ഹൃദയത്തോടെയല്ലാതെ അവരുടെ സേവനങ്ങളെ അനുസ്മരിക്കുവാൻ ആർക്കാണു കഴിയുക. എന്നിരുന്നാലും ചില കുബുദ്ധികൾ അവരെയും പഴിച്ചുതുടങ്ങിയിരിക്കുന്നു. അവരുടെ സേവനരംഗം അടച്ചുകളയുവാൻ തത്രപ്പെടുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം അടിയിൽ കുടികൊള്ളുന്നതു് തല്പരകക്ഷികളുടെ സ്വരാജ്യസ്നേഹമോ? സഹോദരസ്നേഹമോ? സേവനസന്നദ്ധതയോ? ആദർശശുദ്ധിയോ? ക്രിസ്തുവിന്റെ സ്നേഹചൈതന്യത്താൽ പ്രചോദിതരായി ശത്രുമിത്രഭേദമെന്നിയെ പൊതുജനസേവനം ചെയ്യുന്ന ഇവരെപ്പോലെ മററാരുണ്ടു് പ്രസ്തുത കൃത്യം ഭംഗിയായി നിർവ്വഹിക്കുവാൻ? സമ്മാനങ്ങളും കൈക്കൂലിയും സ്വീകരിച്ചുകൊണ്ടു് നമ്മെ സേവിക്കുവാൻ വെമ്പൽകാണിക്കുന്ന ഉദ്യോഗസ്ഥന്മാരോടു് ഈ പരസ്നേഹപ്രേഷിതകളെ തുലനംചെയ്തുനോക്കുക. അപ്പോൾ കാണാം അവരുടെ സേവനത്തിന്റെ മാഹാത്മ്യം, ത്യാഗത്തിന്റെ പാരമ്യം.

കഷ്ടതകളും വിരോധങ്ങളും എതിർപ്പുകളും സഹിച്ചു് ഓരോ രോഗിയുടേയും പക്കൽ എത്തി നിസ്വാർത്ഥസേവനമനുഷ്ഠിക്കുന്നതിനുള്ള ചൈതന്യപ്രകർഷം അവർക്കെവിടെനിന്നു്? അതാണു് ആരേയും അമ്പരപ്പിക്കുന്നതു്. ദീനജനപ്രേമിയായ ക്രിസ്തുനാഥന്റെ സവിശേഷമാതൃകയും ഉപദേശവുമാണു് ഇതിന്റെയെല്ലാം അസ്തിവാരം. ഉപവിയുടെ കന്യാസ്ത്രീകൾ ചെയ്യുന്ന ദീനപരിചരണങ്ങൾ സസൂക്ഷ്മം വീക്ഷിച്ചു് നമ്മുടെ കേരളക്കരയിലെ പ്രസിദ്ധനായ ഒരു ഹിന്ദു ഡോക്ടർ ഒരിക്കൽ ഉദീരണംചെയ്തതിപ്രകാരമാണു്: "ഇന്നു് ഏതെങ്കിലും ഒരു മതം സത്യമായതുണ്ടെങ്കിൽ അതു് ഈ കന്യകകളുടേതത്രെ." അതെ, അവരുടെ മതം—കത്തോലിക്കാ മതം—അനുശാസിക്കുന്നു, പ്രചോദിപ്പിക്കുന്നു ഈ മഹൽകൃത്യത്തിനു്. സാധുജനസംരക്ഷണത്തിനും സമുദ്ധാരണത്തിനുമായി കത്തോലിക്കാസഭ ചെയ്യുന്ന പരിശ്രമങ്ങൾ ആർക്കും സുജ്ഞാതങ്ങളാണു്. കത്തോലിക്കാസഭയിലല്ലാതെ വേറൊരിടത്തും ഇത്ര സുസംഘടിതവും നിസ്സ്വാർത്ഥവുമായ പരസ്നേഹപ്രവർത്തനം കണ്ടെത്തുക സാദ്ധ്യമല്ല. പരസ്നേഹമാണു് ക്രിസ്തുമതത്തിന്റെ അടയാളം. ക്രിസ്തുവിന്റെ ആദേശവും മാതൃകയുമാണു് പരസ്നേഹകൃത്യത്തിനു് സഭയെ പ്രേരിപ്പിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് അവളുടെ മക്കൾ ക്ലേശപൂർണ്ണമായ ഈജീവിതവൃത്തി സ്വീകരിക്കുന്നതും. ദിവ്യനാഥൻ നന്മകൾ ചെയ്തുകൊണ്ടു് ഗലീലേയിൽ മുഴുവനും ചുററിനടന്നു. മുടന്തരേയും ചെകിടരേയും അവിടുന്നു സുഖപ്പെടുത്തി. കുരുടനും കുഷ്ഠരോഗിക്കുംമാറാവ്യാധിക്കാരനും അവിടുന്നു സൗഖ്യം പ്രദാനം ചെയ്തു. ശത്രുക്കൾക്കും മിത്രങ്ങൾക്കും അവിടുന്നു നന്മചെയ്തു. അവിടത്തെ ദീനാനുകമ്പയാണു് സുവിശേഷങ്ങളിൽ ഉടനീളം നി

"ഗ്രൂപ്പ് ഫോട്ടോ"

ലോകപ്രസിദ്ധമായ സാധനസാമഗ്രികൾ ഉപയോഗിച്ചു് വമ്പിച്ച സൈസിലും, അതിവിശിഷ്ടമായ രീതിയിലുമുള്ള ഗ്രൂപ്പ് ഫോട്ടോകൾ മിതമായ ചാർജ്ജിനു് കൃത്യസമയത്തു് ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.

കോളേജ് & സ്കൂൾഗ്രൂപ്പ് ഫോട്ടോസ്സ്

സിററിംഗ് ചാർജ്ജു വേണ്ട. നിരാശക്കിടവരാതിരിപ്പാൻ ഉടനെ നിങ്ങളുടെ ആർഡർ ബുക്കുചെയ്യുവിൻ.

ലോയൽ സ്റ്റുഡിയോ, തൊടുപുഴ

തിരുസഭാചരിത്രം 61

# വി. അഗസ്റ്റീനോസ്

## അന്തിമ സമരവും വിജയവും

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

(തുടർച്ച)

മതപാഠനത്തിൽ വ്യാപൃതനായിരുന്നു എങ്കിലും പ്രലോഭനങ്ങളുടെ മേലുള്ള തന്റെ വിജയം വീണ്ടും വിദൂരതയിലേക്കു നീങ്ങിപ്പോകുന്നതായി അഗസ്റ്റീനോസിനു തോന്നി. ദൈവത്തെ പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും കത്തോലിക്കാമതം ആവിഷ്ക്കരിച്ചിരുന്ന സത്യത്തെപ്പററിയും അദ്ദേഹത്തിനു ബുദ്ധിപരമായ ബോദ്ധ്യം ഉണ്ടായിക്കഴിഞ്ഞിരുന്നു. എന്നാൽ ലൗകികമായ പ്രതാപേച്ഛയും ജഡികസുഖങ്ങളിലുള്ള ഒടുങ്ങാത്ത ആസക്തിയും സത്യത്തെ ലക്ഷ്യമാക്കിയുള്ള തന്റെ പ്രയാണത്തെ വിഘ്നപ്പെടുത്തി. അവയെ എല്ലാം വിട്ടുപേക്ഷിക്കുവാനുള്ള ആത്മവീര്യം അദ്ദേഹത്തിനു ഇനിയും കൈവന്നിട്ടില്ലായിരുന്നു. എങ്കിലും അദൃശ്യമായ ഒരു ശക്തി തന്നെ സത്യത്തിലേക്കും നന്മയിലേക്കും നീക്കിക്കൊണ്ടു പോകുന്നതായി അദ്ദേഹത്തിനു തോന്നി. അതിനോടുള്ള എതിർപ്പ് തന്റെ അന്തരാത്മാവിൽ തീവ്രമായ വേദനയെ ഉളവാക്കി. അങ്ങിനെ നന്മയും തിന്മയും തമ്മിലുള്ള സമരം അതിരൂക്ഷമായിത്തീർന്നു.

അക്കാലത്തും അദിയോഡേറ്റസിന്റെ (Adeodatus) മാതാവിനെ അദ്ദേഹം കൂടെ പാർപ്പിച്ചിരുന്നു. അവളുമായുള്ള അസാന്മാർഗ്ഗികബന്ധം നിർവ്വിഘ്നം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ അതിനെ വിഛേദിക്കുവാൻ തന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. അവളെ ആഫ്രിക്കയിലേക്കു മടക്കി അയച്ചു. മോനിക്കാ തന്റെ പുത്രന്റെ സഹധർമ്മിണിയാകുവാൻ പററിയ ഒരു തരുണിയെ തെരഞ്ഞു പിടിച്ചു. പക്ഷെ അവൾക്കു വളരെ പ്രായക്കുറവായിരുന്നതുകൊണ്ടു് വിവാഹം നടന്നില്ല. ജഡികാസക്തനായ അഗസ്റ്റീനോസ് മറെറാരു സ്ത്രീയുമായുള്ള പാപകരമായ ബന്ധത്തിൽ ചെന്നു കുടുങ്ങി. തന്റെ ആത്മസ്ഥിതിയെ അഗസ്റ്റീനോസ് ഇപ്രകാരം ചിത്രീകരിക്കുന്നു: "ഞാൻ കലർപ്പില്ലാത്ത ഒരു രത്നം കണ്ടെത്തി. എനിക്കുള്ളവയെല്ലാം വിലയായി കൊടുത്തു് ഞാൻ അതിനെ വാങ്ങേണ്ടതായിരുന്നു. എന്നാൽ ഞാൻ സംശയിച്ചു നിന്നതേയുള്ളു. ഞാൻ ജഡത്തിന്റേതും ആത്മാവിന്റേതുമായ രണ്ടു നിശ്ചയശക്തികൾ (Wills) തമ്മിലുള്ള ഘോരസമരത്തിന്റെ രംഗമായിത്തീർന്നു. എന്റെ ആത്മാവു് അവർണ്ണനീയമായ വേദന അനുഭവിച്ചു."

അങ്ങിനെയിരിക്കെ ഒരു ദിവസം ഒരു സ്നേഹിതൻ വി. അത്തനേഷ്യസ് രചിച്ച വി. അന്തോനിയുടെ ജീവചരിത്രം (Life of St. Anthony—the hermit) അഗസ്റ്റീനോസിനെ വായിച്ചു കേൾപ്പിച്ചു. അതു് അദ്ദേഹത്തിന്റെ ജീവിതത്തിൽ മഹത്തായ ഒരു പരിവർത്തനം വരുത്തി. തന്റെ മനസ്സിലുണ്ടായ പ്രത്യാഘാതത്തെ അഗസ്റ്റീനോസ് താഴെപ്പറയും പ്രകാരം വിശദീകരിക്കുന്നു: "ഞാൻ എത്ര ഹീനനും വിരൂപനും, ഗർഹണീയനും, വൃത്തികെട്ടവനുമാണെന്നു് എനിക്കു ബോദ്ധ്യമായി. എന്റെ ആത്മാവു് ചളിപുരണ്ടതും വ്രണങ്ങൾ നിറഞ്ഞതുമായി ഞാൻ കണ്ടു. പൂർണ്ണമായ നഗ്നതയിൽ ഞാൻ എന്നെത്തന്നെ കണ്ടു." ആയിടയ്ക്കു് രണ്ടു റോമൻ സൈനികോദ്യോഗസ്ഥന്മാർ കത്തോലിക്കാ വിശ്വാസത്തെ ആശ്ലേഷിച്ചതായും, ഔദ്യോഗികജീവിതം ഉപേക്ഷിച്ചു് സന്യാസം കൈവരിച്ചതായും അഗസ്റ്റീനോസ് കേൾക്കുവാനിടയായി. ഈ സംഭവം അദ്ദേഹത്തിന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. തന്റെ ഉററ മിത്രമായ ആലിപിയൂസിനോടു് (Alypius) അദ്ദേഹം പറഞ്ഞു: "വിദ്യാവിഹീനന്മാർ ചാടി എണീററു് ബലംകൊണ്ടു് സ്വർഗ്ഗത്തെ കരസ്ഥമാക്കുന്നു. എന്നാൽ നാമാകട്ടെ അഗാധമായ പാണ്ഡിത്യമുള്ളവരെങ്കിലും, തീക്ഷ്ണതയുടെ കുറവുകൊണ്ടു് രക്തത്തിലും മാംസത്തിലും കിടന്നു പുരളുകയാണു്." ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു തന്റെ ഉള്ളിൽനിന്നു തിളച്ചുപൊങ്ങിക്കൊണ്ടിരുന്ന ക്ഷോഭം അടക്കുവാൻ കഴിവില്ലാതെവന്നു. ഗൃഹത്തിനുള്ളിൽനിന്നും അദ്ദേഹം ഉദ്യാനത്തിലേക്കു പാഞ്ഞു. അത്ഭുതവും ഭയവും നിറഞ്ഞ ഹൃദയത്തോടുകൂടി ആലിപിയൂസ് അദ്ദേഹത്തെ അനുഗമിച്ചു. തോട്ടത്തിന്റെ ഒരു കോണിൽ ചെന്നിരുന്നുകൊണ്ടു് അഗസ്റ്റീനോസ് മനുഷ്യന്റെ നിശ്ചയശക്തിയുടെ നിസ്സഹായതയെയും ദൗർബ്ബല്യത്തെയും പററി ധ്യാനിച്ചു. ലോകത്തിലെ വ്യർത്ഥവും ശൂന്യവുമായ സുഖഭോഗങ്ങൾ, അദ്ദേഹത്തിന്റെ ഹൃദയത്തെ അപഹരിച്ചിരുന്ന മായാവിനോദങ്ങൾ, ചെറുപ്പം മുതലേ അദ്ദേഹം പുലർത്തിയിരുന്ന സ്നേഹബന്ധങ്ങൾ ഇവയെല്ലാം മാംസമാകുന്ന മേലങ്കിയുടെ വിളുമ്പിൽ പിടിച്ചു പിന്നോക്കം വലിച്ചുകൊണ്ടു് "അങ്ങു ഞങ്ങളെ എന്നേക്കുമായി പരിത്യജിക്കുകയോ" എന്നു് മൃദുലമായ സ്വരത്തിൽ തന്നോടു മന്ത്രിക്കുന്നതായി അദ്ദേഹത്തിനു തോന്നി. അസ്വസ്ഥമായ തന്റെ മനോദർപ്പണത്തിൽക്കൂടി മറെറാരു കാഴ്ചയും അദ്ദേഹം കണ്ടു. ആത്മപരിശുദ്ധി പൂണ്ട യുവതീയുവാക്കന്മാരുടേയും, സ്ത്രീപുരുഷന്മാരുടേയും ഒരു വൻപിച്ച സമൂഹം, നിർമ്മലവും സുന്ദരവുമായ കന്യാവ്രതത്തിന്റെ ഗാംഭീര്യം അണിഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തിൽക്കൂടി കടന്നുപോയി. "ഈ യുവതീയുവാക്കന്മാർക്കു സാധിച്ചതു് നിനക്കു അസാദ്ധ്യമാണോ" എന്ന ഒരു ചോദ്യം അദ്ദേഹത്തിന്റെ അന്തരാത്മാവിൽനിന്നുയർന്നു. അതു് അദ്ദേഹത്തിന്റെ മാനസികമായ അസ്വസ്ഥതയെ വർദ്ധിപ്പിച്ചു. അരികത്തിരുന്നിരുന്ന ആലിപിയൂസിനെ വിസ്മരിച്ചുകൊണ്ടു് അദ്ദേഹം പിടഞ്ഞെണീററു. തോട്ടത്തിന്റെ വിദൂരമായ കോണിലേക്കു മാറി ഒരു വൃക്ഷച്ചുവട്ടിൽ ചെന്നു കിടന്നുകൊണ്ടു് അദ്ദേഹം വാവിട്ടുകരഞ്ഞു. അനുതാപഗ്രസ്തമായ ആ ഹൃദയം ദൈവത്തിങ്കലേക്കു ചിറപൊട്ടി ഒഴുകി. പെട്ടെന്നു സമീപത്തുള്ള ഒരു ഭവനത്തിൽനിന്നും പുറപ്പെട്ട ഒരു കൊച്ചുകുട്ടിയുടെ ഗാനാലാപം അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ പതിച്ചു. "എടുത്തുവായിക്കുക" (Take up and read) എന്ന പല്ലവി മധുരമായ സ്വരത്തിൽ ആ ഗായകൻ വീണ്ടും വീണ്ടും ആവർത്തിച്ചു. അഗസ്റ്റീനോസ് കരച്ചിൽ നിറുത്തി. ആലിപിയൂസിന്റെ പക്കലേക്കു മടങ്ങിച്ചെന്നു. വി. പൗലോസിന്റെ ലേഖനങ്ങൾ അടങ്ങിയ ഗ്രന്ഥം കൈയിലെടുത്തു് തുറന്നു് ആദ്യം കണ്ടഭാഗം നിശ്ശബ്ദനായി വായിച്ചു.

"ലഹരിസാധനങ്ങൾ കഴിച്ചു മദോന്മത്തനായി കലഹിക്കുന്നതിലോ, വിനോദശാലകളിലെ അശുദ്ധലീലകളിലോ, മാത്സര്യത്തിലോ, അസൂയയിലോ മനസ്സുവയ്ക്കാതെ കർത്താവായ യേശുവിനെ നീ ധരിക്കുകയും ജഡത്തെയും ജഡികസുഖങ്ങളേയും സംത്യജിക്കുകയും ചെയ്യുക" എന്ന വിശിഷ്ടാഹ്വാനമാണു് അദ്ദേഹം വായിച്ചതു്. വായന അവിടെ നിറുത്തി. അതു തുടരുവാനുള്ള ആവശ്യം അദ്ദേഹത്തിനു തോന്നിയില്ല. കാരണം അദ്ദേഹത്തിന്റെ ആത്മാവിനുമേലുള്ള പ്രസാദവരത്തിന്റെ അത്ഭുതകരമായ പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞിരുന്നു. അവിടെനിന്നും എഴുന്നേററു് അദ്ദേഹം നേരെ അമ്മയുടെ പക്കലേക്കു പോയി. നടന്ന സംഭവങ്ങളെപ്പററിയെല്ലാം സ്നേഹനിധിയായ ആ മാതാവിനോടു പറഞ്ഞു. മോനിക്കാ ആനന്ദംകൊണ്ടു തുള്ളിച്ചാടി. ആ സാദ്ധ്വിയുടെ അനേകവർഷത്തെ തോരാത്ത കണ്ണുനീരിനു ദൈവം സമൃദ്ധമായ പ്രതിഫലം നൽകിയതിൽ അമ്മയും മകനും ഒരുപോലെ അകമഴിഞ്ഞു സന്തോഷിച്ചു. ആ രണ്ടു ഹൃദയങ്ങളും ഒരുമിച്ചുചേർന്നു ദൈവസന്നിധിയിൽ സ്നേഹസുരഭിലമായ കൃതജ്ഞതാപഹാരങ്ങൾ അർപ്പിച്ചു.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
മത്തായി എം., മൈലക്കൊമ്പ്

ഴലിച്ചുകൊണ്ടിരുന്നതു്. പൊതുവിധിയെക്കുറിച്ചു പ്രതിപാദിക്കയിൽ ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു: "അപ്പോൾ രാജാവു് വലത്തുഭാഗത്തുള്ളവരോടു് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ, എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നു കണ്ടു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു......ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." (വി. മത്തായി XXV 34—40)

ഇതാണു് ദീനജനസേവനത്തിൽ ഉൽസുകരായിരിക്കുന്നവരുടെ ആദർശം. അവർ സ്വസഹോദരരിൽ ക്രിസ്തുവിനെ ദർശിക്കുന്നു; ക്രിസ്തുവിൽ അവരേയും. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ തന്റെ അയല്ക്കാരനേയും സ്നേഹിച്ചേ മതിയാവു. ദൈവസ്നേഹവും പരസ്നേഹവും വിഭാജ്യമല്ല.

ക്രിസ്തുനാഥന്റെ സ്നേഹസന്ദേശം ദിഗന്തങ്ങളിൽ പരത്തിക്കൊണ്ടു് കത്തോലിക്കാസഭ മുന്നേറുന്നു. അനേകായിരങ്ങൾ അവളുടെ മാതൃസഹജമായ സ്നേഹശുശ്രൂഷകളിൽ സമാശ്വാസം കണ്ടെത്തുന്നു. പരസ്നേഹത്താൽ പ്രേരിതരായി ദുർഭഗരേയും അവശരേയും സഹായിക്കുവാൻ അവൾ തന്റെ വത്സലമക്കളെ ആഹ്വാനം ചെയ്യുന്നു; ഉത്തേജിപ്പിക്കുന്നു. സ്നേഹത്തിന്റേയും സഹനത്തിന്റേയും സേവനത്തിന്റേയും മഹോന്നതപദവിയിൽനിന്നുകൊണ്ടു്, നിസ്സ്വാർത്ഥമായി, പാവപ്പെട്ടവരെ ശുശ്രൂഷിക്കുവാനും സഹായിക്കുവാനും, പരസേവനംവഴി ദൈവസേവനം നിർവ്വഹിക്കുവാനും കൂടുതൽ ആത്മാക്കൾ പ്രചോദിതരായിരുന്നെങ്കിൽ! അതിന്റെ വില ലോകം ഗ്രഹിച്ചിരുന്നെങ്കിൽ!

# സമാധാനമാർഗ്ഗം

(ഫാദർ യൗനാൻ ഒ. ഐ. സി.)

"ധർമ്മബോധത്തിനുള്ള സാമഗ്രികൾ സൂര്യകിരണങ്ങൾപോലെ എവിടെയും സുലഭമായിട്ടുണ്ടു്. പക്ഷെ അതു വിസ്തൃതമാക്കി ചെയ്യപ്പെടുകയോ നല്ല ഫലം പുറപ്പെടുവിക്കുകയോ ചെയ്യുന്നതു് ചുരുക്കമവസരങ്ങളിൽ മാത്രമാണെന്നുള്ളതു പരിതാപകരം തന്നെ. ധാർമ്മികോല്ക്കർഷത്തിന്റെ പ്രേരകശക്തികൾ ജനസഹസ്രങ്ങളുടെ അന്തരാത്മാവിൽ മടിപിടിച്ചുകിടന്നു മുഷിയുമ്പോൾ അവ അങ്കുരിക്കും വിജൃംഭിച്ചു ദുഷിച്ചു് കരുത്തുള്ള സുശീലാവലിക്കു പകരം ദുശ്ശീലസന്താനങ്ങളെ കണക്കിനുല്പാദിപ്പിക്കുവാൻ തുടങ്ങുന്നതു് മഹാ സങ്കടമെന്നേ പറയേണ്ടതുള്ളു."

(തോമസ് കാർലൈൽ)

"നീ എന്നെ അയച്ചിരിക്കുന്നുവെന്നു് ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എന്റെ പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ."

(വി. യോഹ. 17: 21)

"നിങ്ങൾ എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിൽ വസിക്കും. കൊമ്പു മുന്തിരിവള്ളിയിൽ ഇരിക്കുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു തനിയെ കഴിയാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല."

(വി. യോഹ. 15: 4)

"അവൻ സഭയുടെ വാക്കു കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ."

(വി. മത്താ. 18: 17)

ക്രിസ്തുനാഥന്റെ ദിവ്യപ്രബോധനങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും ക്രിസ്തുവിനാൽ സംസ്ഥാപിതമായ തിരുസഭയാണു് സമാധാനത്തിനുള്ള മാർഗ്ഗമെന്നു്.

അതിൽനിന്നു് വിഭിന്നമായ രീതിയിൽ ജീവിക്കുന്നതു് തെററാണെന്നു് ദിവ്യഗുരു ചൂണ്ടിക്കാണിക്കുന്നു. ലോകത്തെ രക്ഷിക്കുവാൻ മനുഷ്യജന്മം സ്വീകരിച്ച ദൈവപുത്രനായ ക്രിസ്തു ഏകസത്യതിരുസഭയെ ലോകത്തിൽ സ്ഥാപിച്ചു. വിശ്വൈകമഹാകുടുംബമായ തിരുസഭവഴിയായി എവരും നിത്യരക്ഷ പ്രാപിക്കണമെന്നു് അവിടുന്നു പഠിപ്പിച്ചു. ക്രൈസ്തവസഭകളുടെ ഭിന്നതയും അപമാർഗ്ഗസഞ്ചാരണവും ലോകരക്ഷകനു വേദനാജനകംതന്നെ. എവരും ഏകസത്യതൊഴുത്തിലേക്കു വരുവാൻ അവിടുന്നു പ്രാർത്ഥിക്കുന്നു. സത്യവും അസത്യവും തമ്മിൽ സമരം ലോകാന്ത്യംവരെ ഉണ്ടായിരിക്കും. ക്രിസ്തുവിന്റെ ജീവിതം സകലരുടേയും വിസ്മയത്തിനും വിദ്വേഷത്തിനും വിവാദത്തിനും വിമർശനത്തിനും വിഷയമായിരുന്നതുപോലെ സത്യതിരുസഭയുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനു ലഭിച്ച സ്വീകരണംതന്നെ ജനതാമദ്ധ്യത്തിൽ സഭയ്ക്കും സിദ്ധിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനത്തിനും പ്രാർത്ഥനയ്ക്കും അഭിലാഷത്തിനും വിപരീതമായി ഇന്നു ഭൂമുഖത്തു പരസ്പരവിരുദ്ധങ്ങളായ വിവിധ ക്രൈസ്തവസഭകളെ ദർശിക്കുമ്പോൾ യഥാർത്ഥക്രൈസ്തവന്റെ ഹൃദയം പ്രണിതമാകാതിരിക്കുകയില്ല. നിർഭാഗ്യമെന്നു പറയാതെ നിവൃത്തിയില്ല, എല്ലാ മതങ്ങളുടേയും സമുദായങ്ങളുടേയും മൗലികതത്വങ്ങൾ ഒന്നുതന്നെയാണെന്നും നിത്യരക്ഷയ്ക്കു അവയിലേതായാലും മതിയെന്നുമുള്ള ഒരു സാഹസികനിഗമനത്തിൽ ലോകം ഇന്നെത്തിയിരിക്കുന്നു. അവയ്ക്കു വിലകല്പിക്കുവാൻ സത്യമതഭക്തർക്കു് — സുബുദ്ധിയുള്ളവർക്കു് — കഴിയുന്നതല്ല. യഥാർത്ഥക്രിസ്തുമതം ഒരു ദിവ്യശിശുവിന്റെ അവതാരത്തോടെ ആരംഭിച്ചതാണു്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ മതസ്ഥാപകനായിട്ടിരിക്കുന്നു. ഇതര ക്രൈസ്തവസമുദായങ്ങളാവട്ടെ പ്രായപൂർത്തിയായവരുടെ സ്ഥാപിതതാല്പര്യങ്ങളിലും ശിക്ഷണങ്ങളിലും നിലകൊള്ളുന്നു. ഇനിയും പുതിയ സഭകളെ അവർക്കു സൃഷ്ടിക്കുകയും ചെയ്യാം. വിലപനീയം തന്നെ! ഭാരതം പാരതന്ത്ര്യത്തിന്റെ ശൃംഖലകൾ പൊട്ടിച്ചെറിഞ്ഞു. പ്രായപൂർത്തി വോട്ടവകാശവും നമുക്കു കിട്ടി. മതത്തിന്റെ കാര്യത്തിലും ഇതാണോ ക്രൈസ്തവരുടെ ചിന്താഗതി? ഒരിക്കൽ ഒരു ക്രിസ്തീയവകുപ്പിന്റെ സ്തോത്രപ്രാർത്ഥനയുടെ ഒരു ഭാഗം ഏതാണ്ടിപ്രകാരമായിരുന്നു.

"കർത്താവെ, ഞങ്ങൾ നിനക്കു സ്തോത്രം തരുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ യാതൊരു പരമാധികാരത്തിനും വിധേയരല്ലല്ലോ." നോക്കുക, അവരുടെ സൗഭാഗ്യം എവിടെയിരിക്കുന്നുവെന്നു്. പുനരൈക്യപ്പെട്ട രണ്ടു വൈദികരോടു നവീകരണക്കാരിയായ ഒരു മാന്യവനിത ഒരിക്കൽ സങ്കടത്തോടുകൂടി പറഞ്ഞ വാക്കുകൾ ഓർമ്മിക്കുന്നു: "പുതിയ പുതിയ സഭകൾ ഉണ്ടായിരിക്കുന്ന ഇക്കാലത്തു് ഏററവും പഴയ സഭയിൽ ബഹുമാനപ്പെട്ട അച്ചന്മാർ ചേർന്നതു് മോശമായിപ്പോയി." അഭ്യസ്തവിദ്യയെങ്കിലും ആ

(ശേഷം 7-ാംപേജിൽ)

വായിച്ചു രസിക്കേണ്ട രണ്ടു പുസ്തകങ്ങൾ

1) രജതചഷകം (ഉജ്ജ്വലമായ നോവൽ) art I & II
കെ. എം. മാമ്മൻ തരകൻ

2) ലോകയാത്രസ്മരണകൾ Part I & II
കെ. സി. ചാക്കൊ

പ്രതിമാസ ഗ്രന്ഥക്ലബ്ബ്
എറണാകുളം

# പള്ളിവൃത്താന്തങ്ങൾ

## "മൗത്ത്ഓർഗൻ" സംഗീതം

### മാർപ്പാപ്പായെ ആകർഷിച്ചു

ഓസ്ട്രിയ, ടിറോളിൽനിന്നു റോമിലെത്തിയ ഒരു സംഘം തീർത്ഥകർ സെൻറ് പീറ്റേഴ്സിൻെറ അങ്കണത്തിൽനിന്നും ആലപിച്ച "മൗത്ത്ഓർഗൻ" സംഗീതധ്വനി പരിശുദ്ധ മാർപ്പാപ്പായെ ഹൃദാകർഷിക്കുകയും. അപ്രതീക്ഷിതമായി അവിടുന്നു അവിടുത്തെ പാനമുറിയുടെ ജനാലയിങ്കൽ പ്രത്യക്ഷപ്പെട്ടു് അവരെ ആശീർവ്വദിക്കുകയും അവരുടെ അഭിവാദനങ്ങൾ സ്വീകരിക്കുകയും ചെയ്തു. അസാധാരണമായ ഈ സംഗീതധ്വനി 3,000-ത്തോളം വരുന്ന ഒരു ജനക്കൂട്ടത്തെ അവിടേക്കാനയിച്ചിരുന്നു. ക്രിസ്തുമസ്സിനുശേഷം ഇതാദ്യമായിട്ടാണ് മാർപ്പാപ്പാ ഒരു പൊതുദർശനം നൽകുന്നതു്. അത്യധികം തണുപ്പുള്ള സമയമായിരുന്നെങ്കിലും തിരുമേനി തുറന്ന ജനാലയുടെ നേരെ പല മിനിട്ടുകൾനിന്നു അവരുടെ നേരെ തൃക്കൈ ഉയർത്തി അവരെ അനുമോദിച്ചു. ഉച്ചഭാഷിണിയിൽക്കൂടി പ്രതിധ്വനിച്ച ആശീർവ്വാദവചസ്സുകൾ സ്ഫുടമായിരുന്നു. പരിശുദ്ധ പിതാവു മടങ്ങിയതിനുശേഷവും ആനന്ദനിർഭരമായ അവരുടെ ആർപ്പുവിളികൾ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഗായകസംഘം വത്തിക്കാൻ സ്റ്റേറ്റ്സെക്രട്ടേറിയെററിലെത്തി അവരുടെ ജന്മനഗരമായ ബ്രിക്സ്ലെഗ്ഗിൻെറ സ്മരണയ്ക്കായി മഹത്തരമായ കൈവേല ചെയ്യപ്പെട്ടിട്ടുള്ള ഒരു ബ്രോൺസ് പ്ലേററു മാർപ്പാപ്പാ തിരുമേനിക്കായി സമർപ്പിച്ചു.

## ലോകത്തിലെ ഏററം വലിയ മഹാൻ

വത്തിക്കാനിൽ ഈജിപ്റ്റിൻെറ മിനിസ്റ്റർ ഉദ്യോഗം വഹിക്കുന്ന അലിമരേയി എന്ന ദേഹം ഫ്രഞ്ചുഭാഷയിൽ നടത്തപ്പെടുന്ന ഇജിപ്ഷ്യൻ പത്രമായ "പ്രോഗ്രെ ദെയാൻ"പ്രതിനിധിയോടു പ്രസ്താവിച്ചതു്, "നമ്മുടെ കാലത്തിലെ ഏററം വലിയ മഹാൻ മാർപ്പാപ്പായാണെ" ന്നാണു്. അവിടുത്തെ ഹൃദയത്തിൽ കുടികൊള്ളുന്ന നന്മയെ വർണ്ണിക്കുവാൻ വാക്കുകൾ കണ്ടുപിടിക്കുക സാദ്ധ്യമല്ലെന്നും, അവിടുത്തെ ഭരണം തുടർന്നുപോകുന്നതു ലോകപ്രശ്നങ്ങൾക്കു ഒരു വലിയ അനുഗ്രഹം തന്നെയാണെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

## കോൺസിസ്റ്റോറി വിളിച്ചുകൂട്ടിയേക്കും

ഈ മാർച്ചു മാസത്തിൽ പരിശുദ്ധ മാർപ്പാപ്പാ ഒരു കൊൺസിസ്റ്റോറി (കർദ്ദിനാൾ സംഘത്തിൻെറ സമ്മേളനം) വിളിച്ചുകൂട്ടിയേക്കുമെന്നും കർദ്ദിനാൾ സംഘത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ പുതിയ കർദ്ദിനാളന്മാരെ നിയമിച്ചേക്കുമെന്നും ഒരു വാർത്തയിൽ കാണുന്നു. കർദ്ദിനാൾ സംഘത്തിൽ ഇപ്പോൾ 6 ഒഴിവുകളാണുള്ളതു്.

മാർപ്പാപ്പാ അവിടുത്തെ സന്ദർശനപരിപാടികൾ ആരംഭിച്ചു തുടങ്ങിയിരിക്കുന്നു. റീത്തുകളുടെ തിരുസംഘം ഏതാനും പുണ്യചരിതന്മാരുടെ സിദ്ധപദപ്രഖ്യാപനനടപടികൾ സംബന്ധിച്ചു സമ്മേളിക്കുന്ന മീററിംഗിൽ മാർപ്പാപ്പാ സന്നിഹിതനായിരിക്കുമെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## ഇന്തോചൈനയിലെ രക്തസാക്ഷിത്വം

ഫ്രാൻസിലെ കാത്തലിക്ക് എയ്ഡ് സംഘടനയുടെ സിക്രട്ടറി ജനറൽ മോൺസിഞ്ഞോർ ജീൻ റോഡയ്ൻ വിയററ്നാം അഭയാർത്ഥിസങ്കേതങ്ങളിൽ 24 ദിവസത്തെ പര്യടനം നടത്തി വസ്തുതകൾ മനസ്സിലാക്കിയതിനുശേഷം ഇന്തോചൈനയിലെ രക്തസാക്ഷിത്വചരിത്രം ഇങ്ങനെ വിവരിച്ചു:- കഴിഞ്ഞ 200 കൊല്ലത്തിനിടയിൽ ഇന്തോചൈനയിൽ 1 ലക്ഷത്തിലധികം പേർ രക്തസാക്ഷിത്വം വരിച്ചിട്ടുണ്ടു്. ഇന്നു അസഹനീയമായ വിധത്തിൽ അവിടെ മർദ്ദനത്തിനു വിധേയരാക്കപ്പെട്ടിരിക്കുന്ന കത്തോലിക്കർക്കു്, ഈ വേദസാക്ഷികൾ ആർജ്ജിച്ചുവച്ചിട്ടുള്ള ആദ്ധ്യാത്മികവീര്യത്തിൻെറ കലവറയാണു് ശക്തിപ്രദാനം ചെയ്തുകൊണ്ടിരിക്കുന്നതെന്നു വിശ്വസിക്കുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. ഉത്തരപ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റുകളുടെ പിടിയിൽനിന്നു അഭയംതേടി രക്ഷപെടുന്ന കത്തോലിക്കരുടേയും മററു മതസ്ഥരുടേയും കഥ ചരിത്രത്തിൽ കേവലം അതുല്യമായ ഒരു സംഭവമാണു്. ഈ അഭയാർത്ഥികളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ഉടൻ നടപ്പിലാക്കപ്പെടേണ്ടതു അടിയന്തിരമായ ഒരാവശ്യമത്രെ. സഹായം അഭ്യർത്ഥിക്കുന്നതിനു 10 വിയററ്നാമിൻ വൈദികർ ഫ്രാൻസിലെ ഇടവകകൾതോറും ചുററിനടക്കുന്നതിനു അനുവദിക്കപ്പെട്ടിരിക്കുന്നു. 50-ൽപ്പരം ഫ്രഞ്ചുരൂപതകളിൽ അഭയാർത്ഥികേന്ദ്രങ്ങൾ സമാരംഭിക്കുകയും അഭയാർത്ഥികളെ സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

## പുതിയ നേഴ്സിങ്ങ് ഹോം

എറണാകുളം നോർത്തു് സ്റ്റേഷനു സമീപം പരമാര റോഡിൽ മെഡിക്കൽ സിസ്റ്റേഴ്സിൻെറ മേൽനോട്ടത്തിൽ ഒരു നേഴ്സിങ്ങ് ഹോം ഈ മാർച്ച് 1-ാംനു മുതൽ ആരംഭിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ടു്. വിദഗ്ദ്ധന്മാരായ ഡോക്ടർമാരുടേയും നേഴ്സിങ്ങ്, മിഡ്വൈഫറി മുതലായവയിൽ നല്ല പരിശീലനം സിദ്ധിച്ചിട്ടുള്ള സഹോദരികളുടെയും സേവനം രോഗികൾക്കു ലഭിക്കുന്നതാണു്.

കൂടുതൽ വിവരങ്ങൾ സിസ്റ്റേഴ്സ് വസിക്കുന്ന ക്രിസ്തുരാജമഠത്തിൽ വന്നു അന്വേഷിച്ചാൽ അറിയാവുന്നതാണു്.

## താച്ചൻ ദ്വീപുകളിൽനിന്നും അഭയാർത്ഥികൾ


ഫോർമോസായ്ക്കടുത്തുള്ള താച്ചൻ ദ്വീപുകൾ കമ്മ്യൂണിസ്റ്റുകൾ ആക്രമിക്കുമെന്നുള്ള ഭീഷണിയെത്തുടർന്നു് അവിടെനിന്നു നിരവധി ജനങ്ങൾ നാടും വീടും വിട്ടോടിക്കൊണ്ടിരിക്കുന്നു. അവരിൽ ആദ്യത്തെ ഒരു വിഭാഗത്തെ അമേരിക്കൻ നാഷനൽ കാത്തലിക്ക് വെൽഫയർ കോൺഫറൻസിൻെറ മേൽനോട്ടത്തിൽ സുരക്ഷിതമേഖലകളിലേക്കു മാററിയിരിക്കുന്നു. മത്സ്യബന്ധനത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും സ്കൂൾവിദ്യാർത്ഥികളും യുദ്ധത്തിൽ അനാഥരാക്കപ്പെട്ടവരും ഇവരിൽ ഉൾപ്പെടുന്നു. "ടെയ്പിക്കടുത്തുള്ള കീലങ്ങ്" എന്ന സ്ഥലത്തു 1000 ത്തോളം പേരെ സ്കൂൾക്കെട്ടിടങ്ങളിൽ താമസിപ്പിച്ചിരിക്കയാണു്. സാവകാശത്തിൽ അവരെ പുനരധിവാസകേന്ദ്രങ്ങളിലേക്കു നീക്കുന്നതിനാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. താച്ചൻ ദ്വീപുകളിൽനിന്നു രക്ഷപെടുത്തുന്നതിനു കപ്പൽ പ്രതീക്ഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ നടന്ന കമ്മ്യൂണിസ്റ്റുകളുടെ ഒരു ബോംബാക്രമണത്തിൽ 100 കുട്ടികൾ മരണമടഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടു്.

## മാൾട്ടാ ഇലക്ഷൻ സംബന്ധിച്ചു മെത്രാപ്പോലീത്താ

കത്തോലിക്കാമതത്തിൻെറ തത്വങ്ങൾക്കു വിരുദ്ധമായി മാൾട്ടായിലെ പുതിയ ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനു കൊണ്ടുവരപ്പെടുന്ന എല്ലാ നിർദ്ദേശങ്ങളേയും മാൾട്ടാ കത്തോലിക്കാസഭ സർവ്വശക്തിയുമുപയോഗിച്ചു എതിർക്കുന്നതാണെന്നു അവിടുത്തെ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഗോൺസി തിരുമനസ്സുകൊണ്ടു ഒരു ഇടയലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കോമൺവെൽത്തു വൃത്തത്തിനുള്ളിൽ മാൾട്ടാ ദ്വീപിൻെറ ഭാവിയെപ്പററി നിർണ്ണയിക്കുന്നതിനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പാർട്ടിക്കു വിട്ടുകൊടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പാണു് അവിടെ അത്യാസന്നമായിരിക്കുന്നതു്. അവിടുത്തെ നാഷനലിസ്റ്റ്പാർട്ടി ഡൊമീനിയൻ സ്റ്റാററസിനുവേണ്ടി നിലകൊള്ളുന്നു. ബ്രിട്ടനുമായി രാഷ്ട്രീയവും സാമ്പത്തികവും, സാമൂഹികവുമായ ഒരു ഇൻറഗ്രേഷനാണു് ഉണ്ടാകേണ്ടതെന്നു ലേബർപാർട്ടി അഭിലഷിക്കുന്നു. എന്നാൽ ബ്രിട്ടീഷ് വിവാഹമോചന നിയമങ്ങൾ അംഗീകരിക്കുവാൻ അവർ തയാറില്ലത്രെ.

## വിയററ്നാം സഭയ്ക്കു വേണ്ടി ബ്രിട്ടനിൽ പ്രാർത്ഥന

വിയററ്നാമിൽ മർദ്ദനമനുഭവിക്കുന്ന കത്തോലിക്കർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുന്ന തിരുനോമ്പുകാലത്തിലെ ആദ്യഞായറാഴ്ച ഒരു പ്രാർത്ഥനാദിനമായി ഇംഗ്ലണ്ടിലേയും വെയിൽസിലേയും മെത്രാന്മാർ പ്രഖ്യാപിച്ചു. അന്നാ അരുത തുടർന്നുള്ള ഏതെങ്കിലും ഞായറാഴ്ചയോ വിയററ്നാം അഭയാർത്ഥികൾക്കുവേണ്ടി ഒരു പൊതുപിരിവു നടത്തുന്നതിനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ ജൂലൈമാസത്തിൽ ജനീവാകാൺഫറൻസ് വിയററ്നാമിനെ സംബന്ധിച്ചു ചെയ്ത തീരുമാനംമൂലം 10 ലക്ഷത്തിൽപരം കത്തോലിക്കർ കമ്മ്യൂണിസ്റ്റ്മേഖലയിലായിട്ടുണ്ടു്. ഒക്ടോബർമാസത്തോടുകൂടി 4 ലക്ഷംപേർ ദക്ഷിണമേഖലയിൽ അഭയംതേടി. അഭയാർത്ഥികളിൽ 90 ശതമാനവും കത്തോലിക്കരാണു്. അവിടെ അവരുടെ സാഹചര്യങ്ങൾ ക്ലേശപൂർണ്ണമാകാതെ തരമില്ലല്ലോ. സ്വതന്ത്രമേഖലയിൽ കടന്നുപാരുന്നതിനു കഴിഞ്ഞിട്ടുള്ള അവർ ഇപ്പോൾ ലോകത്തെവിടെയുമുള്ള കത്തോലിക്കരുടെ സഹായമഭ്യർത്ഥിക്കുകയാണു്. മർദ്ദനത്തിൽ മരണമടഞ്ഞവർക്കും, ബന്ധനത്തിലാക്കപ്പെട്ടവർക്കും, ഭാഗ്യവശാൽ സ്വതന്ത്രമേഖലയിൽ എത്തിച്ചേർന്നവർക്കുംവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നാണു് മെത്രാന്മാർ ആഹ്വാനം ചെയ്തിട്ടുള്ളതു്.



## ഒരു ചരമം

കാഞ്ഞിരപ്പിള്ളി ഇടവക പള്ളിവാതുക്കൽ നിക്കോളാവോസ് ചേച്ചമ്മ ഫെബ്രുവരി 8-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു.

R. I. P. (വാർത്ത അന്യത്ര)


## ഫ്ളൂട്ടുകച്ചേരി

സംഗീതശാസ്ത്രസമ്രാട്ട്

ശ്രീ ജെ. എ. വിതയത്തിൽ

ആൻറു് പാർട്ടി

പുറമെ

പാട്ടുകുർബാന, വാഴ്വു്

ഇവയുടെ ഗീതങ്ങൾ ഭക്തിസംവർദ്ധകം

തന്ത്രീകൾ: ഫ്ളൂട്ട് & ഫിഡിൽ

For Booking apply to:-
J. A. Vithayathil, Varapuzha.


ബഃ അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

തോമസ് ജോസഫ്

## പോളിഷ് കമ്മ്യൂണിസ്റ്റ് കുൾക്കു് പററിയ ഒരമളി

നാടകാഭിനയത്തിൽ ലോകപ്രസിദ്ധിനേടിയിട്ടുള്ള പോളണ്ടുകാരനായ ബോൾസ്ലി എന്ന നടൻ ഈയിടെ അന്തരിച്ചു. അദ്ദേഹം ഒരു നിരീശ്വരനും സ്വതന്ത്രവാദിയുമായിട്ടാണറിയപ്പെട്ടിരുന്നതു്. അദ്ദേഹത്തിൻെറ മരണവാർത്ത അറിഞ്ഞ ഉടനെ സഖാക്കൾ അദ്ദേഹത്തിനു അത്യാഡംബരപൂർവ്വമായ ഒരന്തിമോപചാരം നൽകണമെന്നു നിശ്ചയിക്കുകയും ഒരു ഭസ്സുററു് സംസ്കാരത്തിനുള്ള വട്ടങ്ങളെല്ലാം സജ്ജീകരിക്കുകയും ചെയ്തു. എന്നാൽ 11-ാംമണിക്കൂറിൽ അറിവായി, "കമ്മ്യൂണിസത്തിൻെറ അഭിമാനസ്തംഭമായി" പരിഗണിക്കപ്പെട്ടിരുന്ന 100 വയസ്സുപ്രായമുള്ള അദ്ദേഹം ക്രാക്കോയിൽ മരിക്കാറായി കിടക്കുന്ന അവസരത്തിൽ ഒരു കത്തോലിക്കാവൈദികനെ വിളിച്ചുവരുത്തി തെററുകളെ ഉപേക്ഷിച്ചു കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു അന്ത്യകൂദാശകൾ കൈക്കൊണ്ടാണു് മരിച്ചതെന്നും ഒരു ക്രിസ്തീയസംസ്കാരം നടത്തപ്പെടണമെന്നു നിശ്ചയം ചെയ്തുവച്ചു എന്നും. ഇളിഭ്യന്മാരായി കമ്മ്യൂണിസ്റ്റ്സഖാക്കൾ സ്ഥലംവിട്ടു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ERNAKULAM, MARCH 9 No. 29


## കത്തോലിക്കാസഭയും മാർപ്പാപ്പായും

“പത്രോസ്, നീ പാറയാകുന്നു. ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും.” ക്രിസ്തു ലോകത്തിൽ സ്ഥാപിക്കാനിരുന്ന സഭയെപ്പററിയുള്ള വ്യക്തമായ ഒരു സൂചനയും അതിന്റെ അടിസ്ഥാനത്തെ സംബന്ധിച്ച ഒരു പ്രസ്താവനയുമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നതു്. പത്രോസ് ക്രിസ്തുസഭയുടെ അസ്ഥിവാരമായിരിക്കും. ക്രിസ്തു ഈ വാഗ്ദാനമനുസരിച്ചു്, അവിടുത്തെ ഉത്ഥാനത്തിനുശേഷം പത്രോസിനു അവിടുത്തെ സഭയെ ഭരിക്കുന്നതിനുള്ള അധികാരാവകാശങ്ങൾ നൽകി. “സ്വർഗ്ഗത്തിന്റെ താക്കോലു”കളും “ആടുകളേയും കുഞ്ഞാടുകളേയും മേയ്ക്കുന്ന”തിനുള്ള കർത്തവ്യവും പ്രദാനംചെയ്യപ്പെട്ടു. അതുകൊണ്ടാണ് പണ്ഡിതനും വേദപാരംഗതനുമായ വിശുദ്ധ അമ്പ്രോസ് പറഞ്ഞിട്ടുള്ളതു്, “പത്രോസ് എവിടെയാണോ അവിടെ സഭയുമുണ്ടു്” എന്നു്.

പത്രോസിന്റെ 262-ാമത്തെ അനുഗാമി തിരഞ്ഞെടുക്കപ്പെടുകയും, മീൻപിടുത്തക്കാരന്റെ മോതിരവും സഭാദ്ധ്യക്ഷന്റെ മുമ്മുടിയും ധരിപ്പിക്കപ്പെടുകയും ചെയ്ത സംഭവങ്ങളെ അനുസ്മരിച്ചു ഈ വാരത്തിൽ പാപ്പാദിനം ആചരിക്കപ്പെടുന്നു. അത്യുന്നതകർദ്ദിനാൾ പച്ചെല്ലി 11-ാംപീയൂസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടതു 1939 മാർച്ച 2-ാംതീയതിയും അവിടുന്നു 12-ാംപീയൂസ് എന്ന അഭിധാനത്തിൽ മാർപ്പാപ്പായായി മുടിചൂടിക്കപ്പെട്ടതു മാർച്ച് 12-ാംതീയതിയുമായിരുന്നല്ലോ. അതുകൊണ്ടു പത്രോസിന്റെ പിൻഗാമിയായ 12-ാംപീയൂസ് മാർപ്പാപ്പായിൽ ഇന്നും ക്രിസ്തുവിന്റെ സഭ സജീവമായി നിലകൊള്ളുന്നു. ഇതാണ് കത്തോലിക്കാസഭയുടെ ചൈതന്യം. “നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല” എന്നുള്ള ദിവ്യവാഗ്ദാനം നിതരാം തിരുസഭയിൽ നിറവേറുന്നു.

### പാപ്പാധിപത്യം

ക്രിസ്തുസഭ ഒരു ദിവ്യസ്ഥാപനമായിരിക്കുന്നതുപോലെ പാപ്പാധിപത്യവും ഒരു അക്ഷയസ്ഥാപനമാണ്. ദൈവകരം അതിനെ നിലനിർത്തുന്നു. “ഞാൻ എല്ലാ കാലവും ലോകാവസാനത്തോളവും നിങ്ങളോടുകൂടിയുണ്ടു്” എന്നു ആരെ ഉദ്ദേശിച്ചു ക്രിസ്തു പറഞ്ഞുവോ ആ സമൂഹമാണ് കത്തോലിക്കാസഭ. അതിൽ ക്രിസ്തുവിന്റെ വികാരിയായി അതിനെ നയിച്ചു ഭരിച്ചുകൊണ്ടിരിക്കുന്ന അധികാരസ്ഥാനമാണ് പാപ്പാധിപത്യത്തിൽ അതതുകാലത്തെ മാർപ്പാപ്പാമാർ സംവഹിക്കുന്നതു്. ലോകത്തെവിടെയുമുള്ള ക്രിസ്ത്വാനുയായികൾ സഭാസ്ഥാപകനായ ക്രിസ്തുവിന്റെ അഭിലാഷവും സഭാസ്ഥാപനോദ്ദേശവുമനുസരിച്ചു പാപ്പാധിപത്യത്തിനു വിധേയരായി മാർപ്പാപ്പാമാരെ അനുസരിച്ചു ജീവിക്കേണ്ടതു ഒരു യഥാർത്ഥ ക്രിസ്തീയകർത്തവ്യമാണ്. “നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ ധിക്കരിക്കുന്നവൻ എന്നെ ധിക്കരിക്കുന്നു” എന്നുള്ള അവിടുത്തെ വാക്കുകൾ ഓരോ ക്രിസ്ത്യാനിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതത്രെ. സഭയോടും മാർപ്പാപ്പായോടുമുള്ള കർത്തവ്യങ്ങളിൽ പുത്രസഹജമായ ഒരു മനോഭാവവും പ്രവർത്തനവുമാണ് സർവ്വപ്രധാനം. ഹൃദയപൂർവ്വം സഭയെ സ്നേഹിക്കുക. സഭയുടെ അഭ്യുദയത്തിലും ആപത്തിലും ആത്മാർത്ഥമായ സഹാനുഭൂതിയുണ്ടാവുക. അപ്പോൾ സഭാമാതാവിന്റെ മാതൃക അവനിൽ പ്രതിഫലിക്കുന്നതിനും, സഭയുടെ അമൂല്യനിക്ഷേപങ്ങൾ അവനു സ്വന്തമാക്കുന്നതിനും, സഭയ്ക്കുവേണ്ടി ഏതു ക്ലേശങ്ങളേയും സഹിക്കുന്നതിനും മരിക്കുന്നതിനുപോലുമുള്ള സന്നദ്ധത കൈവരിക്കുന്നതിനും സാധിക്കും. ഇപ്രകാരം സഭയോടുള്ള ഐക്യവും സ്നേഹവും സഭാതലവനായ മാർപ്പാപ്പായുടെ നേർക്കാണു് പ്രത്യക്ഷത്തിൽ പ്രകടിതമാവുക. 9-ാംഗ്രിഗോരിയോസ് മാർപ്പാപ്പായോടുള്ള തീവ്രമായ ഭക്തിയെ അറിയിക്കുന്നതിനു സീയന്നായിലെ വിശുദ്ധ കത്രീനാ എഴുതിയ ഒരു കത്തിൽ ഈ തത്വം വിശദമാക്കിയിട്ടുണ്ടു്. “എന്റെ രക്തം മുഴുവനും പരിശുദ്ധ സഭയ്ക്കുവേണ്ടി ചിന്തുന്നതിനു ഞാനാഗ്രഹിക്കുന്നു” എന്നാണ് വിശുദ്ധ അതിൽ പ്രസ്താവിച്ചതു്. അതായതു സഭയ്ക്കുവേണ്ടി എന്നു പറയുന്നതും മാർപ്പാപ്പായ്ക്കുവേണ്ടി എന്നു പറയുന്നതും ഒന്നുതന്നെ എന്നർത്ഥം.

### മാർഗ്ഗങ്ങൾ

തിരുസഭയോടും മാർപ്പാപ്പായോടും ആത്മാർത്ഥമായ ഭക്തിയും സ്നേഹവും കൈവളർത്തണമെങ്കിൽ അതിനു സഹായകമായ മാർഗ്ഗങ്ങളെ ആലംബമാക്കാതെ നിവൃത്തിയില്ല. ഒന്നാമതായിതന്നെ സഭയെപ്പററി വേണ്ട അറിവു സമ്പാദിക്കുക. വേദപുസ്തകം, പാരമ്പര്യം, സഭാചരിത്രവും നിയമങ്ങളും ഇവ വഴിക്കാണ് ഒരു കത്തോലിക്കൻ അവനു വേണ്ട ആദ്ധ്യാത്മികജ്ഞാനം സമ്പാദിക്കേണ്ടതു്. തിരുസഭയുടെ വിവിധ ഘട്ടങ്ങളിൽ വിശ്വസ്തസേവനമനുഷ്ഠിച്ചിട്ടുള്ളവരും സന്തോഷങ്ങളിലും സന്താപങ്ങളിലും ഒരുപോലെ വിശ്വസ്തത പാലിച്ചിട്ടുള്ളവരുമായ പുരോഗാമികളേയാണ് സഭാചരിത്രം നമ്മുടെ മുമ്പിൽ മാതൃകായോഗ്യരായ ആദർശങ്ങളായി നിരത്തിവയ്ക്കുന്നതു്. ചരിത്രംവഴിയായി ആദിമസഭയിലെ രക്തസാക്ഷികളേയും അനന്തരകാലങ്ങളിലെ സന്യാസസഭകളേയും, പിന്നീടുണ്ടായിട്ടുള്ള വേദപാരംഗതന്മാരേയും, മിഷനറിപ്രവർത്തകരേയും പരിചയപ്പെടുന്നതിനും അഭംഗമായ സഭയുടെ നിലനില്പിനെപ്പററി അറിയുന്നതിനും ഇടയാകുന്നു. ഏവംവിധം അവന്റെ വിശ്വാസം ദൃഢതരമാകുന്നു. സജീവമായ ഈ വിശ്വാസം ഓരോ പ്രവൃത്തികളിലും പ്രായോഗികമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

ഉത്തമക്രിസ്ത്യാനിക്കു സഭയോടുള്ള അവന്റെ ഭക്തിയെ പ്രകടമാക്കുന്നതിനുള്ള വേറൊരു മാർഗ്ഗം സഹോദരസ്നേഹത്തിൽനിന്നുളവാകുന്ന സഹിഷ്ണുതയാണ്. സഭയിലേക്കു ബഹുജനങ്ങളെ ആനയിക്കുന്ന സത്യത്തിന്റെ കവാടം അവനൊരിക്കലും അടയ്ക്കുകയില്ലെന്നു മാത്രമല്ല അതു്, സകലമാനപേർക്കും സ്വാഗതമരുളത്തക്കവണ്ണം, അവന്റെ കഴിവുകൾ മുഴുവനും ജനഹൃദയങ്ങളെ സത്യത്തിലേക്കാകർഷിക്കുന്നതിനായി അവൻ വിനിയോഗിച്ചുകൊണ്ടിരിക്കും. ഇതിലാണു കത്തോലിക്കാപ്രവർത്തനം അവൻ പ്രായോഗികമാക്കുന്നതു്. തെററുകളെ ന്യായയുക്തം എതിർക്കുന്നതിലും സത്യത്തെ പ്രബോധിപ്പിക്കുന്നതിലും സഹോദരസ്നേഹത്തിനെതിരായ യാതൊരു കാർക്കശ്യവും അവൻ കാണിക്കുകയില്ല. ക്ഷമയോടും ശാന്തതയോടുംകൂടി സഭാസേവനം നിർവ്വഹിക്കുക, അതാണവന്റെ ആദർശം.

തിരുസഭ ക്രിസ്തുവിന്റെ മൗതികശരീരമാകയാൽ അതിന്റെ ഒരവയവമായിരിക്കുന്ന ക്രിസ്ത്യാനിക്കു ആ ശരീരഘടനയിൽനിന്നു വ്യതിരിക്തമായ ഒരു നിലപാടു സാദ്ധ്യമല്ല. ഈ അവബോധമാണു് അവനു ക്രൈസ്തവജീവിതത്തെ പ്രായോഗികമാക്കുന്നതിനുള്ള മറെറാരു മാർഗ്ഗം. സഭയിൽ സജീവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശിരസ്സാകുന്ന ക്രിസ്തുവിനോടു അനുനിമിഷം അവൻ ബന്ധപ്പെട്ടു പ്രവർത്തിക്കുകയാണ്. മൗതികശരീരത്തിലെ മററംഗങ്ങളോടു് അവൻ അവശ്യം സഹകരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഉദാസീനമായ ഒരു നിലപാടിനവിടെ സ്ഥാനമില്ല. സന്തോഷത്തിലും സങ്കടത്തിലും, വിജയത്തിലും അപജയത്തിലും, മഹിമയിലും മർദ്ദനത്തിലും ഒരുപോലെ അവൻ സഹകരിക്കാതെ ഗത്യന്തരമില്ല. അതവനിൽ ആരോപിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷമല്ല, പ്രത്യുത സഹജമായി ഉദയംചെയ്യുന്ന മനസ്ഥിതിയാണ്. ഇപ്രകാരം തിരുസഭയോടും മാർപ്പാപ്പായോടും ആത്മാർത്ഥമായ ഏകീഭാവം അവനിൽ സംജാതമായിക്കഴിയുമ്പോൾ സഭയുടെ വീക്ഷണവും സഭയോടുള്ള ഗാഢമായ സ്നേഹബന്ധത്തിൽ ഏതൊരു പ്രവൃത്തിയും ചെയ്യുന്നതിനുള്ള സന്നദ്ധതയും ഉപര്യുപരി വർദ്ധമാനമായിക്കൊണ്ടിരിക്കും. അതുവഴി നേരിടാവുന്ന ക്ലേശങ്ങളെല്ലാം അവനു സംതൃപ്തിയുളവാക്കുന്നവ മാത്രമാണ്.

### ക്രിസ്തീയചൈതന്യം

ഏവംവിധം ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന സത്യസഭയിൽ അംഗമാകുകയും ഈ ഏകീഭാവത്തെ അവന്റെ ജീവിതത്തിൽ സാർത്ഥകമാക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥക്രിസ്തീയചൈതന്യം ആ വ്യക്തിയിൽ പരിശോഭിക്കുക. ദൈവസ്നേഹവും മതഭക്തിയും സഹോദരസ്നേഹവും സഹിഷ്ണുതയും കത്തോലിക്കാ പ്രവർത്തനാസക്തിയും അതിന്റെ സ്വാഭാവികഫലങ്ങളായി അവനിൽ പ്രവർത്തിക്കുകതന്നെ ചെയ്യും. ഇതുകൊണ്ടുമാത്രമേ ക്രിസ്തീയമായ ഒരന്തരീക്ഷം ലോകത്തിൽ നിലനിർത്തുന്നതിനു സാദ്ധ്യമാവുകയുള്ളു. ആകയാൽ പാപ്പാദിനം ആചരിക്കപ്പെടുന്ന ഈ ശുഭാവസരത്തിൽ കത്തോലിക്കാസഭയും പാപ്പാധിപത്യവും നമ്മെ അനുസ്മരിപ്പിക്കുന്ന ദിവ്യാദർശങ്ങളെ വേണ്ടവിധത്തിൽ ഗ്രഹിക്കുന്നതിനും, ക്രിസ്തുവിനെ ലോകത്തിനു ഏററവും ആവശ്യമായിരിക്കുന്ന ഈ പ്രതിസന്ധിഘട്ടത്തിൽ ക്രിസ്ത്വാനുയായികളായ നമ്മുടെ ആത്മാർത്ഥമായ മാതൃകാജീവിതംവഴി അവിടുത്തെ ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനും നമുക്കു ദൃഢവ്രതരാകാം. തിരുസഭയെ ഭാഗ്യമോടെ ഭരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ മാർപ്പാപ്പാ 12-ാം പീയൂസ് തിരുമേനിക്കുവേണ്ടിയും അവിടുത്തെ അഭിലാഷങ്ങളുടെ സാർത്ഥീകരണത്തിനുവേണ്ടിയും ഉള്ളഴിഞ്ഞു നമുക്കു പ്രാർത്ഥിക്കാം. അവിടുത്തെ പ്രബോധനങ്ങളിൽ പ്രകടമാക്കപ്പെടുന്ന തിരുസഭാദർശങ്ങളെ അന്വർത്ഥമാക്കുന്നതിനു അവയെ പഠിക്കുകയും ജീവിതത്തിൽ അക്ഷരാർത്ഥം പ്രായോഗികമാക്കുകയും ചെയ്യാം.

മാർപ്പാപ്പാ
നീണാൾ വിരാജിക്കട്ടെ!

—o—

## മാളയിലെ തിസ്സെരാങ്ങ് മെമ്മോറിയൽ വിവാഹസഹായനിധിക്കു ആശംസാസഹായങ്ങൾ

അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് മാള സന്ദർശിച്ചതിന്റെ സ്മാരകമായി അവിടത്തെ വിൻസെന്റു ഡി പോൾ സംഘം സെന്റു സ്റ്റനിസ്ലാവൂസ് കോൺഫറൻസ് ഒരു വിവാഹസഹായനിധി ഏർപ്പെടുത്തുകയുണ്ടായല്ലോ. വിവാഹത്തിനുവേണ്ട സാമ്പത്തിക കഴിവില്ലാതെ വിഷമിക്കുന്ന ദരിദ്രയുവതികളെ സഹായിച്ചു അവരുടെ വിവാഹം നടത്തിക്കൊടുക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ആദ്യത്തെ മൂന്നുമാസത്തെ പ്രവർത്തനത്തിൽ 500ൽ പരം രൂപാ ശേഖരിച്ചു 6 പാവപ്പെട്ട യുവതികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനു് പ്രസ്ഥാനത്തിനു കഴിഞ്ഞു എന്നു കാണുന്നു. ഈ വിവരങ്ങൾ മനസ്സിലാക്കി അത്യുന്നതകർദ്ദിനാൾ തിരുമേനി അത്യധികം സന്തോഷം പ്രകടിപ്പിച്ചും ഹൃദയംഗമമായ അനുഗ്രഹാശിസ്സുകൾ നൽകിയും പ്രോത്സാഹനാർത്ഥം ഗണ്യമായ ഒരു സംഭാവനചെയ്തും തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടുവഴി മാളാ കോൺഫറൻസിനു ഒരു പൈതൃക സന്ദേശം 1955 ജനുവരി 14-ാം തീയതി അയച്ചുകൊടുത്തിരിക്കുന്നു.

“അത്യുത്തമമായ ഈ ഉപവിപ്രവൃത്തിയെ സംബന്ധിച്ചു എനിക്കുള്ള മഹത്തായ സംതൃപ്തിയെ പ്രസ്തുത വിൻസെന്റു് ഡി പോൾ കോൺഫറൻസിന്റെ അംഗങ്ങളെ അറിയിക്കുന്നതിനു അങ്ങേയോടഭ്യർത്ഥിക്കുന്നു. അവർക്കു സർവ്വ വിജയങ്ങളും ഹൃദയപൂർവ്വം ഞാൻ ആശംസിക്കുന്നു എന്നും എന്റെ ആശീർവ്വാദം അവർക്കു ഞാൻ പ്രദാനം ചെയ്യുന്നു എന്നും അവരോടു പറയുക” എന്നാണ് കർദ്ദിനാൾതിരുമേനി ആ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. മാളാകോൺഫറൻസിന്റെ മാതൃകയെ മററു കോൺഫറൻസുകളും കാലദേശാവശ്യങ്ങൾക്കനുസരിച്ചു് അനുകരിക്കുന്നതായാൽ മഹത്തായ സേവനങ്ങൾ നമ്മുടെ വിൻസെന്റു ഡി പോൾ സഖ്യശാഖകൾക്കു നിർവ്വഹിക്കുന്നതിനു സാധിക്കുന്നതാണ്. ഏതാദൃശപ്രസ്ഥാനങ്ങൾ നടത്തിപ്പോരുന്ന കോൺഫറൻസുകളെ അനുമോദിക്കുന്നതിനും മററുള്ള കോൺഫറൻസുകളും ഈവിധസംരംഭങ്ങളിൽ ഏർപ്പെടുന്നതിനു പ്രത്യേകം ശ്രദ്ധിക്കണമെന്നുൽബോധിപ്പിക്കുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### മനുഷ്യസഹജമായ പരസ്പരബന്ധം

മനുഷ്യനും മനുഷ്യനുമായുള്ള എല്ലാ ഇടപാടുകളിലും മനുഷ്യസഹജമായ പരസ്പരബന്ധം പുലർത്തപ്പെടണമെന്ന അഭിപ്രായം ആധുനികകാലത്തിൽ പ്രചരിച്ചു കാണുന്നതു് ശുഭോദർക്കമാണ്. നിരവധി ഉൽപതിഷ്ണുക്കളെ ആവേശംകൊള്ളിക്കുന്നതിനും നേതാക്കന്മാരെ ചിന്തയുള്ളവരാക്കുന്നതിനും ഇതിനകം അതിനു സാധിച്ചിട്ടുണ്ടു്. ഈയിടെ ബോമ്പെയിൽ സാമൂഹികശാസ്ത്രങ്ങളുടെ ടാട്ടാഇൻസ്റ്റിററ്യൂട്ട് വക പുതിയ കെട്ടിടങ്ങൾ ഉൽഘാടനം ചെയ്തുകൊണ്ടു ഇന്ത്യൻപ്രധാനമന്ത്രി ജവഹരിലാൽ നെഹ്റു ചെയ്ത പ്രസംഗത്തിൽ ഈ അഭിപ്രായഗതിയെ സുദീർഘം ചർച്ച ചെയ്യുകയുണ്ടായി. ഏതാദൃശമായ ഒരു ബന്ധം മനുഷ്യന്റെ വ്യവസായപ്രവർത്തനരംഗങ്ങളിൽ മാത്രമല്ല എല്ലാരംഗങ്ങളിലും, ഗവർമ്മെണ്ടു നടത്തുന്ന കാര്യങ്ങളിൽ പോലും സമാദരിക്കപ്പെടേണ്ടതു അവശ്യാവശ്യമാണെന്നു സ്വന്ത അനുഭവത്തെ അടിസ്ഥാനമാക്കി അദ്ദേഹം ശക്തിയുക്തം സ്ഥാപിച്ചു.

മനുഷ്യസമുദായത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും മനുഷ്യസഹജമായ പരസ്പരബന്ധം പുലർത്തണമെന്നുള്ളതു് ഒരു പുതിയ അറിവല്ല, തീർച്ചതന്നെ. പക്ഷെ മാനവസമുദായം അതു പരിപൂർണ്ണമായി വിസ്മരിച്ചതുകൊണ്ടു ഇന്നു അതു കണ്ടെടുക്കുന്നതിനു ഒരു ഗവേഷണം ആവശ്യമായിവന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. മനുഷ്യൻ തല്ലിത്തകർത്ത ഈ ആദർശദീപത്തിന്റെ അഭാവത്തിൽ അന്ധകാരപ്പരപ്പിലൂടെ അധികദൂരം ക്ലേശങ്ങളിലും കഷ്ടതകളിലും അവർ തപ്പിത്തടഞ്ഞു ജീവിതയാത്ര തുടരേണ്ടിവന്നിട്ടുണ്ടു്. ദാരുണമായ ഈ അനുഭവങ്ങൾ കൺമുമ്പിലുള്ളതുകൊണ്ടാണ് ഈ പ്രത്യാഗമനം ശുഭോദർക്കമാണെന്നു മുകളിൽ സൂചിപ്പിച്ചതു്. ഒന്നാമതായി ഈ ആദർശം പ്രായോഗികമാക്കേണ്ടതു് വ്യവസായരംഗത്താണ്. മുതലാളിയും തൊഴിലാളിയും തമ്മിൽ ഇന്നു നിലവിലുള്ള വിടവടയ്ക്കുന്നതിനും സഹകരണം സംജാതമാക്കുന്നതിനും ഇതു മാത്രമാണ് മാർഗ്ഗമുള്ളതു്. ഒരു തൊഴിലാളി അവൻ ജോലിചെയ്യുന്ന യന്ത്രങ്ങളുടെ ഒരു ഭാഗമല്ലെന്നും, അവനിൽ സംപൂജ്യമായി പരിഗണിക്കപ്പെടേണ്ട ഒരു മനുഷ്യത്വമുണ്ടെന്നും എല്ലാവർക്കും ബോദ്ധ്യപ്പെടണം. കഴിഞ്ഞ സാർവ്വദേശീയ തൊഴിലാളി കോൺഫറൻസിന്റെ യോഗത്തിൽ ഈ വിഷയത്തെപ്പററി വളരെ ശക്തിയുക്തമായ അഭിപ്രായപ്രകടനങ്ങൾ നടക്കുകയുണ്ടായെന്നു മാത്രമല്ല, ഇക്കാര്യത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു പുരോഗമനത്തിനുള്ള മാർഗ്ഗങ്ങൾ വെട്ടിത്തെളിക്കുകയും ചെയ്തിട്ടുണ്ടു്. മനുഷ്യസഹജവും അവന്റെ വ്യക്തിത്വത്തിനു ബഹുമാനാവഹവുമായ ഈ ബന്ധം സുസ്ഥാപിതമാകാതെ എത്രയെത്ര ഉടമ്പടികളോ വ്യവസ്ഥകളോ സൃഷ്ടിച്ചാലും വ്യവസായാന്തരീക്ഷം തെളിഞ്ഞു സഹകരണോന്മുഖവും അഭിവൃദ്ധിപരവുമായ ഒരു സുസ്ഥിതി സംജാതമാകുകയില്ലാ എന്നു പ്രതിനിധികൾ ഏകകണ്ഠമായി പ്രസ്താവിക്കുകതന്നെ ചെയ്തു.

## തൊഴിലാളിക്കു ബഹുമാനബോധമുണ്ടാകണം

വ്യവസായസ്ഥിതി സുഭഗമാക്കുന്നതിനു തൊഴിലാളിയുടെ അനുദിനാവശ്യങ്ങൾ സാധിച്ചുകൊടുത്തതുകൊണ്ടോ, കുറെ ജീവിതസൗകര്യങ്ങൾ സജ്ജീകരിച്ചതുകൊണ്ടോ കൂലിയിലും വേലസമയത്തിലും ചില പരിഷ്കാരങ്ങൾ വരുത്തിയതുകൊണ്ടോ മാത്രം സാദ്ധ്യമാകുന്നതല്ലെന്നും അതിലുപരിയായി വ്യവസായം ഒരു സാമൂഹികപ്രവർത്തനരംഗമാണെന്നും അതിന്റെ പ്രവർത്തകന്മാർക്കെല്ലാം മനുഷ്യോചിതമായ ഒരു ബഹുമാന്യസ്ഥാനമുണ്ടെന്നും മുതലാളിയും തൊഴിലാളിയും ഇതിൽ സമഭാഗഭാക്കുകളാണെന്നും ഉള്ള ഒരു യാഥാർത്ഥ്യബോധമാണുണ്ടാകേണ്ടതെന്നുമാണ് മനുഷ്യസഹജമായ പരസ്പരബന്ധത്തിന്നാസ്പദമായ അടിസ്ഥാനം. വ്യവസായപ്രവർത്തനത്തിൽ മുതലാളിയാകുന്ന വ്യക്തിക്കാണ് പ്രാധാന്യവും സർവ്വസ്വാതന്ത്ര്യവുമെന്നും തൊഴിലാളികൾ വെറും കൂലിക്കുമാത്രം വേണ്ടി പണിയെടുക്കുന്നവരാണെന്നും അതിലുപരിയായ ഒരു നിലപാടോ കർത്തവ്യമോ അവർക്കില്ലെന്നുമാണ് അധഃപ്പതിച്ച ഇന്നത്തെ വ്യവസ്ഥിതിയിൽ സാധാരണന്മാർ ധരിച്ചുവച്ചിരിക്കുന്നതു്. അതുകൊണ്ടാണ് തൊഴിലാളിയുടെ കൂലിനിരക്കിൽപോലും അനർഹവും, മനുഷ്യോചിതമല്ലാത്തതുമായ സമ്മർദ്ദങ്ങൾ ചെലുത്തി ഉടമ്പടിയുടേയും മററും മൂടുപടത്തിൽ തൊഴിലാളിയെ ചൂഷണം ചെയ്യുന്നതിനു മുതലാളിയും, വ്യവസായത്തെ സ്തംഭിപ്പിച്ചു മുതലാളിയെ നശിപ്പിക്കുന്നതിനു തൊഴിലാളിയും ഉദ്യുക്തരാകുന്ന ദാരുണരംഗങ്ങൾ വ്യവസായലോകത്തു് നടമാടുന്നതു്. തൊഴിലാളിയെ വെറും യന്ത്രപ്പാവകളെന്നവണ്ണം പരിഗണിച്ചു സ്വാർത്ഥമതികളായ മുതലാളികളുടെ കീശ വീർപ്പിക്കുന്നതിനുമാത്രമാണ് അവരെ ഒരു കാലത്തുപയോഗിച്ചിരുന്നതു്. ഈ അനീതിയെ ശക്തിയുക്തം ചെറുക്കുന്നതിനു ആദ്യമായി സ്വരമുയർത്തിയതും അദ്യാപി അക്ഷീണയത്നം ചെയ്യുന്നതും തിരുസഭാദ്ധ്യക്ഷന്മാരായ പരിശുദ്ധ മാർപ്പാപ്പാമാരാണെന്ന് മാനവവംശം കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. തൊഴിലാളിയെ ഒരു മനുഷ്യവ്യക്തിയായി പരിഗണിക്കണമെന്നും അവനു ശാരീരികമായ വിശപ്പും ദാഹവും മററാവശ്യങ്ങളുമുള്ളതുപോലെ തന്നെ സമുദായത്തിൽ ബഹുമാന്യമായി ജീവിക്കുന്നതിനുള്ള ജന്മായത്തമായ അവകാശങ്ങളുണ്ടെന്നും സർവ്വോപരി അവന്റെ അനശ്വരമായ ആത്മാവിന്റെ കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങൾക്കും അലംഘനീയമായ അവകാശമുണ്ടെന്നും അതിനെ ആദരിക്കാത്ത വ്യവസ്ഥിതി മർദ്ദനപരവും ചൂഷണാത്മകവുമാണെന്നും ഉദ്ദേശം ഒരു നൂററാണ്ടുകാലത്തിനു മുമ്പുമുതലേ പരിശുദ്ധ പിതാക്കന്മാർ ലോകത്തെ ഉൽബോധിപ്പിക്കുന്നതിനു തുടങ്ങി. അതിന്റെ സാഫല്യത്തിലേക്ക് സമുദായം ഈവൈകിയ കാലത്തെങ്കിലുംനീങ്ങുന്നെങ്കിൽ പ്രത്യാശയ്ക്കു വഴിയുണ്ട്.

* * *

### തൊഴിലാളി പ്രതിനിധികളോട്

## മാർപ്പാപ്പാ

കഴിഞ്ഞ വർഷത്തിൽ നവമ്പർ 19-ാംനു പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ച സാർവ്വലൗകിക തൊഴിലാളിസംഘടനാ പ്രതിനിധികളോട് തിരുമേനി അരുളിച്ചെയ്ത വചസ്സുകൾ തൊഴിലാളിപ്രശ്നത്തെ സംബന്ധിച്ച അവിടത്തെ ആദർശം വിശദമാക്കുന്നതാണ്. തിരുമേനി പറഞ്ഞു:- "ഇക്കൊല്ലത്തിൽ വിവിധ പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സംഘടനകളുടെ പ്രതിനിധികളെ സന്ദർശിക്കുന്നതിനും അവയിൽ നമുക്കുള്ള താല്പര്യവും വ്യഗ്രതയും അവരെ അറിയിക്കുന്നതിനും ധാരാളം അവസരങ്ങൾ നമുക്കുണ്ടായിട്ടുണ്ടെങ്കിലും, സാർവ്വലൗകികതൊഴിലാളിസംഘടനയുടെ പ്രതിനിധികളായ നിങ്ങളെ സ്വീകരിക്കുന്നതിൽ നമുക്കു പ്രത്യേകമായ സന്തോഷമുണ്ട്. തൊഴിലാളികളുടെ വ്യഗ്രതകളേയും ക്ലേശങ്ങളേയും, സർവ്വോപരി കൂടുതൽ നല്ലതും നീതിബോധമുള്ളതുമായ ഒരു ലോകത്തിനുവേണ്ടിയുള്ള അവരുടെ പ്രതീക്ഷയേയും പ്രതിഫലിപ്പിക്കുന്ന വളരെ സംഖ്യാബലമുള്ള ഒരു സംഘടനയാണ് നിങ്ങളുടേതു്. കഴിഞ്ഞ മുപ്പതിൽപ്പരം വർഷത്തേക്കു നിങ്ങൾ ക്ഷമയോടും സ്ഥിരോത്സാഹത്തോടുംകൂടി പ്രവർത്തിച്ചു നേടിയിട്ടുള്ള കാര്യങ്ങളെക്കുറിച്ചു അഭിമാനംകൊള്ളുന്നതിനു നിങ്ങൾക്കവകാശമുണ്ട്. വിവിധരാജ്യങ്ങളിൽ സാമൂഹികമായ നിയമനിർമ്മാണങ്ങൾ സാധിക്കുന്നതിനു നിങ്ങൾ സഹായിച്ചിട്ടുണ്ടെന്നു മാത്രമല്ല, അതിലുമുപരിയായി ഗവർമ്മെന്റുകളേയും തൊഴിലുടമകളേയും തൊഴിലാളികളേയും സുധീരവും വിജയപ്രദവുമായ വിധത്തിൽ സഹകരിപ്പിക്കുന്നതിനു അവരെ തമ്മിൽ നിങ്ങൾ യോജിപ്പിച്ചിട്ടുണ്ട്. വികാരാവേശങ്ങളെ നിയന്ത്രിക്കുന്നതിനും, അവകാശവാദങ്ങളിൽ വിദ്വേഷമനസ്ഥിതി ഒഴിവാക്കുന്നതിനും, അവശ്യം വന്നുചേരുന്ന പരിവർത്തനങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്നൊഴിഞ്ഞുമാറുന്ന മർക്കടമുഷ്ടിത്വത്തെ ഇല്ലാതാക്കുന്നതിനും നിങ്ങൾ വഴിതെളിച്ചിട്ടുണ്ട്. തന്മൂലം ഓരോരുത്തരുടേയും വാദഗതികളെ സശ്രദ്ധം കേൾക്കുന്നതിനും, അത്യധികം കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളെ ശാന്തമായി പരിചിന്തിച്ചു വസ്തുതകളെ ഗ്രഹിക്കുന്നതിനും, അവശ്യാവശ്യമായ പരിഷ്കാരങ്ങളെ യോജിച്ചു നിർദ്ദേശിക്കുന്നതിനും അവർ പഠിച്ചിരിക്കുന്നു. ഇപ്രകാരം നിങ്ങൾ സാർവ്വലൗകികമായ ഒരു കോടതിയാണ് സൃഷ്ടിച്ചിട്ടുള്ളതു്. ആവശ്യമായ അറിവുകളും ഉപയോഗപ്രദമായ ആശയങ്ങളും സംഭരിച്ചുപരിശോധിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാനവിതരണകേന്ദ്രമായി അതിനെ കണക്കാക്കാവുന്നതാണ്......

"ഇതുവഴിയായി സാധിച്ചിട്ടുള്ള നേട്ടങ്ങളുടെ വ്യാപ്തി മനസ്സിലാക്കണമെങ്കിൽ ഇന്നത്തെ തൊഴിൽനിയമങ്ങളുടെ നിലയും ഒന്നാംലോകമഹായുദ്ധത്തിനുമുമ്പുള്ള അതിന്റെ സ്ഥിതിയും തമ്മിൽ ഒന്നു തുലനംചെയ്തു നോക്കിയാൽമതി. മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങൾക്കെതിരായി തൊഴിലാളികൾ നടത്തിയ പ്രക്ഷോഭണങ്ങളെ സംഘടിപ്പിക്കുന്നതിനു ഒരു സംയോജകഘടകത്തിന്റെ ആവശ്യം കഴിഞ്ഞ നൂററാണ്ടുമുതലേ അനുഭവപ്പെട്ടുപോന്നിട്ടുള്ളതാണ്. എന്നാൽ സാമൂഹികമായ സംരക്ഷണകളോ നിയന്ത്രണങ്ങളോ നടപ്പാക്കപ്പെടുകയാണെങ്കിൽ അവ സാമ്പത്തികമായ ഉത്തരവാദിത്വവും ഭാരവും ആ രാജ്യങ്ങൾക്കു വരുത്തിവയ്ക്കുമെന്നു അവർ ആശങ്കപ്പെട്ടിരുന്നു.

"നമ്മുടെമുൻഗാമിയായ 13-ാം ലെയോ മാർപ്പാപ്പാ തൊഴിൽപ്രശ്നങ്ങളിൽ സാർവ്വലൗകികമായ സഹകരണം എത്രമാത്രം സർവ്വപ്രധാനമായ ഒരു കാര്യമാണെന്നു വിശദമായി മനസ്സിലാക്കിയിരുന്നു. "റേരും നൊവാരും" എന്ന അവിടത്തെ തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തുന്നതിനു ഒരുകൊല്ലംമുമ്പ്, 1890-ൽ, തൊഴിലാളികളുടെ സ്ഥിതിയെപ്പററി പര്യാലോചിക്കുന്നതിനുവേണ്ടി ബർലിനിൽ സമ്മേളിക്കുന്നതിനു നിശ്ചയിച്ചിരുന്ന ഒരു സാർവ്വലൗകികകോൺഫറൻസിലേക്കു അവിടുന്നു ഇപ്രകാരമാണെഴുതിയതു്: ഇതു നമ്മുടെ ഏററം ഹാർദ്ദമായ അഭിലാഷങ്ങൾക്കു യോജിക്കുന്നതാണ്. തിരുമേനി തുടർന്നു:- "കുറഞ്ഞപക്ഷം വിവിധരാജ്യങ്ങളുടേയും സ്ഥലങ്ങളുടേയും വ്യത്യസ്തങ്ങളായ സാഹചര്യങ്ങൾക്കനുവദിക്കപ്പെടാവുന്നിടത്തോളമെങ്കിലും, വീക്ഷണത്തിലും നിയമത്തിലും ഐകരൂപ്യമുണ്ടായിരിക്കുന്നതു് ഈ പ്രശ്നത്തിന്റെ നീതിപൂർവ്വകമായ പ്രതിവിധിക്കു വലിയൊരു സഹായമായിരിക്കും." കുറെക്കഴിഞ്ഞു 1893-ൽ രാജ്യവ്യത്യാസമോ രാഷ്ട്രീയാഭിപ്രായവ്യത്യാസമോ പരിഗണിക്കാതെ തൊഴിലാളിപ്രതിനിധികളുടെ ഒരു പൊതുകോൺഗ്രസ്സ് വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശത്തെ തിരുമേനി അംഗീകരിക്കുകയുണ്ടായി."

അനന്തരം ഐ. എൽ. ഒ. സംഘടനയുടെ സ്വഭാവത്തേയും അതിന്റെ ലക്ഷ്യത്തേയും എടുത്തുകാണിച്ചുകൊണ്ട് തൊഴിലാളികളുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി അതെങ്ങിനെ പ്രവർത്തിക്കുന്നു എന്നവരെ ബോദ്ധ്യപ്പെടുത്തുകയാണു ചെയ്തതു്. പരി. മാർപ്പാപ്പാതിരുമേനിയുടെ പ്രഭാഷണം ഇങ്ങനെ ഉപസംഹരിച്ചു:-"തൊഴിലാളികളുടെ താല്പര്യങ്ങളും അവരുടെ കർത്തവ്യങ്ങളുടെ പൂർണ്ണമായ നിർവ്വഹണത്തിനുള്ള മാർഗ്ഗങ്ങളും മാത്രമല്ല അപകടത്തിലായിരിക്കുന്നതു്, പ്രത്യുത മാനവവർഗ്ഗത്തിന്റെതന്നെ മുഴുവൻ ഭാവിയാണ് അവതാളത്തിലായിരിക്കുന്നതു്. തൊഴിലാളിപ്രസ്ഥാനത്തിനു് ഭൗതികമായ ചില നേട്ടങ്ങൾകൊണ്ടോ, കൂടുതലായ ചില സംരക്ഷണകളും ഭദ്രതകളും അനുവദിക്കപ്പെട്ടതുകൊണ്ടോ സാമ്പത്തികപദ്ധതിയിൽ കൂടുതൽ സ്വാധീനം ലഭിച്ചതുകൊണ്ടോ മാത്രം തൃപ്തിപ്പെടുന്നതിനു സാദ്ധ്യമല്ല. അതിനു അതിന്റെ ഭാവിയെ മററുള്ള സാമൂഹികവർഗ്ഗങ്ങളോടുള്ള വിദ്വേഷത്തിൽ ഉദ്ദേശിക്കുവാനോ, വ്യക്തിയെ പൂർണ്ണമായി രാഷ്ട്രത്തിനു അടിയറവയ്ക്കുന്ന ഒരടിമത്തത്തിൽ കൈയൊഴിയുന്നതിനോ നിവൃത്തിയില്ല. തൊഴിലാളിപ്രസ്ഥാനം നിങ്ങളുടെ സംഘടന ലക്ഷ്യമാക്കിയിട്ടുള്ള ഉന്നതതലത്തിൽ അതിന്റെ ലക്ഷ്യത്തെ നിക്ഷേപിക്കണം; അതായതു്, "ക്വാദ്രജേസിമോ ആന്നോ" എന്ന ചാക്രികലേഖനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുപോലെ, പൊതുനന്മയ്ക്കുവേണ്ടിയുള്ള എല്ലാവിഭാഗങ്ങളുടേയും ആത്മാർത്ഥമായ സഹകരണത്തിന്റെ ഫലമായി ഭൗതികമായ അഭിവൃദ്ധി കൈവരുത്തുന്നതും, ഉന്നതതരമായ സാംസ്കാരികമൂല്യങ്ങൾക്കും സർവ്വോപരി ഹൃദയങ്ങളുടേയും മനസ്സിന്റേയും അവിച്ഛിന്നമായ ഐക്യത്തിനും അടിസ്ഥാനമായിത്തീരുന്നതുമായ ഒരു സാമൂഹികക്രമത്തിൽ—അഥവാ സർവ്വാശ്ലേഷകമായ ഒരു സർവ്വവ്യാപകത്വത്തിൽ അതു പ്രതിഷ്ഠിതമാകണം."

തൊഴിലാളിപ്രസ്ഥാനം ആലംബമാക്കേണ്ട അടിസ്ഥാനതത്വമാണ് ഇപ്രകാരം പരിശുദ്ധ മാർപ്പാപ്പാ വിശദമായി ലോകത്തിലെ ഏററം മികച്ച തൊഴിലാളിസംഘടനാ പ്രതിനിധികളോടു വിശദീകരിച്ചിട്ടുള്ളതു്.


## വിശുദ്ധപത്താം പീയൂസിന്റെ

അതിമനോഹരമായ
ത്രിവർണ്ണചിത്രം
സൈസ് 13½ ഇഞ്ച് x 9 ഇഞ്ച്
—നല്ല ആർട്ട്പേപ്പർ—
ഒന്നിനു് 4 അണ.
10-ൽ കൂടുതൽ ¼ കമ്മീഷൻ.
മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1


### അടുത്തയാഴ്ചയിൽ

മാർച്ച്

10 വ്യാ: വി. എമിലിയാൻ
11 വെ: കർത്താവിന്റെ തിരുവസ്ത്രം
12 ശ: വി. ഗ്രിഗോറിയോസ്
13 ഞാ: നോമ്പു 3-ാംഞായർ
14 തി: വി. മെററിൽഡാ
15 ചൊ: വി. പ്രോമ്പൂസ്
16 ബു: വി. അബ്രാഹം

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

Sr. M. E.

(4-ാംപേജ് തുടർച്ച)

പാവത്തിന്റെ മതപരമായ അജ്ഞതയുടെ ആഴം ഇവിടെ കാണാം. ഒരു സംഭാഷണമദ്ധ്യേ ഒരിക്കൽ ഒരുപദേശി തട്ടിമൂളിച്ചു. കോഴഞ്ചേരി തെരുവിൽവച്ച് അയാൾ മാർപ്പാപ്പാ തിരുമേനിയെ കണ്ടവനാണെന്നു്. മാർപ്പാപ്പാ ലോകസഞ്ചാരിയല്ലെന്നും സാധാരണയായി വത്തിക്കാനും മററും വിട്ടു പര്യടനം നടത്തുക പതിവില്ലെന്നും പറഞ്ഞതു് ഉപദേശിക്കു പിടിച്ചില്ല. ആലോചിക്കാൻ ക്ഷമയുമില്ല. ഒരു കാറിൽ അവിടെ വന്നിറങ്ങിയ യൂറോപ്യനെ മാർപ്പാപ്പാതന്നെയാണെന്നു് ബൈബിൾ വഹിച്ചിരുന്ന ഉപദേശി വിധിയെഴുതിക്കഴിഞ്ഞു! ബൈബിൾ കൈവശമുണ്ടെങ്കിൽ പിന്നെ പറയുന്നതെല്ലാം ശരിയായിരിക്കുമെന്നാണ് ചിലരുടെ ധാരണ.

വിവിധ ക്രൈസ്തവരുടെ ഇടയിലുള്ള മതപരമായ അജ്ഞത കമ്മ്യൂണിസത്തെക്കാൾ ഭയങ്കരമായ നാശങ്ങൾ വരുത്തിവയ്ക്കുന്നുവെന്നു പറയുന്നതിൽ അതിശയോക്തി ഇല്ലെന്നു തോന്നുന്നു. കേരളത്തിലെ ഒരു അകത്തോലിക്കാ മതാദ്ധ്യക്ഷന്റെ കല്പന ഈയിടെ വായിക്കുവാനിടയായി. ആ തിരുമേനി നിത്യസത്യത്തിന്റെ ശ്രീകോവിലിൽ—സ്വർഗ്ഗീയയെരുശലേമിൽ—തന്റെ വാത്സല്യപ്രജാസഞ്ചയത്തെ എത്തിക്കുന്നതിനു നിർമ്മിച്ചതാണ് ആ കല്പന. 1954 നവംബർ 28-ാം തീയതി ഓർത്തഡോക്സ്സുസഭയിലെ പള്ളികൾക്കു അദ്ദേഹം അതയച്ചു. അങ്ങനെ സംതൃപ്തിയടഞ്ഞു. അവയിലടങ്ങിയിരിക്കുന്ന കാര്യങ്ങളെപ്പററി അധികമൊന്നും വിമർശിക്കുവാനും വിവരിക്കുവാനും മുതിരുന്നില്ല.

തന്റെ ആത്മജർ നോമ്പിലും പ്രാർത്ഥനയിലും നിഷ്ഠയുള്ളവരായിരിക്കണം. ദൈവത്തെക്കാൾ കൂടുതൽ പണത്തെ സ്നേഹിക്കരുതു്. റീത്തുകാരോടു സമ്പർക്കം പുലർത്തരുതു്. അവർ പണംകൊടുത്തു ആളുകളെ സഭയിൽ ചേർക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ സഭയെ അവർ നശിപ്പിക്കുന്നു. അവരുടെ കുർബാന ശരിയായിട്ടുള്ളതല്ല. അതനുഭവിച്ചാൽ യാതൊരു ഗുണവുമില്ല. ഇങ്ങനെയൊക്കെ പോകുന്നു തൃക്കരവിളയാട്ടങ്ങൾ. "പ്രിയപ്പെട്ടവരെ, റോമാക്കാർ നമ്മുടെ കർത്താവിനെ കുരിശിച്ചവരാണ്. അതുകൊണ്ടു് നിങ്ങളാരും റോമാസഭയിൽ പോകരുതേ"യെന്നു് ഈ അതിവന്ദ്യ മതാദ്ധ്യക്ഷൻതന്നെ ഒരു പള്ളിയിൽ പ്രസംഗിച്ചതായി കേട്ടിട്ടുണ്ട്. മേല്പട്ടക്കാരന്റെ കല്പനയിൽ ഒന്നുരണ്ടു നല്ല കാര്യങ്ങളുണ്ട്. നോമ്പും നമസ്കാരവും നിറവേററണമെന്നും പണത്തെ സ്നേഹിക്കരുതെന്നും. കല്പനയിലെ മററു കാര്യങ്ങളെക്കുറിച്ചു പറഞ്ഞാൽ അജ്ഞതനിറഞ്ഞ കൈത്തലം ഉയർത്തിക്കാണിക്കുന്നതിനുമാത്രമേ ആവിഷ്ടമതത്തിന്റെ തുവെളിച്ചത്തിൽനിന്നകന്നു ജീവിക്കുന്ന മതാദ്ധ്യക്ഷന്മാർക്കു കഴിയുന്നുള്ളുവെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ ആന്തരികക്ഷേത്രത്തിൽ യാതൊരു സമ്പാദ്യവുമില്ലാതെ ആദ്ധ്യാത്മികപാപ്പരത്വം എഴുതിപ്പിടിപ്പിക്കുന്ന മതാദ്ധ്യക്ഷന്മാർക്കും ആചാര്യന്മാർക്കും സമുദായപ്രവർത്തകർക്കും ജനതയ്ക്കു ഗുണപ്രദങ്ങളായ പ്രബോധനങ്ങൾ നൽകാൻ സാദ്ധ്യമല്ലല്ലോ.

### അറിയിപ്പ്

ശ്രീ വി. സി. ജോസഫ്, വട്ടപ്പറമ്പിൽ-നെ സത്യദീപത്തിന്റെ കൈപ്പുഴ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം




## ഇടവകവാർത്തകൾ

**കിഴക്കമ്പലം:** സെൻറ ജോസഫ്സ് ഹൈസ്കൂളിൻെറ വാർഷികസമ്മേളനം ഫെ: 27-ാംനു ഞായറാഴ്ച നാലു് മണിക്കു് സ്കൂൾ അങ്കണത്തിൽ വച്ചു് എറണാകുളം ലോകോളജ് വൈസ് പ്രിൻസിപ്പാൾ ശ്രീ പി. എസ്സ്. അച്യുതൻപിള്ള എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ പി. ജെ. ചാക്കോ. ശ്രീ ആൻറണി ജോസഫ് എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ ഓട്ടൻതുള്ളൽ വിനോദപ്രകടനങ്ങൾ മുതലായവ നടന്നു. സമ്മാനദാനം, ദേശീയഗാനം എന്നിവയ്ക്കുശേഷം യോഗം മംഗളമായി പര്യവസാനിച്ചു.


**വെള്ളിക്കുളങ്ങര:** ഇവിടെ പുതിയതായി പണിതീർത്തിരിക്കുന്ന പ്രസന്റേഷൻ കോൺവെൻറു മിഡിൽ സ്കൂളിൻെറ ഉൽഘാടനകർമ്മം 1955 മാർച്ച് 2-ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞു് 4 മണിക്കു ടി സ്കൂൾ അങ്കണത്തിൽ കൂടിയ യോഗത്തിൽ വച്ചു തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. യോഗത്തിൽ റവ. സിസ്റ്റർ അൽബെത്ത ബി. എ. എൽ. ടി. സ്വാഗതം പറയുകയും ചാലക്കുടി ഡിവിഷൻ മിഡിൽ & പ്രൈമറിസ്കൂൾ ഇൻസ്പെക്ടർ പി. ഐ. ഇട്ടക്കോരൻ ബി. ഏ. ബി. ടി. ഒരു പ്രസംഗം പറയുകയും ചെയ്തു. വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ, സമ്മാനദാനം എന്നിവയ്ക്കു ശേഷം ദേശീയഗാനത്തോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

**അമ്പഴക്കാട്:** കേരളകർമ്മലീത്താസഭയുടെ ജനറാളായിരിക്കുമ്പോൾ ഇവിടെവച്ചു മരണമടഞ്ഞ പുണ്യശ്ലോകനായ പെ. ബ. ബത്ലേമ്മാച്ചൻെറ 13-ാമതു ചരമവാർഷികം മാർച്ച് 1-ാം തീയതി അദ്ദേഹത്തിൻെറ കബറിടത്തിൽ പ്രത്യേക അനുസ്മരണകളോടുകൂടി ആഘോഷിച്ചു.

രാവിലെ മരിച്ചവരുടെ റാസ പെ. ബ. അത്തനേഷ്യസച്ചൻ പാടി. തുടന്നു പ്രിയോർജനറാൾ പെ. ബ. മാവുരുസച്ചൻ പരേതൻെറ ജീവിതവിശുദ്ധിയെ വിശദീകരിച്ചു പ്രസംഗിച്ചു തുടന്നു മരിച്ചവരുടെ ഒപ്പീസിൻെറ ആരംഭത്തിൽ തൃശ്ശൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് സ്മാരകശിലസ്ഥാപനം കബറിടത്തിൽ സ്ഥാപിച്ചുകൊണ്ടു് ഒപ്പീസിൽ കാർമ്മികത്വം വഹിച്ചു. വൈദികരും അൽമായരുമായ ഒരു വലിയ ഗണം ഈ കർമ്മങ്ങളിൽ പങ്കുകൊണ്ടു് പരേതനോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചു.

**കൊററമെല്ലൂ:** സ്ഥലത്തു പണിയാരംഭിച്ചിട്ടുള്ള കത്തോലിക്കാ പള്ളിയുടെ ധനശേഖരാർത്ഥം മി. ജോസഫ് കൈമാപറ

## നവദമ്പതികൾ



മിസ്റ്റർ ആൻറു് മിസ്സിസ് പോൾ മാർവെട്ടം ബി. എ. ബി. എൽ. മലബാർ മെയിൽ ജോയിൻറു് എഡിററർ. മി. പോളിൻെറ വിവാഹവാർത്ത ഈ പംക്തിയിൽ മുൻപു ചേർത്തിരുന്നു

മ്പർ സ്കൂൾഹാളിൽവച്ചു് സൗജന്യമായി ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. മി. ഇ. ആൻറണി ബി. എ. ബി. ടി. കൃതജ്ഞതാപ്രസംഗം ചെയ്തു.

**വായ്പൂര്:** സ്ഥലം പഴയപള്ളി ഇടവകയിലെ ചെറുപുഷ്പമിഷൻലീഗിൻെറ ഒരു യോഗം ഡയറക്ടർ റവ. ഫാ. അബ്രാഹം മണ്ടിയാനിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി. ലീഗു സെക്രട്ടറി എം. ജെ. ചാക്കോ മേലേക്കുടപ്പാട്ടു് അവതരിപ്പിച്ച കണക്കുകൾ ബ. ഡയറക്ടരച്ചൻെറ സാന്നിദ്ധ്യത്തിൽ ഐകകണ്ഠ്യേന പാസാക്കി. ലീഗിൻെറ ആഭിമുഖ്യത്തിൽ പിടിയരിപ്രസ്ഥാനം നടപ്പിൽ വരുത്തണമെന്നും 8000 രൂപായുടെ ഒരു "വൈദികവിദ്യാർത്ഥി ഫണ്ടു്" ആരംഭിക്കണമെന്നും തീരുമാനിച്ചു.

**അരിമ്പൂർ:** എറവ് സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ഫെബ്രുവരി 24, 25, 26 എന്നീ തീയതികളിൽ ഒരു പൊതുധ്യാനവും അതേത്തുടന്നു സഖ്യത്തിൻെറ 2-ാം വാർഷികം 27-ാംനു ഞായറാഴ്ചയും നടത്തിയിരിക്കുന്നു. റവ. ഫാദർ ലാസർ ടി. ഒ. സി. ഡി, ബി. എ. എൽ. ടി. അദ്ധ്യക്ഷതവഹിച്ചു. തദവസരത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം എം. ഒ. എൽ, ജെ. സി. ചിറമ്മൽ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം റവ. ഫാദർ ശേർമാത്തിൻെറ "കണ്ണുനീരിൻെറ പുത്രി"യെന്ന നാടകം അഭിനയിക്കപ്പെട്ടു.

## ചരമവാർത്തകൾ

**കാഞ്ഞിരപ്പള്ളി:** സ്ഥലം ഫൊറോനാപള്ളി ഇടവക പള്ളിവാതുക്കൽ (കുന്നത്തു് നിക്കോളോസ് ചേച്ചമ്മ 83-ാമതു വയസ്സിൽ ഫെ: 8-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. എറണാകുളം മിസ്സത്തിൽ കർമ്മലീത്താമഠങ്ങളുടെ പ്രഥമ പൊതുശ്രേഷ്ഠത്തിയായ റവ. മദർ ആഗ്നസും, കൊല്ലം മിസ്സത്തിൽ ഒരു കർമ്മലീത്താ കന്യാസ്ത്രീയായിരുന്ന റവ. സിസ്റ്റർ മേരിറോസും പരേതയുടെ രണ്ടു സഹോദരികളാണു്. മററു സഹോദരന്മാരുടെ പുത്രന്മാരാണു് ദിവ്യശ്രീമാന്മാരായ മുരിക്കൻ ബ. അച്ചന്മാരും നീരാക്കൽ ബ. അച്ചന്മാരും. സ്വസന്താനലാഭത്തിൻെറ സൗഭാഗ്യം അനുഭവിക്കാൻ ഇടയാകാതെ 40 വർഷത്തോളം വിധവയായിക്കഴിഞ്ഞ പരേത സ്വന്തം സഹോദരീപുത്രനും വിധുരനുമായ നീരാക്കൽ ശ്രീ എൻ. ജെ. മാത്യുവിൻെറ പതിനൊന്നു സന്താനങ്ങൾ ഉൾപ്പെട്ട കുടുംബത്തിൻെറ ഭരണഭാരം ഏറെറടുത്തു 20 വർഷത്തോളം ആ ചുമതല സ്തുത്യർഹമാംവിധം അനുഷ്ഠിച്ചു ജീവിച്ചു. കാഞ്ഞിരപ്പള്ളി ഫൊറോനാപള്ളിയിൽ വി. ഫ്രാൻസീസ്സ് മൂന്നാംസഭ സ്ഥാപിച്ചകാലം മുതൽ അതിലെ ഒരു സജീവാംഗമായിരുന്നു നിബന്ധനകൾ കൃത്യമായി അനുഷ്ഠിച്ചു് ജീവകാരുണ്യപരമായ പല സേവനങ്ങളിലും ഏർപ്പെട്ടിരുന്ന പരേത കുലീനകളായ മററു സ്ത്രീജനങ്ങൾക്കു ഒരു മാതൃകയായിരുന്നു.

**അയർക്കുന്നം:** സ്ഥലത്തു് കുടകശ്ശേരി പരേതനായ റവ. ഫാദർ മാത്യു അവർകളുടെ മാതാവു് ശ്രീമതി ത്രേസ്യാ അന്ത്യകൂദാശകൾ കൈക്കൊണ്ടു് മാർച്ച 2-ാം തീയതി 86-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. മൃതശരീരം ഫാദർ തോമസ് കുടകശ്ശേരിയുടെ പ്രധാന കാർമ്മികത്വത്തിലും, പല വൈദികരുടേയും നാനാജാതിമതസ്ഥരായ ഒട്ടവളരെ ജനങ്ങളുടെയും സാന്നിദ്ധ്യത്തിലും നരിദവലിപ്പള്ളി സിമിത്തേറിയിൽ സംസ്കരിക്കപ്പെട്ടു.

R· I· P·

## വിവാഹവാർത്ത

**കൂടല്ലൂർ:** കുറിച്ചേൽ മി. മാത്യുവിൻെറ പുത്രൻ ജോസഫും പാലായിൽ തടത്തിൽ പരേതനായ മി. തോമസിൻെറ പുത്രി ഏലിക്കുട്ടിയും തമ്മിലുള്ള വിവാഹം പാലാകത്തീഡ്രൽപള്ളിയിൽവച്ചു മാർച്ച് 3-ാംനു നടന്നു. റവ. ഫാ. ജേക്കബ്ബു് മാളിയേക്കൽ വിവാഹകർമ്മം ആശീർവ്വദിച്ചു.

## ആന്ധ്രാ തെരഞ്ഞെടുപ്പ്

ആന്ധ്രാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഐക്യകക്ഷിക്കു് അറിഞ്ഞേടത്തോളം ഭൂരിപക്ഷം സീററുകളും ലഭിച്ചിരിക്കുന്നു. ആകെ 196 സീററുകളിൽ 7-ാംനുവരെ 180 സ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചു. ഇതിൽ കോൺ. ഐകകക്ഷിക്കു് 134 സീററുകൾ ലഭിച്ചു. 149 സീററുകളിൽ മത്സരിച്ച കമ്മ്യൂണിസ്റ്റുപാർട്ടിക്കു് 12 സീററുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| | |
|---|---|
| കോൺ: ഐക്യകക്ഷി | 134 |
| കമ്മ്യൂണിസ്റ്റ് | 12 |
| പി. എസ്. പി. | 13 |
| സ്വതന്ത്രർ | 21 |

## വത്തിക്കാൻ റേഡിയോ

### ഇരുമ്പുമറ ഭേദിക്കുന്നു

വത്തിക്കാൻ റേഡിയോയിൽ നിന്നു 28 ഭാഷകളിലാണു് പ്രക്ഷേപണങ്ങൾ നടക്കുന്നതു്. അതിൽ 15 ഭാഷകളും ഇരുമ്പുമറയ്ക്കകത്തുള്ള ജനങ്ങളെ ഉദ്ദേശിച്ചു നടത്തപ്പെടുന്നവയാണു്. ഇങ്ങനെയുള്ള 100 ലധികം പ്രക്ഷേപണങ്ങൾ പ്രതിവാരം നടന്നുകൊണ്ടിരിക്കുന്നു. ചെക്കു്, ഹംഗേറിയൻ, പോളിഷ്, റഷ്യൻ, സ്ലോവാക്കു് എന്നീ ഭാഷകളിൽ മുടങ്ങാതെ ദിവസംതോറും, അൽബേനിയൻ, ബൾഗേറിയൻ, ചൈനീസ്, ക്രോട്ടു്, ലാററ്വിയൻ, ലിത്വേനിയൻ, റുമേനിയൻ, സ്ലോവീൻ, യുക്രേനിയൻ, വൈററു് റുത്തേനിയൻ എന്നീ ഭാഷകളിൽ നിശ്ചിതദിവസങ്ങളിലും പ്രക്ഷേപണം നടക്കുന്നുണ്ടു്. 28 വേവ്ലംഗ്തിലാണു് വത്തിക്കാൻ റേഡിയോ ഇപ്പോൾ പ്രക്ഷേപണം ചെയ്യുന്നതു്.

## മാർപ്പാപ്പാ തിരുമേനിയുടെ ജന്മദിനാഘോഷം

പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ 79-ാമതു ജന്മദിനവും തിരുമനസ്സുകൊണ്ടു് പാപ്പാപദത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടതിൻെറ 16-ാമതു വാർഷികവും പ്രമാണിച്ചു് ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള 45 കോടി കത്തോലിക്കർ തിരുമേനിക്കു ഭാവുകങ്ങൾ ആശംസിക്കുകയുണ്ടായി. കൃശഗാത്രനായ തിരുമേനി സെൻറു് പീറേറഴ്സ് ബസ്ലിക്കായിൽ തിങ്ങിക്കൂടിയിരുന്ന പതിനായിരത്തിൽപരം ജനങ്ങളെ ആശീർവദിച്ചു. തിരുമനസ്സുകൊണ്ടു് മൂന്നു മിനിട്ടോളം ജനക്കൂട്ടത്തിനു ദർശനം നൽകി. "പോപ്പുരാജൻ നീണാൾ വാഴട്ടെ" എന്ന ജനക്കൂട്ടത്തിൻെറ അഭിവാദനാശംസകളെ തിരുമേനി സ്മേരവദനനായി സ്വാഗതം ചെയ്തു.

—o—



എൻെറ രണ്ടാമത്തെ പ്രസവഘട്ടത്തിലും തുടന്നും ഉണ്ടായിക്കൊണ്ടിരുന്ന സുഖക്കേടു ശസ്ത്രക്രിയ ചെയ്യാതെ സുഖപ്പെടുത്താൻ സാദ്ധ്യമല്ലെന്നു ലേഡി ഡാക്ടർ അഭിപ്രായപ്പെട്ടതു് ബ: സിസ്റ്റർ അൽഫോൻസായുടെ മനോഗുണത്താൽ പൂർണ്ണസുഖം പ്രാപിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമായാചനം.
മിസ്സിസ് വി. എൽ. ജോസഫ്, കല്ലറമ്പു്






# ചെറുകഥ

## അപ്പന്റെ ചാത്തം

(ശശി)

“ദേ പിന്നെ ഒരു കാര്യം, ഈ അരിപ്പൊതിയെന്നു പറഞ്ഞിട്ടങ്ങോട്ടു പോന്നാലെനിക്കെന്താ റേഷൻകടച്ചാടൊ വല്ലതുമൊണ്ടോ? മനുഷ്യനായാ കുറച്ചൊക്കെ നാണംവേണം. ഇല്ലായ്മയാണെന്നു പറഞ്ഞു് മനുഷ്യനെ ഇങ്ങനെ ഉപദ്രവിക്കരുതു്. ഇന്നത്തെക്കൂടേതായാലും കൊണ്ടുപൊയ്ക്കോ. ഇനി അതിനുമിതിനുമെന്നും പറഞ്ഞിങ്ങോട്ടു കടന്നേക്കണ്ട.” പൊടിയരിയുൾക്കൊള്ളുന്ന കൊച്ചുപൊതികെട്ടു സഹോദരന്റെ കൈയിൽ കൊടുത്തുകൊണ്ടു് മത്തായി പറഞ്ഞു.

സ്വസഹോദരന്റെ പരുഷമായ ഈ വാക്കുകൾ ലൂക്കാസാറു പ്രതീക്ഷിച്ചിരുന്നതല്ല. അയാൾ ആകെ തളർന്നുപോയി. പവിത്രമായൊരു ബന്ധം ഒരു നിമിഷംകൊണ്ടു് തകർന്നു തന്റെ മുന്നിൽ നിലംപതിക്കുന്നതുപോലെ ആ സ്നേഹസമ്പന്നനു തോന്നി. അയാൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഒരു നിമിഷനേരത്തേക്കു സ്തംഭിച്ചുനിന്നശേഷം ലൂക്കാസാറു് സഹോദരന്റെ മുഖത്തേക്കൊന്നു പാളിനോക്കി. അസഹനീയമായ അസംതൃപ്തിയും അപഹാസ്യതയും ആ മുഖത്തു വിതുമ്പിനിന്നിരുന്നു. താൻ സ്നേഹിച്ചുവളർത്തിയ കൊച്ചുസഹോദരന്റെ അപ്രതീക്ഷിതമായ ഭാവഭേദം ആ നിസ്സഹായന്റെ സഹനപരിധിക്കതീതമായിരുന്നു. എല്ലാം സഹിക്കാം, എന്നാൽ തന്റെ സാഹോദര്യത്തേയും ആത്മാഭിമാനത്തേയും നിസ്സഹായതയേയും അപഹസിക്കുക. അതയാൾക്കു സഹിക്കാൻ കഴിഞ്ഞില്ല. ഹൃദയത്തിൽ മൂർച്ചയേറിയ ആ വാക്കുകൾ കിടന്നു പെരുമ്പറയടിക്കയാണു്. മഴക്കാറുകൾ വർഷകാലാകാശത്തിലേക്കെന്നപോലെ നീറുന്ന ചിന്തകൾ ആ വ്രണിതഹൃദയത്തിലേക്കിരമ്പിക്കയറി. ഉയർന്നുവന്ന തേങ്ങലിനെ പണിപ്പെട്ടമർത്തിക്കൊണ്ടു് ലൂക്കാസാർ കൈയിലിരുന്ന പൊടിയരിപ്പൊതിയിലേക്കു നോക്കി. കൊച്ചനുജന്റെ കണ്ണുകളിൽ തന്നെ അവഹേളനാപാത്രമാക്കിയ ആ പിച്ചപ്പൊതി എന്തിനിനി വീട്ടിലേക്കു കൊണ്ടുപോകണം? ഇല്ലെങ്കിൽ അഭിമാനത്തോടെ പട്ടിണികിടക്കാം. വയ്യ, ഇതു സഹിക്കവയ്യ...... ലൂക്കാസാറു് ആ ചെറുപൊതി സമീപംകിടന്ന മേശയിൽ നിക്ഷേപിച്ചിട്ടു് സാവധാനം പുറത്തേക്കു നടന്നു.

“ഉം, എന്താ ഇതു വേണ്ടേ? കാര്യം പറഞ്ഞപ്പ തീരെപ്പിടിച്ചില്ല. അല്ലേ?” നടന്നകന്നുപോകുന്ന സഹോദരനോടായി മത്തായി പറഞ്ഞു.

“മത്തായിക്കുഞ്ഞേ, നിനക്കു ബുദ്ധിമുട്ടാകുമെന്നു ഞാനറിഞ്ഞിരുന്നില്ല. അല്ലെങ്കിൽ ഞാൻ....” ഗദ്ഗദംകൊണ്ടു് ലൂക്കാസാറിനാ വാക്കുകൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഒതുക്കുവാനുള്ള തന്റെ എല്ലാ ശ്രമങ്ങളേയും പരാജയപ്പെടുത്തിക്കൊണ്ടു് കണ്ണുനീർ ചിറപൊട്ടിയൊഴുകി. ആ ദൗർബ്ബല്യത്തിന്റെ പേരിൽ വീണ്ടും താൻ അധിക്ഷിപ്തനാകരുതെന്നുകരുതി വാതിൽപ്പടിയിൽ ചാരിവച്ചിരുന്ന പഴയ കുടയും കൈയിലെടുത്തു് ആ തപ്തഹൃദയൻ പുറത്തേക്കിറങ്ങി. പുറത്തു മഴ തകർത്തു പെയ്യുകയാണു്. നല്ല ചുളുചുളുപ്പൻ കാറ്റും. കോരിച്ചൊരിയുന്ന ആ പേമാരിയിലൂടെ ലൂക്കാസാറിന്റെ ശുഷ്കശരീരം ഇടറുന്ന കാൽവയ്പുകളോടെ ആടിയാടിപ്പോവുകയാണു്. അയാളുടെ അകത്തും പുറത്തും കൊടുങ്കാറ്റു് ഒരുപോലെ ചൂളംവിളിക്കയാണു്. പെയ്തുതീരുന്ന മഴക്കാറുകളോടൊപ്പം പുറത്തെ കൊടുങ്കാറ്റു കടന്നുപോകും. എന്നാൽ ഹൃദയത്തിൽ ചൂളംവിളിക്കുന്ന ആ കൊടുങ്കാറ്റു്—വരാനിരിക്കുന്നൊരു കാളരാത്രിയുടെ മുന്നോടിയാണതു്. ആ കാറ്റിന്റെയും കുളിരിന്റെയുമിടയിലൂടെ വർഷങ്ങൾക്കപ്പുറത്തുള്ള സാഹോദര്യത്തിന്റെ മായാത്ത മധുരംനിറഞ്ഞ ചിത്രങ്ങൾ അയാളുടെ മനോദർപ്പണത്തിൽ നിഴലിച്ചുകൊണ്ടിരുന്നു. അപമാനത്തിന്റെ ഹൃദയവേദനയുംപേറി കടന്നുപോകുന്ന ആ പരവശനെ സമാശ്വസിപ്പിക്കാനെന്നോണം തണുത്ത കാറ്റു വീശിക്കൊണ്ടിരുന്നു. നടന്നകന്നുപോകുന്ന സഹോദരനേയുംനോക്കി മത്തായി നിശ്ചലനായിനിന്നു. അതു കുറച്ചു കടന്നുപോയില്ലേ? അവ്യക്തമായൊരു വിഷമം അയാളുടെ ഹൃദയത്തിലും ഒരു കൊച്ചോളം സൃഷ്ടിച്ചു. പക്ഷെ ഒരു നിമിഷനേരത്തേക്കുമാത്രം.

“പോയോ?” അടുക്കളയിൽനിന്നും കടന്നുവന്ന അച്ചാമ്മ—മത്തായിയുടെ ഭാര്യ—യാണതുചോദിച്ചതു്.

“ഉം” മത്തായി മൂളി.

“ഹൊ, ഇന്നെങ്കിലും പറഞ്ഞല്ലോ. ചേട്ടൻപോലും. അതിയാനു നാണമില്ലല്ലോ. എല്ലാമങ്ങോട്ടു കെട്ടിവലിച്ചേച്ചാമതി. ഇവിടേമുണ്ടു് കുഞ്ഞുങ്ങളും തള്ളേമൊക്കെ. ഇതവരനുഭവിക്കാനൊള്ളതാ. ഹല്ല, ഇതു കൊണ്ടുപോയില്ലേ! പറഞ്ഞപ്പ വളിച്ചോങ്ങിപ്പോയാരിക്കും. ഏതായാലും ആ ശല്യമൊന്നൊഴിഞ്ഞല്ലോ. എടി മറിയ, ദേ, ഇതെടുത്താ കോഴിക്കിട്ടുകൊട്.” പൊടിയരിപ്പൊതി കൈയിലെടുത്തുകൊണ്ടവൾ പറഞ്ഞു. വേലക്കാരി കടന്നുവന്നു് അതു വാങ്ങിക്കൊണ്ടകത്തേക്കുപോയി. അച്ചാമ്മ ഭർത്താവിന്റെ മുഖത്തേക്കുനോക്കി. അയാൾ നിശ്ശബ്ദനായി നില്ക്കുകയാണു്.

“പാപ്പച്ചന്റെ അരിഞ്ഞാണമൊന്നു വെളക്കിക്കണം.”

“ഉം” അയാൾ വീണ്ടും ഒന്നു മൂളി.

എന്തോ ഒരു പന്തിയില്ലായ്മ അവൾ ഭർത്താവിൽ ദർശിച്ചു. ആ ദൗർബ്ബല്യത്തെ വളർത്തിക്കൂടാ. മുറിച്ചുവിടേണ്ടതു പറ്റിയ സമയത്തു ചെയ്യാൻ അവൾക്കറിയാം. അതാണവളുടെ ഏറ്റവും വലിയ കഴിവു്. ആ സഹോദരവിദ്വേഷത്തിനു സമയംപോലെ എണ്ണ പകർന്നുകൊള്ളാമെന്നവൾ ഉറച്ചു.

“വന്നാട്ടെ, സൂപ്പിരുന്നാറിത്തണുക്കുന്നു.” മനോഹരമായ ഒരു പുഞ്ചിരിയോടുകൂടി അവൾ ഭർത്താവിനെ വിളിച്ചു. ആ പുഞ്ചിരിപ്രഭയിൽ മത്തായിയുടെ ഹൃദയം അലിഞ്ഞുചേർന്നു. അല്പനിമിഷംമുമ്പു് അയാളുടെ ഹൃദയത്തിൽ തലയുയർത്തിയ ആ കൊച്ചോളം നിശ്ചലമായിപ്പോയി. അയാൾ അവളെ അനുഗമിച്ചു് അടുക്കളയിലേക്കു നീങ്ങി.

“കോഴി ബാ—ബാ—ബാ—ബാ—” വേലക്കാരി മറിയയുടെ ശബ്ദം അടുക്കളയുടെ പുറകുഭാഗത്തുനിന്നും മുഴങ്ങിക്കേൾക്കാമായിരുന്നു.

* * *

പച്ചവിരിച്ചുകിടക്കുന്ന നെൽപ്പാടങ്ങളുടേയും പടർന്നുപന്തലിച്ചുനില്ക്കുന്ന പറങ്കിമാന്തോപ്പുകളുടേയുമിടയിലൂടെ ഊളിയിട്ടാത്തുകൊണ്ടാണു് ആ കൊച്ചുസഹോദരന്മാർ—ലൂക്കായും മത്തായിയും—വളർന്നുവന്നതു്. അരുപ്പുകാരൻ അന്തോനിച്ചേട്ടന്റെ ജീവിതത്തിൽ എന്നും പുഷ്പിച്ചുനില്ക്കുന്ന വസന്തങ്ങളാണു് ആ കൊച്ചുമക്കൾ—ഒരേ ഞെട്ടിൽ വിരിഞ്ഞ രണ്ടു പൂക്കൾ. വളർന്നുവരുന്ന ആ കൊച്ചുവികൃതികളെ നോക്കിക്കൊണ്ടു് അദ്ധ്വാനശീലനായ അന്തോനിച്ചേട്ടൻ ഭാവിജീവിതത്തിലെ മനോഹരമായ സൗധങ്ങൾ കരുപ്പിടിപ്പിക്കും. ലൂക്കായുടെ ജീവനാണു് മത്തായിക്കുഞ്ഞു്. മത്തായിക്കാണെങ്കിൽ ഒരു നിമിഷംപോലും ചേട്ടനെപ്പിരിഞ്ഞു കഴിക്കാൻ വയ്യ. പാടത്തിന്റെ നേർത്ത വരമ്പിലൂടെ അനുദിനവും ആ കൊച്ചുസഹോദരന്മാർ പള്ളിക്കൂടത്തിൽ പോകും. മത്തായിയുടെ സ്ലേറ്റും പുസ്തകവും പേറുന്ന ജോലികൂടി ലൂക്കാ സ്വയം ഏറ്റെടുത്തിരിക്കയാണു്. ആ കൊച്ചുഭാരം വഹിച്ചു് തന്റെ കൊച്ചനുജന്റെ കുഞ്ഞിക്കൈ വേദനിച്ചെങ്കിലോ? അതാണാ സ്നേഹധനന്റെ ഭയം. രാത്രിയിൽ ഒരേപായിൽ മാറോടുമാറുചേർത്തു് കെട്ടിപ്പിടിച്ചുകിടന്നുറങ്ങുന്ന ആ കുഞ്ഞുങ്ങളെ നോക്കിക്കൊണ്ടന്തോനിച്ചേട്ടൻ ഭാര്യയോടു പറയും: “എടീ, ഇക്കണക്കിനീ തെമ്മാടികൾ വലുതാകുമ്പം എന്നാ ചെയ്യും? രണ്ടുംകൂടെ ഒരു കഴിച്ചാകാനിരിക്കുവാന്നാ തോന്നുന്നേ.” സ്വർഗ്ഗീയമായ ആ സാഹോദര്യബന്ധം നോക്കിനോക്കി നിന്നുകൊണ്ടു് ഒറോതച്ചേട്ടത്തി സംതൃപ്തിയോടെ പുഞ്ചിരിക്കൊള്ളും!



വി. മരിയാഗൊരേത്തിയുടെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം ലഭിച്ചതിനു് ഉപകാരസ്മരണ.

എന്നു് “സ്ലൂസു്”

നിറഞ്ഞ പ്രതീക്ഷകളെ തോല്പിച്ചുകൊണ്ടു് കാലം എന്തെന്തു പരിവർത്തനങ്ങളാണു വരുത്തുന്നതു്. ചന്ദ്രികയിൽ കുളിച്ചുകിടക്കുന്ന മനോഹരമായ രാത്രിയെ പ്രതീക്ഷിക്കുന്നവരുടെ മുമ്പിലേക്കു കരിങ്കാറുകൾ നിറഞ്ഞ കാളരാത്രികൾ പലപ്പോഴും കടന്നുചെല്ലാറുണ്ടു്. നമ്മുടെ പ്രതീക്ഷകൾക്കും നല്ല ആഗ്രഹങ്ങൾക്കും പലപ്പോഴും വഴിനീളെ മുള്ളുകൾ കാണും. അതൊരു ജീവിതയാഥാർത്ഥ്യമാണു്. ലോകസ്വഭാവമാണു്. തങ്ങളുടെ പുത്രന്മാരുടെ ജീവിതവിജയം കാണുവാൻ കാത്തുനില്ക്കാതെ അദ്ധ്വാനശീലനായ അന്തോനിച്ചേട്ടൻ നിത്യതയിലേക്കു കടന്നുപോയി. ലൂക്കാ അന്നു് ഒൻപതാംക്ലാസിൽ പഠിക്കയാണു്. അന്തോനിച്ചേട്ടന്റെ മൃതദേഹവും വഹിച്ചുകൊണ്ടു് നാട്ടിൻപുറത്തെ നിരത്തിലൂടെ കടന്നുപോകുന്ന വിനീതമായ ആ ശവസംസ്കാരയാത്രയുടെ പിന്നണിയിൽ കരഞ്ഞുതളർന്ന കൊച്ചനുജനെ അരികിൽ ചേർത്തുപിടിച്ചുകൊണ്ടു് ലൂക്കാ നടക്കുകയാണു്. പ്രപഞ്ചം മുഴുവൻ ശോകമൂകമായി നില്ക്കുന്നതുപോലെ അവനു തോന്നി. ഒരു കൊച്ചുകുടുംബത്തിന്റെ ഭാരം ആ നിസ്സഹായന്റെ ചുമലിലിറക്കിവച്ചിട്ടു് പിതാവു കടന്നുപോവുകയാണു്. ലൂക്കായുടെ കണ്ണിൽനിന്നും മുത്തുമണികൾ കൊച്ചനുജന്റെ കൈത്തണ്ടിലേക്കടർന്നുവീണു. മത്തായി മുഖമുയർത്തിനോക്കി. നീർത്തുള്ളികൾ ആ കണ്ണുകളിൽ വിതുമ്പിനില്ക്കുകയാണു്. “ചേട്ടാ” പൊട്ടിക്കരഞ്ഞുകൊണ്ടു് മത്തായി ചേട്ടനെ കെട്ടിപ്പിടിച്ചു. ആ കണ്ണുനീർത്തുള്ളികൾ അലിഞ്ഞുചേർന്നു. അവ ഒന്നിച്ചുചേർന്ന് ആ കൊച്ചുമാറിടങ്ങളിൽ കുളിർമ്മപരത്തിക്കൊണ്ടു് സംതൃപ്തനായ ആ പിതാവിന്റെ പാവനാത്മാവു് ഒരു കുളിർക്കാറ്റായി കടന്നുചെന്നു് അവരെ ആശ്ലേഷിച്ചു.

പുതിയ ചുറ്റുപാടുകൾ. നിറഞ്ഞ പ്രതിബന്ധങ്ങൾ. സാമ്പത്തികത്തകർച്ച കൊടുമ്പിരിക്കൊള്ളുന്ന ആ കാലത്തു് മൂന്നംഗങ്ങളുൾക്കൊള്ളുന്ന ആ കൊച്ചുകുടുംബത്തെ പുലർത്തുവാൻ വഴികാണാതെ ആ കൊച്ചുകുടുംബനായകൻ പകച്ചുപോയി. ഒരു പുതിയ ജീവിതമാർഗ്ഗം കണ്ടുപിടിക്കണം. അതൊരടിയന്തിരാവശ്യമാണു്. ആരോഗ്യമുണ്ടു്. എല്ലുമുറിയെ പണിയെടുക്കുവാൻ ആവേശം നൽകുന്ന ബലിഷ്ഠമായ കൈകളുണ്ടു്. പക്ഷേ കൂലിപ്പണിയൊന്നും ലൂക്കായ്ക്കു വശമില്ല. അവൻ നിരാശനായില്ല. ഇടവകയിലെ പ്രൈമറിസ്കൂളിൽ ഒരദ്ധ്യാപകസ്ഥാനത്തിനൊഴിവുവന്നു. ലൂക്കാ ബഃ വികാരിയെ സമീപിച്ചു. ഹൃദയാലുവായ അദ്ദേഹം അവന്റെ അപേക്ഷയ്ക്കു പരിഗണന നൽകി. അങ്ങനെ ലൂക്കാ ലൂക്കാസാറായി. വളരെ പരിമിതമായ ഒരു വരുമാനമേയുള്ളൂ. എങ്കിലും ആ കുടുംബത്തിന്റെ ക്ലേശം ഒന്നു ലഘൂകരിക്കാൻ മാർഗ്ഗം കണ്ടെത്തിയതിൽ ലൂക്കാ ആശ്വസിച്ചു. അയാളുടെ ജീവിതത്തിനൊരുദ്ദേശമുണ്ടു്—കൊച്ചനുജന്റെ ഉയർച്ച. അല്ലലറിയാതെ അവനെ വളർത്തണം. പഠിപ്പിക്കണം. മത്തായിയുടെ ഏറ്റവും ചെറിയ ആവശ്യങ്ങൾപോലും സാധിക്കപ്പെടാതെ വരരുതെന്നു് ലൂക്കാസാറിനു നിർബന്ധമുണ്ടു്. ആ ലക്ഷ്യത്തിലെത്തുവാൻ അത്യാവശ്യമായ സ്വന്തജീവിതാവശ്യങ്ങളെപ്പോലും മറന്നുകൊണ്ടു് ആ സ്നേഹസമ്പന്നൻ അവിശ്രമം പണിയെടുത്തു.

ലൂക്കാസാറിന്റെ പ്രതീക്ഷകളെ പൂവണിയിച്ചുകൊണ്ടു് കാലം മുന്നോട്ടുനീങ്ങി. മത്തായി മെട്രിക്കുലേഷൻ പാസായി. മുന്നോട്ടു പഠിക്കണമെന്നവനു് ഉദ്ദേശമി


## ദി കാത്തലിക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39, 75 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കഞ്ചെറിയാ റി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

ല്ല. ഒരു നല്ല ജോലി, അതാണവൻെറ ലക്ഷ്യം. ഒരു പാവപ്പെട്ട അദ്ധ്യാപകൻെറ ക്ലേശംനിറഞ്ഞ ജീവിതം അനുഭവിച്ചറിഞ്ഞിട്ടുള്ള ലൂക്കാസാറിനു് കൊച്ചുമജനേയും ആ ജീവിതത്തിലേക്കു തിരിച്ചുവിടുന്നതിൽ വൈമനസ്യമാണു്. ഇത്താപ്പുചേട്ടൻെറ തടിക്കടയിൽ ഒരു കണക്കെഴുത്തുപിള്ളയെ ആവശ്യമുണ്ടു്. വലിയ ബുദ്ധിമുട്ടില്ലാത്ത ഒരു നല്ല പണിയാണതു് ലൂക്കാസാറു് സഹോദരനുവേണ്ടി അപേക്ഷിച്ചാൽ അതു കിട്ടുകയുംചെയ്യും. പക്ഷെ ഒരു പ്രതിബന്ധമുണ്ടു്. ഉദ്യോഗം വേണമെങ്കിൽ 500 രൂപാ സെക്യൂരിററിവയ്ക്കണം. ഉദ്യോഗാത്ഥികൾ ആവശ്യത്തിലേറെയുള്ള അക്കാലത്തു ഉദ്യോഗദാനത്തോടൊപ്പം തൻെറ ശുഷ്കിച്ച മൂലധനത്തിനു മുതൽക്കൂട്ടുവാൻ ഇത്താപ്പുചേട്ടൻെറ വ്യാവസായികസാമത്ഥ്യം കണ്ടുപിടിച്ച ഒരു നൂതനമാഗ്ഗമാണതു്. നല്ലൊരവസരം. അതു കൈവിട്ടുപൊയ്ക്കൂടാ. പക്ഷെ അഞ്ഞൂറുരൂപയുണ്ടാകണം. അതിനെന്തുവഴി. ലൂക്കാസാറു തലപുകഞ്ഞാലോചിച്ചു. കിടപ്പാടം പണയപ്പെടുത്താമെന്നു കരുതി പണക്കാരുടെ പടിവാതലുകൾ പലതുമയാൾ കയറിയിറങ്ങി. ജന്മിത്വത്തിൻെറ പരിധി നിർണ്ണയിക്കുന്ന ബില്ലുകൾ അവരിൽ പലരേയും പരിഭ്രാന്തരാക്കിയിരിക്കയാണു്. കുടുതലുള്ളതു സുരക്ഷിതമായി കൈമാററം ചെയ്യാനുള്ള സമ്പന്നരുടെ നെട്ടോട്ടത്തിനിടയിൽ ആ പരവശൻെറ പ്രശ്നം അർഹിക്കുന്ന അവജ്ഞയോടെതന്നെ പുറംതള്ളപ്പെട്ടു. ഇനി എന്തുവഴി. തളന്ന ഹൃദയവും കുഴഞ്ഞ കാലുകളുമായി ലൂക്കാസാറു് വീട്ടിൽ വന്നുകയറി.

"എടാ കുഞ്ഞേ, ആ കപ്യാരച്ചനും ദാവീദുചേട്ടനുംകൂടി ഇന്നും വന്നേച്ചുപോയി. നീ എന്തെങ്കിലുമൊന്നു തീർത്തുപറയണമെന്നു പറഞ്ഞു. നടക്കുമെങ്കി നോയമ്പു പിടിക്കുന്നതിനു മുൻപു നടത്തിയാക്കൊള്ളാമെന്നാണതിയാൻെറാശ." അടുക്കളയിൽ തീ കത്തിച്ചുകൊണ്ടിരുന്ന ഒറോതച്ചേട്ടത്തിയാണാപ്പറഞ്ഞതു്. ലൂക്കാ മറുപടിയൊന്നും പറഞ്ഞില്ല. ഒരു മൂലയിൽക്കിടന്ന പഴയ കയറുകട്ടിലിലേക്കയാൾ കയറിക്കിടന്നു. കപ്യാരുടെ മകൾ മറിയക്കുട്ടിക്കുവേണ്ടിയുള്ള ആ വിവാഹാലോചന ആരംഭിച്ചിട്ടു കുറച്ചുനാളായി. ഒരു നല്ല ബന്ധുതയാണതു്. 750 രൂപായും അല്പം ചില ഉരുപ്പടികളും സ്ത്രീധനമായി കൊടുക്കാൻ ആ പിതാവു് ഒരുക്കമാണു്.

ലൂക്കാ മറിയക്കുട്ടിയെ കണ്ടിട്ടുണ്ടു്. സുഭഗയല്ലെങ്കിലും അടക്കവുമൊതുക്കവുമുള്ള അനുരൂപയായ ഒരു ജീവിതസഖിയായിരിക്കുമവളെന്നയാൾക്കുറപ്പുണ്ടു്. വിവാഹജീവിതത്തോടയാൾക്കു വിരക്തിയില്ല. പക്ഷേ ഒരു ജീവിതഭാരം കൂടി താങ്ങുവാനുള്ള കഴിവില്ലായ്മ. അതാണയാളുടെ നിസ്സഹായത. ഒരിക്കൽ മൂടുപിടിച്ചശേഷം ആറിത്തണുത്തതെന്നു കരുതിയിരുന്ന ആ ആലോചന വീണ്ടും മൂടുപിടിച്ചിരിക്കയാണു്. വിവാഹത്തിനു സമ്മതിച്ചാൽ 750 രൂപ രൊക്കം കിട്ടും. അതിൽ 500 രൂപ കൊച്ചുമജനു കെട്ടിവയ്ക്കാനായി. ബാക്കികൊണ്ടു് പുര ഒന്നു നന്നാക്കാം. ചില്ലറക്കടങ്ങളുള്ളതു വീട്ടാം. കല്യാണച്ചിലവു്....... ലൂക്കാസാറു് ദീർഘമായി ആലോചിച്ചു. നുറുനൂറു പ്രതിബന്ധങ്ങൾ മാഗ്ഗതടസ്സം ചെയ്യുമ്പോൾ ലക്ഷ്യപ്രാപ്തിയിലെത്താൻ ഏതു ഭാരിച്ച കുരിശും വഹിക്കാൻ മനുഷ്യൻ ചില ദുർബലനിമിഷങ്ങളിൽ സന്നദ്ധനാകാറുണ്ടു്. തോൽവിയുടെ കയ്പുനീരിറക്കാൻ എന്തുകൊണ്ടും വിലമതിക്കപ്പെടുന്നതാണു് താങ്ങാനാവാത്ത ആ കുരിശുകളുടെ വേദന. ലക്ഷ്യത്തെപ്പററിയുള്ള നിറഞ്ഞ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവുമാണു് പലപ്പോഴും ത്യാഗത്തിനു വഴിതെളിക്കാറുള്ളതു്. കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളെ പരിഹരിക്കാൻ ലൂക്കാസാറു മാഗ്ഗം കണ്ടെത്തി.

"അമ്മേ, പണം രൊക്കം കിട്ടണം. അതുടൻതന്നെ വേണംതാനും. അമ്മയ്ക്കഭിപ്രായവ്യത്യാസമില്ലെങ്കിൽ ആ കല്യാണ[illegible]ത്തിനു നാളെ വാക്കുകൊടുത്തേക്കു. അവ[illegible] ടുക്കളവാതുക്കലേക്കു കടന്നു!" എന്നു് ലൂക്കാ പറഞ്ഞു. ഒരു കൊച്ചുകാലുകാണുവാൻ കാത്തിരിക്കുന്ന ആ അമ്മയ്ക്കു് വിവാഹവിദ്വേഷിയെന്നു കരുതിയിരുന്ന മകൻെറ ആകസ്മികമായ മനംമാററത്തിൽ അത്ഭുതംതോന്നി.

(തുടരും)

കുടുംബപംക്തി

# വൈവാഹികജീവിതം

## (ഫാദർ ജോൺ മാത്യൂൻ)

### XI

(തുടർച്ച)

ഈ പരസ്പരഅവിശ്വാസത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്നതിനു് ഭാര്യാഭത്താക്കന്മാർ പ്രത്യേകം സൂക്ഷിക്കേണ്ടതാണു്. അതിനു പ്രായോഗികമായി ചെയ്യാനുള്ളതു് സംശയാസ്പദങ്ങളായ സകലവിധ സാഹചര്യങ്ങളിൽനിന്നും ഒഴിഞ്ഞു ജീവിക്കുകയാണു്. ഭാര്യ ഭത്താവിനോ, ഭത്താവു് ഭാര്യക്കോ സംശയം നൽകത്തക്ക സംസാരങ്ങളിൽനിന്നും നോട്ടങ്ങളിൽനിന്നുംവ്യാപാരങ്ങളിൽനിന്നും എഴുത്തെടപാടുകളിൽനിന്നും ഒഴിഞ്ഞു നില്ക്കണം. അനാശാസ്യങ്ങളായ സന്ദർശനങ്ങളിൽനിന്നും സംസർഗ്ഗങ്ങളിൽനിന്നും ഇരുകൂട്ടരും മാറിനില്ക്കുന്നതു നന്നു്. എല്ലാകാര്യങ്ങളും പരസ്പരം അറിഞ്ഞും ആലോചിച്ചും ചെയ്യുന്നതു് യഥാത്ഥസ്നേഹത്തിൻെറ ഒരു ലക്ഷ്യമാണല്ലോ. അതു വിശ്വസ്തത പാലിച്ചുപോകുന്നതിനും വലിയ സഹായമായിരിക്കും. വിശ്വസ്തതയുടെ അഭാവംമൂലം എത്രയെത്ര കുടുംബങ്ങളാണു് ഇന്നു വിഷമിക്കുന്നതു്. സ്ത്രീകളാണു് ഈ വിഷയത്തിൽ കൂടുതൽ സൂക്ഷിക്കേണ്ടതു്. പുരുഷനു സംശയം ജനിച്ചുപോയാൽ അതു മാറുന്നതിനു് വലിയ വിഷമമാണു്. മാത്രമല്ല പിന്നെ അയാൾ ചെറുകുട്ടിയക്കാവുന്ന പേക്കൂത്തുകൾ സഹിക്കുവാൻപോലും വിഷമമത്രെ. ആവശ്യത്തിനും അനാവശ്യത്തിനും സംശയിക്കുന്ന ചില പ്രകൃതിക്കാരുണ്ടു്. ഒരു നിസ്സാരകാരണം മതി ഇക്കൂട്ടർ സംശയിക്കുവാൻ. ഈ സ്വഭാവം വിവാഹജീവിതത്തെ താറുമാറാക്കുന്നതിനു് ധാരാളം പോരുന്നതാണു്. കുറച്ചൊക്കെ സ്വാതന്ത്ര്യം ഇരുകൂട്ടക്കും അനുവദിച്ചു കൊടുക്കണം. തൊട്ടതിനെല്ലാം സംശയിക്കുന്ന മനോഭാവം കൈവെടിയുകയും ചെയ്യണം.

ഇതിലെല്ലാം സവ്വപ്രാധാന്യമർഹിക്കുന്ന മററൊരു കാര്യമുണ്ടു്. അതിനുമാത്രമേ അവരുടെ വിവാഹജീവിതത്തിൻെറ ആരംഭത്തിലുണ്ടായിരുന്ന പരിശുദ്ധമായ സ്നേഹത്തെ നിലനിത്തിക്കൊണ്ടുപോകുവാൻ സാധിക്കയുള്ളു. അതുമാത്രമാണു് സകലവിധ പ്രലോഭനങ്ങളേയും ചെറുത്തു് അനുവദനീയമല്ലാത്ത ആനന്ദങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി ദാമ്പത്യവിശ്വസ്തത അഭംഗം പാലിച്ചു ജീവിക്കുന്നതിനു് അവരെ ഏററം സഹായിക്കുന്നതു്. ജീവിതവിശുദ്ധി, ശുദ്ധതയെന്നപുണ്യം, ഭാര്യയും ഭത്താവും ഒരുപോലെ ആജ്ജിക്കേണ്ട ഒരു പുണ്യമാണിതു്. ഈ പുണ്യത്തിൻെറ അഭാവമാണു് പലരേയും സംശയം ജനിപ്പിക്കുന്ന സാഹചര്യങ്ങളിലേക്കു് വലിച്ചിടുന്നതു്. നിയമത്തിൻെറ പരിധിയിൽനിന്നുകൊണ്ടു ദാമ്പത്യജീവിതത്തിൽ ജീവിതവിശുദ്ധി കെടുത്താതെ ജീവിക്കുന്നവരെ ഒരുപക്ഷെ ആധുനികലോകം പുച്ഛിച്ചേക്കാം. എന്നാൽ അവക്കുമാത്രമേ യഥാത്ഥമായ കുടുംബസമാധാനംനിലനിറുത്താൻ സാധിക്കയുള്ളു. ജീവിതവിശുദ്ധി പാലിക്കാതെ വിവാഹജീവിതത്തിൽ ആക്കും നല്ലവരായിരിക്കാനോ, സന്തുഷ്ടരായിരിക്കാനോ കഴിയുകയില്ല. അതുകൊണ്ടു് ഭാര്യാഭത്താക്കന്മാർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു്, എന്താണു് ദാമ്പത്യവിശുദ്ധിയെന്നു്. ജീവിതവിശുദ്ധി ബഹുമാനത്തിൽനിന്നു സംജാതമാകുന്ന ഒരു ഗുണവിശേഷമാണു്. ബഹുമാനമാകട്ടെ സ്നേഹത്തിൽനിന്നും ആദരപ്രയുക്തമായ ഭയത്തിൽനിന്നും സംജാതമാകുന്നു. നമ്മൾ ദൈവത്തെ ബഹുമാനിക്കുന്നുണ്ടു്. മാതാപിതാക്കന്മാരേയും ഗുരുജനങ്ങളെയും ബഹുമാനിക്കുന്നുണ്ടു്. പോര, നമ്മെത്തന്നെ, നമ്മുടെ ശരീരത്തേയും ആത്മാവിനേയും നമ്മൾ ബഹുമാനിക്കണം. മനുഷ്യശരീരം ദൈവത്തിൻെറ ഭവനമാണു്. കാരണം ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യാത്മാവിനധിവസിക്കുന്നതിനുള്ള ഒരു വീടാണു് നമ്മുടെ ശരീരം. തന്മൂലം നമ്മുടെ ശരീരത്തെ പാപംമൂലം നമ്മൾ അശുദ്ധപ്പെടുത്തുമ്പോൾ നമ്മൾ ദൈവത്തിൻെറ ഭവനത്തെ അഴുക്കാക്കുന്നതിനോടൊപ്പം അതിൽ വസിക്കുന്ന ദൈവഛായയിലുള്ള ആത്മാവിനേയും അശുദ്ധമാക്കുന്നു. അതുകൊണ്ടു് നമ്മോടുതന്നെയുള്ള ബഹുമാനമുണ്ടെങ്കിലേ നമുക്കു ജീവിതവിശുദ്ധി പാലിക്കുന്നതിനു സാധിക്കയുള്ളു. കാനൺ ഷീഹാൻ "ബഹുമാനത്തെ" വിശുദ്ധിയുടെ സംരക്ഷകയായും ആനന്ദത്തിൻെറയും മതത്തിൻെറയും രഹസ്യമായും കണക്കാക്കുന്നു. അദ്ദേഹം പറയുകയാണു്, "ബഹുമാനമില്ലെങ്കിൽ വിശ്വാസമില്ല. ശരണമില്ല, ഉപവിയുമില്ല. ബഹുമാനം പത്തു പ്രമാണങ്ങളുടെ അമ്മയാണു്. ദൈവത്തോടുള്ള ബഹുമാനവും സഹോദരങ്ങളോടും തങ്ങളോടുതന്നേയുമുള്ള ബഹുമാനവും അതിലാണടങ്ങിയിരിക്കുന്നതു്. എളിമ ഈ ബഹുമാനത്തിൽനിന്നാണു് മുളയെടുക്കുന്നതു്. ഭക്തിയെ കരുപ്പിടിപ്പിക്കുന്നതും വിശുദ്ധികളാണ്ടും തണലുമായി നിലകൊള്ളുന്നതും ബഹുമാനമാണു്. ദൈവത്തോടും ദൈവികസ്ഥാപനങ്ങളോടുമുള്ള ബഹുമാനം—അതാണു മതം. അയല്ക്കാരനോടും അയാളെ സംബന്ധിക്കുന്നവകളോടുമുള്ള ബഹുമാനം—അതാണു സത്യസന്ധത. നമ്മോടുതന്നെ, നമ്മുടെ നിമ്മലങ്ങളായ ശരീരത്തോടും ആത്മാവോടുമുള്ള ബഹുമാനം—അതാണു ശുദ്ധത—ജീവിതവിശുദ്ധി." അശുദ്ധതയിലേക്കും അവിശ്വസ്തതയിലേക്കുമുള്ള പ്രേരണകൾ ഓരോ മനുഷ്യൻെറയും സന്തതസഹചാരികളാണു്. എന്നാൽ അവയെ സധീരം ചെറുത്തുനില്ക്കുന്നതിനവനു സാധിക്കും, തൻെറ ശരീരം ദൈവത്തിൻെറ ഭവനമാണെന്നും ആത്മാവു് ദൈവഛായയിൽ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നും അവൻ ഓർത്തു വ്യാപരിക്കുമ്പോൾ. ദൈവത്തിൻെറ സഹായകപ്രസാദവരത്തെ തകക്കുന്നതിനു് ഒരു തിന്മയ്ക്കും ഒരു പ്രലോഭനത്തിനും സാധിക്കുകയില്ല.

ചില ദമ്പതികൾ വിചാരിക്കാറുണ്ടു് തങ്ങളുടെ സ്നേഹവും തങ്ങളുടെ കുടുംബജീവിതവും തങ്ങളെമാത്രം സംബന്ധിക്കുന്ന ഒന്നാണെന്നു്. അതു ശരിയല്ല. അവരുടെ കുടുംബജീവിതത്തിൽനിന്നും സ്നേഹത്തിൻെറ ഒരു നീർച്ചാൽ സമുദായമാകുന്ന റിസർവോയറിൽ നിപതിക്കുന്നുണ്ടു്. അങ്ങനെ അവരുടെ ജീവിതം സമുദായവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം സമുദായത്തെ നന്നാക്കുന്നതു് കുടുംബത്തിലെ യഥാത്ഥ സ്നേഹജീവിതമാണു്. ദുഷിച്ച സ്നേഹമാണവിടെ വിഹരിക്കുന്നതെങ്കിൽ അതിൽനിന്നും സമുദായത്തിൽ നിപതിക്കുന്ന ദുഷിച്ച നീരു് സമുദായത്തെ മുഴുവനും ദുഷിപ്പിക്കുന്നു. അങ്ങനെ കുടുംബത്തിൽ ദുഷിച്ചവർ സമുദായത്തിലും കൊള്ളരുതാത്തവരായിത്തീരുന്നു. ഇക്കാരണത്താൽതന്നെ ഭായ്യാഭത്താക്കന്മാർ നിമ്മലമായി സ്നേഹിച്ചു്, ജീവിതവിശുദ്ധി കാത്തു് കുടുംബജീവിതം വിജയപ്രദമാക്കുന്നതിനും തദ്വാരാ സമുദായത്തെ നന്നാക്കുന്നതിനുമുള്ള ഗൗരവമായ കടമ സംജാതമാകുന്നു.

—o—

# പ്രത്യേക അറിയിപ്പ്


സത്യദീപം ഏജൻസിവ്യവസ്ഥയനുസരിച്ചു് പത്രവില മുൻകൂർ അടയ്ക്കാത്തവക്കു പത്രം അയക്കുന്നതല്ലെന്നു അറിയാമല്ലോ. തപാൽനിയമമനുസരിച്ചു ബുധനും വ്യാഴവും ഒഴിച്ചുള്ള ദിവസങ്ങളിൽ തപാൽവഴി പത്രം അയക്കാൻ നിവൃത്തിയില്ലാത്തതിനാൽ സംഖ്യ താമസിച്ചയക്കുന്ന ഏജൻറുമാക്കു പത്രം അയക്കുന്നതിനു ഒരാഴ്ച താമസം നേരിടുന്നുണ്ടു്. ഈ അസൗകര്യം ഒഴിച്ചുവയ്ക്കുന്നതിനു ആഗ്രഹിക്കുന്ന ഏജൻറുമാർ തലേ തിങ്കളാഴ്ചയെങ്കിലും സംഖ്യ ആപ്പീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണെന്നു ഓർപ്പിക്കുന്നു.

ഏജൻറുമാരിൽനിന്നും പത്രം വാങ്ങുന്ന വരിക്കാരിൽ ചിലർ, തങ്ങൾ കൊടുക്കേണ്ട വരിസംഖ്യ ഏജൻറുമാക്കു യഥാസമയം കൊടുക്കാത്തതുകൊണ്ടു് ആപ്പീസിൽ മുൻകൂർ സംഖ്യ അടച്ചു പത്രം വരുത്തുന്നതിനു് ഏജൻറുമാക്കു സാധിക്കാതെ വരുന്നുവെന്നും ആയതുകൊണ്ടു് അങ്ങിനെയുള്ള വരിക്കാർ മേലാൽ കുടിശ്ശിക വരുത്താതെ സംഖ്യ യഥാസമയം ഏജൻറുമാരെ ഏല്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അവക്കു പത്രം തുടന്നു കൊടുക്കുന്നതിനു നിവൃത്തിയില്ലെന്നും ഉള്ള വിവരം അറിയിപ്പാൻ ആവശ്യപ്പെട്ടപ്രകാരം ഏജൻറുമാക്കുവേണ്ടി ടി വിവരംകൂടി ടി പത്രവരിക്കാരുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

മാനേജർ, സത്യദീപം

# കൃതജ്ഞത

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. ചക്കൻകുളത്തു് കുര്യൻ തോമസ്



കഷ്ടം! സ്റ്റെഫനി ടയർ ഉണ്ടായിരുന്നെങ്കിൽ!!

സ്റ്റെഫനി ടയർ കൂടാതെ യാത്ര ചെയ്യുന്നവരുണ്ട്. അപകടം കൂടാതെ ചിലർ നിർദ്ദിഷ്ട സ്ഥാനത്ത് എത്തുന്നുമുണ്ട് എന്നാൽ പലരുടെയും അനുഭവം മറിച്ചാണ് നിരാശാഭരിതരായ യാത്രക്കാരെ നോക്കുക!

എന്തിനും ഒരു മുൻകരുതൽ വേണം — ജീവിതയാത്രയിൽ അവിചാരിതമായി ഉണ്ടായേക്കാവുന്ന സാമ്പത്തിക തകർച്ചയെ നേരിടുവാൻ! ഇതാ ഞങ്ങൾ ഒരു പ്ലാൻ സംവിധാനം ചെയ്തിരിക്കുന്നു

ഫെഡറൽ മിച്ചനിക്ഷേപപദ്ധതി ഈ പദ്ധതിയനുസരിച്ച് പ്രതിമാസികമായോ ത്രൈമാസികമായോ അദ്ധവാഷികമായോ നിങ്ങൾ അടക്കുന്ന നിശ്ചിത തുക നിശ്ചിത കാലാവധിയിൽ ലാഭത്തോടുകൂടി ഒരു വലിയ തുകയായി നിങ്ങൾക്കു കിട്ടുന്നു. 5 ക. കൊണ്ട് പദ്ധതി ആരംഭിക്കാം

വിശദവിവരങ്ങൾക്ക്:-

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്


ഹെഡ് ആഫീസ് — ആലുവാ

ബ്രാഞ്ചുകൾ:— എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Fress
Ernakulam—1

ആഖ്യായിക

# ബറാബാസ്



## അന്ധൻ എലിയാസ്സർ

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി)

(തുടർച്ച)

ഒരു കുററിയിൽ കെട്ടിയിരുന്ന ആട്ടിൻകയറുകൾ അഴിച്ച്, നിദ്രാണനായിത്തീന്ന അതിഥിയെപ്പററി പ്രത്യേകമൊന്നും ചിന്തിക്കാതെ, വൃദ്ധൻ ആടുകളുടെ മുമ്പിലായി നടകൊണ്ടു. പാറക്കൂട്ടങ്ങളുടെ ഇടയിലൂടെ വളഞ്ഞുപുളഞ്ഞുകിടന്ന വഴിയിൽക്കൂടി വടക്കോട്ടു ചെന്നപ്പോൾ നാലുവശത്തും പാറക്കെട്ടുകളാൽ രക്ഷിതമായ ഒരു പ്രസ്രവണവും കുളവുമുണ്ടായിരുന്നു. കുളത്തിനുസമീപം കുറഞ്ഞൊരു സ്ഥലത്തു പച്ചപ്പുല്ലും കുററിപ്പടപ്പുകളും വളന്നു. ഏതാനും ചില വൃക്ഷങ്ങളുടെ വെട്ടുകുററികൾ അവിടെ ഉണ്ടായിരുന്നതു് ഫലശൂന്യമായ ഈ പാറക്കെട്ടുകളുടെയിടയിൽ ഇങ്ങനെ അനുഗൃഹീതമായ ഒരു സ്ഥലമുണ്ടെന്നു് മററുള്ളവർ ധരിക്കാതിരിക്കുവാൻ വൃക്ഷങ്ങൾ മുറിച്ചുമാററിയ കഥ അനുസ്മരിപ്പിച്ചു. ബറാബാസും അനുയായികളും സാധാരണയായി പാളയമടിച്ച് താമസിക്കാറുണ്ടായിരുന്ന സ്ഥലത്തുനിന്നു് ഒരു മണിക്കൂർ നടന്നാലേ പ്രസ്രവണത്തിൽ എത്തിയിരുന്നൊള്ളു. വെള്ളംതേടി വന്യമൃഗങ്ങൾ പ്രസ്രവണത്തിങ്കൽ പതിവായി വന്നേക്കാനിടയുള്ളതുകൊണ്ടാണു് മേൽപ്രകാരം ദൂരത്തിൽ താമസിക്കേണ്ടിവന്നതു്. സംഘത്തിൽപ്പെട്ടവർ തങ്ങൾക്കാവശ്യമായ വെള്ളം കൊണ്ടുപോകുകയായിരുന്നു പതിവു്. വൃദ്ധനും പകുതി കുരുടനുമായിരുന്ന എലിയാസ്സരാകട്ടെ പ്രതിദിനം ഇവിടെ വരികയും പോകയും ചെയ്തിരുന്നതു് അവിടെമാത്രം ആടുകൾക്കു മേയാൻ സൗകയ്യം ലഭിച്ചിരുന്നതുകൊണ്ടായിരുന്നു. പകൽസമയം അരുവിക്കടുത്തു കഴിച്ചിട്ടു് സൂയ്യാസ്തമനത്തോടുകൂടി അയാൾ ഗുഹയിലേക്കു മടങ്ങിപ്പോയ്ക്കൊണ്ടിരുന്നു. എലിയാസ്സരെ കാത്തു എസ്രാ ഗുഹാമുഖത്തിരുന്നു. വളരെനേരം ഉറങ്ങിയതുനിമിത്തം കുറെയൊക്കെ ഉന്മേഷം തിരിച്ചുകിട്ടിയ എസ്രാക്കു് വീണ്ടും വിശപ്പായി. എലിയാസ്സരുടെ അപ്പവും മാംസവും അനുവാദം കൂടാതെ തൊടുവാൻ മനസ്സില്ലാഞ്ഞതിനാൽ അയാൾ വൃദ്ധന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കേണ്ടിവന്നു.

"എലിയാസ്സർ, താൻ പോയിട്ടു് വളരെനേരമായല്ലൊ."

"അരുവിക്കുസമീപം പുല്ലു കുറവാണു്, പടപ്പുകൾ ഉണങ്ങിത്തുടങ്ങുകയും ചെയ്തു. ആകയാൽ ആടുകൾക്കു് വയറുനിറയണമെങ്കിൽ പകൽ മുഴുവനും മേയേണ്ടതാവശ്യമത്രെ. വയറുനിറയണം, അല്ലെങ്കിൽ പാൽ കിട്ടുകയുമില്ല."

രണ്ടാമതും എലിയാസ്സർ എസ്രാക്കു് അപ്പവും മാംസവും കൊടുത്തു. കുറെ പാലു് കുടിയും. അനന്തരം വൃദ്ധൻ ആടുകളെ കറന്നു, കുറെ ചൂടുപാലും കൊടുത്തു.

"എസ്രാ, വിശുദ്ധനഗരത്തിലെ തന്റെ അനുഭവങ്ങൾ കുറെയൊക്കെ എന്നെ പറഞ്ഞുകേൾപ്പിക്കുക. ദേവാലയം വീണ്ടും കാണാനിടയാകുമെന്നു ഞാൻ സദാ പ്രത്യാശിച്ചുകൊണ്ടിരുന്നു. അതു സംഭവിക്കുവാൻ പോകുന്നില്ലെന്നാണു് കരുതേണ്ടതു്. എന്റെ കാഴ്ച ദിവസേന കുറഞ്ഞുകുറഞ്ഞു വരികയാണു്. വേഗംതന്നെ ഞാൻ തീത്തും കുരുടനായേക്കും. ബറാബാസ് മടങ്ങിവരുന്നില്ലെങ്കിൽ........"

"ബറാബാസിനെന്തുപററി?"

"അയാൾ ആളുകളുമായി ജോർഡാനിലേക്കു പോയിയെന്നു ഞാൻ പറഞ്ഞല്ലൊ. മൂന്നു ദിവസമായി."

"എന്തിനാണയാൾ ജോർഡാനിലേക്കു പോയതു്? അവർ അയാളെ അവിടെവച്ചു പിടിച്ചാൽ തീർച്ചയായും റോമന്മാരേല്പിച്ചു കൊടുക്കും."

വൃദ്ധൻ തലകുലുക്കി, സമ്മതം ഭാവിച്ചു. "ഞാനും അതുതന്നെയാണു പറഞ്ഞതു്. എന്നാൽ അയാളുടെ നിർബന്ധബുദ്ധി താനറിയുന്നതല്ലേ. ഒന്നു നിശ്ചയിച്ചാൽ അതിൽനിന്നു മാറുവാൻ അയാൾ വഴിപ്പെടുകയില്ല. ജോർഡാൻ കരയിൽ ഒരു ജ്ഞാനി, ഒരു ഭക്തൻ, ജനങ്ങളുടെയിടയിൽ വളരെ സ്വാധീനശക്തിയുള്ള ഒരു ദേഹമുണ്ടുപോലും. അദ്ദേഹം രോഗികളെ സുഖപ്പെടുത്തുന്നു; മരിച്ചവക്കു വീണ്ടും ജീവൻ നൽകുന്നു."

"നസ്രായനായ യേശുവിന്റെ കായ്യമാണോ പറയുന്നതു്?"

"അതെ, അവർ അദ്ദേഹത്തെ അങ്ങനെയാണു വിളിക്കുന്നതു്. ഈ മനുഷ്യനിൽ എന്താണുള്ളതെന്നു ഗ്രഹിക്കുവാൻ ബറാബാസ് ആഗ്രഹിക്കുന്നു. അവർ ഇരുവരുംകൂടി യോജിച്ചു പുറപ്പെടുകയും അവരുടെ പിമ്പിൽ ജനങ്ങൾ അണിനിരക്കുകയും ചെയ്താൽ റോമന്മാക്കെതിരായി ഒരു വിപ്ലവം ഇളക്കിവിടുവാൻ പ്രയാസമില്ലെന്നാണു് ബറാബാസിന്റെ അഭിപ്രായം, ഈ യേശു ഇത്രയധികം അത്ഭുതപ്രവത്തകനായിരിക്കുന്ന സ്ഥിതിക്കു്. പക്ഷെ ഈ കഥകളെല്ലാം വാസ്തവമാണോയെന്നു് നിശ്ചയമില്ല. എനിക്കു നഷ്ടപ്പെട്ട കാഴ്ച വീണ്ടും അദ്ദേഹം തന്നിരുന്നുവെങ്കിൽ, കൊള്ളാമായിരുന്നുവെന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്. ജോർഡാൻ കരയിങ്കലേക്കൊ ഗലീലിയിലേക്കൊ പോകുവാൻ എന്നെക്കൊണ്ടെങ്ങനെ സാധിക്കാനാണു്?"

ഇരുട്ടിലേക്കു നോക്കിക്കൊണ്ടു് എസ്രാ നിശ്ശബ്ദനായിക്കഴിഞ്ഞു. അയാളുടെ ശരീരാവയവങ്ങളിൽ അതിയായ വേദനതോന്നി. കൈത്തണ്ടിൽ ഇരുമ്പുതുടൽ മുറുകിപ്പിടിച്ചിരുന്ന ഭാഗങ്ങളിലെ വ്രണങ്ങൾ, പാദങ്ങളിലേവയോടൊപ്പംതന്നെ വേദനാജനകമായിരുന്നു.

കൈത്തണ്ടിലെ വ്രണങ്ങളിൽ ചലം വർദ്ധിച്ച ദിവസങ്ങളിലാണു് ഇരുമ്പുചങ്ങല തട്ടിക്കളയുവാൻ എസ്രാക്കു സാധിച്ചതു്. പിറേറന്നു പ്രഭാതത്തിൽ എലിയാസ്സറിനോടുകൂടി ഉറവയിങ്കലെത്തി കൈകാലുകൾ കഴുകുവാൻ സാധിക്കുമെന്നു് അയാൾ ആശ്വസിച്ചു. ബറാബാസ് ഏതാനും ദിവസങ്ങൾക്കുള്ളിൽ മടങ്ങിവന്നേക്കുമെന്നും അയാൾ ചിന്തിച്ചു.

ഇതിന്നിടയിൽ ഗുഹയുടെ തറയിൽ മലന്നുകിടന്ന വൃദ്ധനോടു് എസ്രാ ചോദിച്ചു: "ഈ ദിവസങ്ങളിൽ നമ്മുടെ ആളുകൾക്കു് നല്ലകാലമായിരുന്നോ?"

"നല്ല കാലമോ! അതെ, അങ്ങനെതന്നെയെന്നു പറയാം. ഇടയന്മാരിൽനിന്നു് സംഭാവനകൾ സ്വീകരിക്കുവാൻ അവക്കു കഴിഞ്ഞിട്ടുണ്ടു്. വിശുദ്ധ നഗരത്തിൽനിന്നു് ഏതാനും ഭക്തന്മാർ പണം അയച്ചുകൊടുത്തിട്ടുമുണ്ടു്. തന്റെ അനുയായികൾക്കായി ഈ വക പണമുപയോഗിച്ച് നല്ലനല്ല ആയുധങ്ങൾ ശേഖരിക്കുവാൻ ബറാബാസ് കരുതുന്നു. ആളുകളെ ചേക്കുവാൻ യൂദാ വിശുദ്ധനഗരത്തിലേക്കു പോയിരിക്കുകയാണു്. യൂദായെ അറിയുമല്ലൊ, സൂത്രശാലിയും വായാടിയുമായ ഒരാൾ. ഈ കഴിഞ്ഞ ഏതാനും ആഴ്ചകളിൽ നമ്മുടെ ആളുകളുടെ സംഖ്യ ധാരാളം വർദ്ധിച്ചിട്ടുണ്ടു്. ഈ നസ്രായനെ സ്വാധീനപ്പെടുത്തുവാൻ സാധിച്ചാൽ പെട്ടെന്നുതന്നെ ആ ദിവസം ഉദയംചെയ്യുമെന്നു് ബറാബാസ് വിശ്വസിക്കുന്നു. കായ്യം മനസ്സിലായില്ലേ?"

"പ്രതികാരത്തിന്റെദിവസം." എസ്രാ ദന്തനിരകൾക്കിടയിൽക്കൂടി മന്ത്രിച്ചു. (തുടരും)

ആദ്ധ്യാത്മികവീഥി 44

# ധ്യാനം

## മനുഷ്യന്റെ അന്ത്യം

ദൈവത്തിന്റെ വത്സലമക്കളേ,

മരണത്തെക്കുറിച്ചുള്ള ധ്യാനത്തിന്റെ മാതൃക നിങ്ങൾ കണ്ടല്ലൊ. അതിൽനിന്നു ധ്യാനം നിങ്ങൾ മുൻപു കരുതിയിരുന്നതുപോലെ അത്ര വിഷമമുള്ളതല്ലെന്നു മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. ദിവസേന ഏതാനും മിനിററുകളെങ്കിലും നിത്യസത്യങ്ങളെക്കുറിച്ചു ധ്യാനിക്കുന്നതിനുപയോഗിക്കണം.

ഇന്നു മനുഷ്യന്റെ അന്ത്യം അഥവാ ജന്മോദ്ദേശ്യത്തെക്കുറിച്ചുള്ള ഒരു ധ്യാനത്തിന്റെ മാതൃക കാണിക്കാം.

### സഹായാപേക്ഷ

പ്രിയ ഈശോ, ഈ പ്രാത്ഥനാസമയം പരിപൂണ്ണമായി അങ്ങയോടുകൂടി ചെലവഴിക്കുന്നതിനു എന്നെ സഹായിക്കേണമെ.

ഞാൻ ഇപ്പോൾ ജീവനോടെയിരിക്കുന്നു......കുറെ കൊല്ലങ്ങൾക്കുമുൻപു ഞാൻ ജീവിക്കുന്നുണ്ടായിരുന്നില്ല......ഇനി കുറെ കൊല്ലം കഴിയുമ്പോൾ ഞാൻ ശവക്കല്ലറയിലായിരിക്കും.

ഞാൻ എന്തിനാണു ജീവിക്കുന്നതു്?...നിശ്ചയമായും പണമുണ്ടാക്കാനായിട്ടല്ല...കീത്തിമാനാകുന്നതിനുമല്ല... പണത്തിനോ കീത്തിക്കോ വേണ്ടി ആയിരുന്നെങ്കിൽ വളരെ കുറച്ചുപേർ മാത്രമേ ജന്മസാഫല്യം പ്രാപിക്കുന്നുള്ളു....ഭൗതികസുഖങ്ങൾക്കായുമല്ല; കാരണം ഞാൻ വെറും മൃഗത്തെക്കാൾ ഉയന്നവനാണു്...

പണമോ, കീത്തിയോ, ലൗകികസുഖങ്ങളോ എന്നെ തൃപ്തിപ്പെടുത്തുന്നില്ല... മറെറന്തിനോ വേണ്ടി എന്റെ ഹൃദയം ദാഹിക്കുന്നു...

എന്നാൽ പിന്നെയെന്തിനാണു് ഞാനിവിടെ ആയിരിക്കുന്നതു്?...ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു്, അവിടുത്തേക്കു ശുശ്രൂഷ ചെയ്തു് എന്റെ ആത്മാവിനെ രക്ഷിക്കാൻ... നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരാൻ ... അതിനായി ദൈവം എന്നിൽനിന്നാവശ്യപ്പെടുന്നവയെല്ലാം......അവ ചെയ്യേണ്ടസമയത്തും സ്ഥലത്തും ....ചെയ്യേണ്ട വിധത്തിലും...ദൈവം കല്പിക്കുന്നു എന്ന കാരണത്താലും... ഞാൻ ചെയ്യണം.

പക്ഷെ ഞാൻ അങ്ങനെ ചെയ്യുന്നുണ്ടോ?..വീട്ടിൽ?...സ്കൂളിൽ? അല്ലെങ്കിൽ ജോലിസ്ഥലത്തു്?... കളിസ്ഥലത്തു്?..വഴിയിൽവച്ചു്? ...എന്റെ സ്നേഹിതന്മാരോടുകൂടി ആയിരിക്കുമ്പോൾ?...

ഞാൻ എല്ലായ്പോഴും എന്റെ കത്തവ്യങ്ങളെല്ലാം അവ ചെയ്യേണ്ടസമയത്തും സ്ഥലത്തും വിധത്തിലും ചെയ്യുന്നുണ്ടെങ്കിൽ എന്റെ ആത്മരക്ഷയെപ്പററി സംശയിച്ചിട്ടാവശ്യമില്ല...

ഇന്ന പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ....അഥവാ പിന്നീടുള്ള കുമ്പസാരത്തിനുമുൻപു ഞാൻ മരിച്ചിരുന്നെങ്കിൽ...ഇപ്പോൾ ഞാൻ പെട്ടെന്നു മരിക്കയാണെങ്കിൽ...

എന്റെ ഈശോ, എന്റെ തനതുവിധിയും പൊതുവിധിയുമാകുന്ന അവസാന പരീക്ഷയിൽ ജയിക്കുന്നതിനു് ഞാനെന്താണു് ചെയ്യേണ്ടതെന്നു് അങ്ങു ദയവായി എനിക്കു കാണിച്ചുതന്നതിനു് അങ്ങേക്കു സ്തുതി. ചിലപ്പോഴെല്ലാം കുറെ വിഷമം തോന്നാറുണ്ടെങ്കിലും സാമാന്യം പറഞ്ഞാൽ നന്നായി ജീവിച്ച് അങ്ങയെ സന്തോഷിപ്പിക്കാൻ എളുപ്പമാണു്. അവസാന പരീക്ഷയിൽ തോററു് അങ്ങേക്കു ഇച്ഛാഭംഗമുണ്ടാക്കുവാൻ ഞാനുദ്ദേശിക്കുന്നില്ല. ഞാൻ തോല്ക്കുന്നെങ്കിൽ അതു അങ്ങേക്കു നിത്യസങ്കടത്തിനു കാരണമായിരിക്കും. അതിനാൽ ഞാൻ എല്ലായ്പോഴും എല്ലാ സ്ഥലത്തും എന്റെ എല്ലാ കത്തവ്യങ്ങളും അവ ചെയ്യേണ്ടവിധത്തിൽ ദൈവത്തെപ്രതി ചെയ്യുന്നതിനു് എന്നെ സഹായിക്കേണമെ. അങ്ങു് നിശ്ചയമായി എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.


കഴിഞ്ഞ രണ്ടു ധ്യാനങ്ങളും Meditation രീതിയുടെ മാതൃകകളാണു്. അടുത്തയാഴ്ച Contemplation രീതിയിലുള്ള ഒരുധ്യാനത്തിന്റെ മാതൃക കാണിക്കാം.

എന്നു പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.


## അവരുടെ സമ്പാദ്യങ്ങൾ കൃഷിഭൂമിയായി രൂപാന്തരപ്പെട്ടിരിക്കുന്നു

തോമ്മസിനും കുടുംബത്തിനും മഹത്തായ ഒരു ദിവസമാണു് ഇതു്. അവരുടെ ഒരു സ്വപ്നം ഇന്നു് യാഥാത്ഥ്യമായിതീന്നിരിക്കുന്നു. പാലാ സെൻട്രൽ ബാങ്ക് കാഷ് സട്ടിഫിക്കേററുകളിൽ അവർ മുടങ്ങാതെ നിക്ഷേപിച്ചു പോന്നിരുന്ന പണം കൊണ്ടു് വാങ്ങിയ ഒരു വസ്തുവിന്റെ തീറാധാരം അവരുടെ വക്കീൽ ഇന്നു് അവക്കയച്ചുകൊടുക്കുകയുണ്ടായി.

PC. 334



സമ്പാദിക്കാൻ എളുപ്പമുള്ളതും ഉത്തമവുമായ മാർഗ്ഗം

നിങ്ങൾക്കാവശ്യമുള്ള വീടു വാങ്ങുക, മകനെ സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിനു് വിദേശങ്ങളിലയക്കുക, മകൾക്കു് സ്ത്രീധനം കൊടുക്കുക, ഇങ്ങനെ നിങ്ങളുടെ ആഗ്രഹങ്ങൾ എന്തുതന്നെ ആയിരുന്നാലും പാലാ സെൻട്രൽ ബാങ്ക് പഞ്ചവത്സര കാഷ് സട്ടിഫിക്കേററുകൾ മൂലം അവ യാഥാത്ഥ്യങ്ങളായിതീരുന്നതാണു്.

ആകഷ്ണീയങ്ങളായ ഈ വിശേഷതകൾ ശ്രദ്ധിക്കുക:

★ സൌകയ്യപ്രദമായ ഇനങ്ങൾ

| സട്ടിഫിക്കേററുകളുടെ മുഖവില | | നല്ല പലിശ അടയ്ക്കേണ്ട സംഖ്യ |
|---|---|---|
| രൂ. 100 | ... ... നു് ... ... | രൂ. 84 - 2 ണ |
| രൂ. 500 | ... ... നു് ... ... | രൂ. 421 - 4 ണ |
| രൂ. 1000 | ... ... നു് ... ... | രൂ. 841 - 4 ണ |
| രൂ. 5000 | ... ... നു് ... ... | രൂ. 4206 - 14 ണ |

★ പ്രയാസം കൂടാതെ വാങ്ങാം

സട്ടിഫിക്കേററുകൾ ഓഹരികൾ, കടപ്പത്രങ്ങൾ മുതലായവപോലെ ബാങ്കിന്റെ ഏതൊരാഫീസിൽനിന്നും വാങ്ങാവുന്നതാണു്.

★ ഏതുസമയത്തും തിരിച്ചുവാങ്ങാം

കാലാവധി ആയില്ലെങ്കിലും, രണ്ടാഴ്ചത്തെ മുന്നറിയിപ്പിനു ശേഷം, നിശ്ചിത പലിശ സഹിതം സട്ടിഫിക്കേററിന്റെ മുതൽ തിരിച്ചുവാങ്ങാം.

"ദീഘകാല നിക്ഷേപങ്ങൾക്കുപററിയ കാഷ് സട്ടിഫിക്കേററുകൾ" എന്ന ലഘുഗ്രന്ഥത്തിന്റെ ഒരു പ്രതിക്കു് നിങ്ങളുടെ അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചാഫീസിൽ ഇന്നുതന്നെ ആവശ്യപ്പെടുക.

ESTD. 1927

### പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്കു്

Reg. No. M. 2293

# Sathya Deepam

Vol. 28 — Ernakulam, March 9, 1955 — No. 29

# ബാലരംഗം

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"

## ബാല മിത്രം



വിശുദ്ധ ജോൺ ബോസ്കോ

ബാലമിത്രം—ജോൺബോസ്കോ—ഒരു മാതൃകാബാലനായി വളന്നു. ഒരു യുവവൈദികനായി. ബാലന്മാരെ ഉദ്ധരിക്കുന്നതിനും ഒരു നല്ല യുവലോകത്തെ സംഘടിപ്പിക്കുന്നതിനും അദ്ദേഹത്തിൻെറ ജീവിതം സ്വയം അപ്പിച്ചു. നല്ല മാഗ്ഗത്തിൽ അവരെ നയിക്കുന്നതിനുള്ള നേതാക്കന്മാരില്ലാതെ കാട്ടകയറി അധാമ്മികമായി അധപ്പതിച്ച കുട്ടികളെ അദ്ദേഹം ശേഖരിച്ചു. അവരെ വിദ്യ അഭ്യസിപ്പിക്കുന്നതിനും അവക്കു തൊഴിൽപരിശീലനം നൽകുന്നതിനും അവരെ ഭക്താഭ്യാസങ്ങളിലേക്കാകർഷിക്കുന്നതിനും അവക്കു മതശിക്ഷണം പ്രദാനം ചെയ്യുന്നതിനും ഓററ്റേറികൾ എന്നറിയപ്പെട്ടുന്ന സ്ഥാപനങ്ങൾ അദ്ദേഹം സമാരംഭിച്ചു. പൈതൃകവും സ്നേഹമസൃണവുമായ അദ്ദേഹത്തിൻെറ സമീപനം ബാലഹൃദയങ്ങളെ ആകർഷിച്ചു. അവർ അദ്ദേഹത്തിൻെറ പിന്നിൽ അണിനിരന്നു. ഓററ്ററികൾ കുട്ടികളെക്കൊണ്ടു നിറഞ്ഞു.

ക്രിസ്ത്യാനികളുടെ സഹായമായമാതാവു് വിശുദ്ധൻെറ പ്രവത്തനങ്ങളെ അനുഗ്രഹിച്ചു. ഡോൺബോസ്കോയുടെ അമ്മ—മമ്മാ മാർഗരററു്—കുട്ടികളുടെ ഒരു വളത്തമ്മയായി.


വിശുദ്ധനെ അപായപ്പെടുത്തുന്നതിനു ഒരു രാത്രി ശത്രുക്കൾ അന്ത്യകൂദാശക്കെന്നുപറഞ്ഞു വിളിച്ചുകൊണ്ടുപോയി. കഠാരി അദ്ദേഹത്തിൻെറ നെഞ്ചിൽ കുത്തിയിറക്കുന്നതിനു ഓങ്ങിയപ്പോൾ ഭയങ്കരനായ ഒരു നായ ഘാതകൻെറ മേൽ ചാടിവീണു. വിശുദ്ധൻ രക്ഷപെട്ടു. അന്നുമുതൽ......




# പാപ്പാദിനം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

നാം നമ്മുടെ ഏററം സ്നേഹമുള്ള മാർപ്പാപ്പായെപ്പററി പ്രത്യേകം ഓക്കുന്ന ദിവസങ്ങളിലാണല്ലോ ഇപ്പോൾ കഴിയുന്നതു്. അവിടുത്തെ ജനനത്തീയതി മാച്ച് 2, അവിടുന്നു മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതു മാച്ച് 2, അവിടുന്നു മാർപ്പാപ്പായായി കിരീടം ധരിപ്പിക്കപ്പെട്ടതു് മാച്ച് 12, ഇക്കൊല്ലം പാപ്പാദിനം (തിരഞ്ഞെടുപ്പുതീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച) മാച്ച് 6. ഇങ്ങനെ പല പല സ്മരണാദിനങ്ങൾ!



കഴിഞ്ഞ മരിയൻ ജൂബിലിവർഷത്തിൽ ആഘോഷിക്കപ്പെട്ട ബാലദിനത്തിൽ ചൊല്ലുന്നതിനു പരിശുദ്ധ മാർപ്പാപ്പാ കുട്ടികൾക്കുവേണ്ടി രചിച്ച അതിവിശിഷ്ടമായ പ്രാത്ഥനയുടെ ചില വാചകങ്ങൾ ഈ അവസരത്തിൽ നിങ്ങളോമ്മിച്ചു പ്രാത്ഥിക്കുന്നതു നന്നായിരിക്കും.

"പ്രിയ ഈശോ, ഒരിക്കൽ നീയും ഞങ്ങളെപ്പോലെ ഒരു കുട്ടിയായിരുന്നുവല്ലോ. കുട്ടികൾ ചുററും കൂടുന്നതു നീ ഇഷ്ടപ്പെട്ടിരുന്നുവെന്നും ഞങ്ങൾ കേട്ടിട്ടുണ്ടു്. അതിനാൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലേയും കുട്ടികളായ ഞങ്ങൾ നിന്നോടുള്ള ഞങ്ങളുടെ നന്ദി പ്രകാശിപ്പിക്കുന്നതിനും സമാധാനത്തിനുവേണ്ടിയുള്ള ഞങ്ങളുടെ പ്രാത്ഥനകൾ സമർപ്പിക്കുന്നതിനുമായി ഇതാ വരുന്നു.

"എല്ലായിടത്തും എല്ലായ്പോഴും ഞങ്ങളോടൊന്നിച്ചിരിപ്പാൻ നീ ആഗ്രഹിക്കുന്നുവല്ലോ. അതിനാൽ ഞങ്ങളുടെ ഹൃദയങ്ങളെ നിൻെറ വാസസ്ഥലവും, ബലിപീഠവും, സിംഹാസനവും ആക്കേണമെ. നിൻെറ സംരക്ഷണയിലും സ്നേഹത്തിലും യോജിപ്പിക്കപ്പെട്ടു് ഞങ്ങളെല്ലാവരും ഒരു വലിയ കുടുംബമായിത്തീരുവാൻ ഇടവരുത്തേണമേ.............."

ഈശോയുടെ സ്നേഹത്തിൽ നമ്മെ എല്ലാവരേയും ഒന്നിപ്പിക്കുന്നതിനു അവിടുത്തെ പ്രതിനിധിയായ പരിശുദ്ധ മാർപ്പാപ്പാ നമുക്കു മാഗ്ഗവും നേതാവുമാകട്ടെ.

### 12-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ = മകരം(മാസം)

1-ം 3-ം അക്ഷരം = മരം

2-ം 3-ം " = കരം

### പ്രശ്നം നമ്പ്ര് 13

(വി. കെ. സെബാസ്ത്യൻ, ഓമല്ലൂർ)

എൻെറ കച്ചവടക്കടയിൽ 40 റാത്തൽതൂക്കമുള്ള ഒരുകട്ടിയുണ്ടായിരുന്നു. അതുയാദൃശ്ചികമായി താഴെ വീണു നാലുകഷണമായിമുറിഞ്ഞു. എന്നാൽ ഇപ്പോൾ ആ കഷണങ്ങൾ ഉപയോഗിച്ചു 1മുതൽ 40 വരെ റാത്തൽ ഏതു തൂക്കവും തൂക്കിയെടുക്കാം. പൊട്ടിയ ഓരോ കഷണത്തിനും എത്ര റാത്തൽ വീതം തൂക്കമുണ്ടു്?

### പ്രശ്നം നമ്പ്ര് 14

(തൊമ്മൻ ജോസഫ് പഴേകടവിൽ)

ഞാൻ നിങ്ങളുടെ ഒരുററമിത്രമാണു്. എൻെറ പേരിനു 4 അക്ഷരങ്ങൾ ഉണ്ടു്. ഒന്നാമത്തെ അക്ഷരം സന്തോഷത്തിലുണ്ടു്, ആഹ്ലാദത്തിലില്ല. രണ്ടാമത്തെ അക്ഷരം സാഹിത്യത്തിലുണ്ടു്, സംഗീതത്തിലില്ല. മൂന്നാമത്തെ അക്ഷരം ദീപികയിലുണ്ടു്; മനോരമയിലില്ല. നാലാമത്തെ അക്ഷരം ബാലപംക്തിയിലുണ്ടു്; ബാലരംഗത്തിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരങ്ങൾ അടുത്തതിൽ)

### വിനോദവീഥി

ഡോക്ടർ:- ഞങ്ങൾ രാപകലില്ലാതെ എന്തുമാത്രം ബുദ്ധിമുട്ടിയാലും ജനങ്ങൾക്കു തൃപ്തിവരികയില്ല. ഓരോ ദിവസവും ലോകത്തിൽ ഞങ്ങൾക്കു വിരോധികൾ വർദ്ധിച്ചുവരികയാണു്.

രോഗിണി:- ശരിയാണു ഡോക്ടർ. പക്ഷെ അങ്ങേ ലോകത്തിൽ നിങ്ങൾക്കെന്തുമാത്രം വലിയ ശത്രുക്കളുണ്ടെന്നു് ആരറിഞ്ഞു?

x x x



ങ്ങ! പത്രം വന്നല്ലോ. ഇത്തവണ പദപ്രശ്നത്തിനു് നമുക്കു് സമ്മാനം വല്ലതുമുണ്ടോ?

ഉണ്ടു്—കൂടുതൽ തെററുവരുത്തിയതിനു്. നിനക്കു് 16-ം എനിക്കു് 17-ം തെററു്.